നിഷ്പക്ഷത പാലിക്കുന്നവർ-ആരുമില്ല.

മി. ചെയർമാൻ :

അനുകൂലിക്കുന്നവർ : 42

പ്രതികൂലിക്കുന്നവർ : 25

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസായിരിക്കുന്നു.

(4) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. മത്തായി ചാക്കോ : സർ, എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇത് തീർത്തും അനവസരത്തിലുള്ളതും അനാവശ്യമായിട്ടുള്ളതുമായ ഒരു ബില്ലാണ് എന്നാണ് എനിക്ക് തോന്നുന്നത്. ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടക്കുന്നതിനുമുൻപ് എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. ബി. വിജയകുമാർ ഇവിടെ പറഞ്ഞ ചില കാര്യങ്ങൾക്ക് മറുപടി പറയാതിരുന്നാൽ രാത്രി ഉറക്കം വരില്ല എന്നതുകൊണ്ട് ഞാൻ പറയുകയാണ്. ഡോ. കെ. എൻ. പണിക്കർ വളരെ നല്ല ആളാണ്, മിടുക്കനാണ്, കൊള്ളാവുന്നവനാണ് എന്നൊക്കെ പറഞ്ഞു. ഡോ. കെ. എൻ. പണിക്കർക്ക് അയോഗ്യതയുണ്ടെന്ന് കണ്ടത് അദ്ദേഹം മാർക്സിസ്റ്റു പാർട്ടിയാണ് എന്നുള്ളതാണ്. ഞാൻ ശ്രീ. വിജയകുമാറിനോട് ചോദിക്കാൻ ആഗ്രഹിക്കുന്നത് നമ്മുടെ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് ഇൻഡ്യാ-പാക്കിസ്ഥാൻ തർക്കത്തിന് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള ചർച്ചയ്ക്കുവേണ്ടി വിളിച്ചു വരുത്തി പാക്കിസ്ഥാനിലേയ്ക്ക് അയച്ചത് ശ്രീ. കെ. എൻ. പണിക്കർക്ക് മോശമാണ് എന്ന് ആക്ഷേപിച്ച ആ മാർക്സിസം, അതിന്റെ പാർട്ടിയായിട്ടുള്ള കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ മാർക്സിസ്റ്റ് പാർട്ടി സെക്രട്ടറി സഖാവ് ഹർകിഷൻസിംഗ് സുർജിത്തിനെയാണ് ഇൻഡ്യാ പാക്കിസ്ഥാൻ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഇൻഡ്യാ ഗവൺമെന്റ് ക്ഷണിച്ചു വരുത്തിയത് എന്നുള്ള കാര്യം നിങ്ങൾ മറക്കണ്ട. ഇവിടെ ആറ് വർഷം ഭരിച്ച ബി.ജെ.പി. ഗവൺമെന്റും ഒന്നേകാൽ കൊല്ലമായി ഭരിക്കുന്ന യു.പി.എ. ഗവൺമെന്റും എത്ര പരിശ്രമിച്ചിട്ടും നടക്കാത്ത രൂപത്തിൽ സഖാവ് സുർജിത്തും സി.പി.ഐ. യുടെ സെക്രട്ടറി സഖാവ് ബർദാനും പോയി മുഷറഫുമായിട്ട് സംസാരിച്ചപ്പോൾ പാക്കിസ്ഥാനിലെ ജയിലുകളിൽ കഴിയുന്ന 200

LIBRARY ARCHIVES Kerala Legislative Assembly

തടവുകാരെ വിട്ടയക്കാൻവേണ്ടി കഴിഞ്ഞത് മാർക്സിസത്തിന്റേയും മാർക്സിസ്റ്റ് പാർട്ടിയുടേയും ഗുണം കൊണ്ടാണെന്ന് നിങ്ങൾ മനസ്സിലാക്കണം. ശ്രീ. വിജയകുമാറിന് ബോദ്ധ്യപ്പെട്ടില്ലെങ്കിലും കമ്മൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ മാർക്സിസത്തിന്റെ പ്രാധാന്യം ഇൻഡ്യ ഭരിക്കുന്ന യു.പി.എ. ഗവൺമെന്റിനും ഇൻഡ്യൻ പ്രധാനമന്ത്രിക്കും ഹർകിഷൻ സിംഗ് സുർജിത്തിന്റെ പ്രാധാന്യം മനസ്സിലായി. അദ്ദേഹം ഇപ്പോൾ പാക്കിസ്ഥാനിലാണ്. ഇവിടെയുള്ള വിജയകുമാറിനെ പോലുള്ള ചില കൂപമണ്ഡൂപങ്ങൾക്ക് ഇനിയും ബുദ്ധിതെളിയാത്തതിന് ഞാൻ എന്ത് ചെയ്യാനാണ്? (ബഹളം.....)

സർ, ഞാൻ ബില്ലിലേക്ക് വരികയാണ്. ഈ ബില്ലിൽ മൂന്നു കാര്യങ്ങളുണ്ട്. സാധാരണഗതിയിൽ സർവ്വകലാശാല സമൂഹവുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാന്യനായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അവതരിപ്പിച്ച ബിൽ സർവകലാശാലകളുടെ ജനാധിപത്യ സ്വഭാവത്തെ തകർക്കുന്ന ബില്ലാണ്. രണ്ട്, സർവ്വകലാശാലകളുടെ അക്കാഡമിക് സ്വാതന്ത്ര്യത്തെ സമ്പൂർണ്ണമായി ഹനിക്കുന്ന ബില്ലാണിത്. മൂന്ന്, സർവകലാശാലകളുടെ സ്വയംഭരണാവകാശത്തെ തകർക്കുന്ന ബില്ലാണിത്. അങ്ങ് ജവഹർലാൽ നെഹ്റുവിനേയും അതുപോലെതന്നെ മഹാത്മാഗാന്ധിയേയും കാട്ട് ചെയ്യുന്നു. ജവഹർലാൽ നെഹ്റുവിന്റെ സുപ്രസിദ്ധമായിട്ടുള്ള "On Universities" എന്ന ലക്ചർ സീരീസിൽ അദ്ദേഹം പറഞ്ഞു, "സ്വതന്ത്ര വിജ്ഞാനത്തിന്റേയും ധീരമായ ആശയ നിർമ്മാണത്തിന്റേയും ലോകമാണ് സർവ്വകലാശാലകൾ". ആ സ്വതന്ത്ര ആശയങ്ങൾക്ക് വിഹരിക്കാനും വിജ്ഞാനശാഖകളെ സമ്പുഷ്ടമാക്കാനും പുതിയ ആശയ നിർമ്മാണത്തിനുമുള്ള വേദികളെന്നുള്ള നിലയ്ക്കാണോ അങ്ങ് സർവ്വകലാശാലകളെ നോക്കിക്കാണുന്നത്. അങ്ങനെയല്ല, സർവ്വകലാശാലകളെ കേവലം ഈ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് പോലെ തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് ആളെ വയ്ക്കാനും നീക്കാനുമെല്ലാം കഴിയുന്ന ഒരു ഗവൺമെന്റ് ഡിപ്പാർട്ടുമെന്റായി അധപതിപ്പിച്ച ഒരു ഗവൺമെന്റ്, മഹാനായിട്ടുള്ള ജവഹർലാൽ നെഹ്റുവിനെ കാട്ട് ചെയ്യുന്നത് അപലപനീയമാണെന്നു മാത്രമേ എനിക്കു പറയാനുള്ളൂ. ലീഗിന് മനസ്സിലാകുകയില്ല. പക്ഷേ കോൺഗ്രസുകാർക്ക് എന്തുപറ്റിയെന്നാണ് ഞാൻ ആലോചിക്കുന്നത്. ലീഗുകാർക്ക് നിഷ്പക്ഷമായിട്ടുള്ള താൽപ്പര്യങ്ങളെയുള്ളൂ എന്ന് വിചാരിക്കാം. പക്ഷേ ഒരു ദേശീയ കാഴ്ചപ്പാടിൽ ഉയർത്തിപ്പിടിക്കുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ പ്രതിനിധികൾക്ക്, കെ.എസ്.യു.വിലൂടെയും യൂത്ത് കോൺഗ്രസിലൂടെയും വന്നിട്ടുള്ള നേതൃത്വമുള്ള കോൺഗ്രസ് പാർട്ടിയ്ക്ക് ബഹുമാന്യനായ അങ്ങുൾപ്പെടെയുള്ളവർക്ക് എന്തുപറ്റിപ്പോയി എന്നുള്ളതാണ്.

മി. ചെയർമാൻ: എനിക്ക് ഒന്നും പറ്റിയിട്ടില്ല.

ശ്രീ. മത്തായി ചാക്കോ: നിങ്ങളുടെ ചിന്തയെ ലീഗിന് ഇങ്ങനെ പണയപ്പെടുത്തേണ്ട കാര്യമെന്താണ്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിനു വേണ്ടി നിങ്ങളുടെ ചിന്തയെ ഇങ്ങനെ പണയപ്പെടുത്തേണ്ട കാര്യമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: എനിക്കും ലീഗിനും മന്ത്രിയോട് ഒരു പരാതിയുള്ളത് പല അമെന്റ്മെന്റുകളും ഇങ്ങനെ കൊണ്ടുവന്നിട്ടുണ്ട്. കാലിക്കട്ട് സർവ്വകലാശാലയിൽ മത്തായി ചാക്കോയുടെ മേധാവിത്വം ഇതുവരെ അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് പറയുന്നത്. അദ്ദേഹമാണ് കർട്ടനു പുറകിൽ നിന്ന് യൂണിവേഴ്സിറ്റിയെ ഭരിക്കുന്നതെന്നാണ് ആക്ഷേപം അത് ശരിയാണോ?

ശ്രീ. മത്തായി ചാക്കോ: ആ യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റിനെ പിരിച്ചുവിട്ടിട്ട് മാസങ്ങളായി. നിങ്ങൾ വച്ച വി.സി.യാണ്, നിങ്ങൾ വച്ച സിൻഡിക്കേറ്റാണ്. ഇനി ഞാനാണ് ഭരിക്കുന്നതെന്നു പറഞ്ഞാൽ എന്താണ് ചെയ്യുക. സതീശന് എന്തെങ്കിലും ശുപാർശയുണ്ടെങ്കിൽ പറയൂ, ഞാൻ പരിഹരിക്കാം. സർ, ഇവിടെ ഒരു പ്രധാനപ്പെട്ട ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത് രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിന്റെ മണ്ഡലത്തിൽ നിന്നും 20 ആളുകളെ ഒഴിവാക്കിക്കൊണ്ടുള്ള ഭേദഗതിയാണ്. കാലിക്കട്ടിലും അതുപോലെ കേരളത്തിലും 20 പേരാണുള്ളത്. രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിന്റെ മണ്ഡലം വേണ്ടെന്നാണ് ബഹുമാന്യനായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ നിർദ്ദേശിച്ചിട്ടുള്ളത്. ഞാൻ ചോദിക്കട്ടെ ഇപ്പോഴുള്ള സർവ്വകലാശാലാ നിയമം കൊണ്ടുവന്നിട്ടുള്ളത് അങ്ങയുടെ മുൻഗാമിയായിട്ടുള്ള സി. എച്ച്. മുഹമ്മദ് കോയയാണ്. അതിലെ ഓരോ വകുപ്പുകളും സംബന്ധിച്ച ചില ഭാഗങ്ങൾ എനിക്ക് സമയം കിട്ടിയെങ്കിൽ വായിക്കണമായിരുന്നു. ഈ കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും സെനറ്റിലും സിൻഡിക്കേറ്റിലുമുള്ള പ്രതിനിധികളെ സംബന്ധിച്ച് സമൂഹത്തിന്റെ ഒരു പരിച്ഛേദമായിരിക്കുമെന്നുള്ളതുകൊണ്ട് സർവ്വകലാശാലാ സെനറ്റിൽ രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിന്റെ പ്രാതിനിധ്യമുണ്ട്, അദ്ധ്യാപകർക്ക് പ്രാതിനിധ്യമുണ്ട്, അതിൽത്തന്നെ ഗവൺമെന്റ് അദ്ധ്യാപകർക്കുണ്ട്, പ്രൈവറ്റ് കോളേജദ്ധ്യാപകർക്കുണ്ട്, പ്രിൻസിപ്പിൽമാരായിട്ടുള്ള ആളുകൾക്കുണ്ട്, വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യമുണ്ട്, ഇൻഡ്യയിൽ ആദ്യമായി രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളുടെ പ്രതിനിധികളായ രണ്ട് ആളുകളെ സെനറ്റിലേയ്ക്കുകൊണ്ടുവന്നത് ഈ ആക്ടിന്റെ ഭാഗമായിട്ടാണ്. പഞ്ചായത്ത് ലോക്കൽ ബോഡീസിന് പ്രാതിനിധ്യമുണ്ട്. വിദ്യാർത്ഥി പ്രാതിനിധ്യം പത്ത് ആളുകൾക്കുണ്ട്. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അവിടെ നോമിനേഷൻ വഴി പ്രാതിനിധ്യമുണ്ട്. ഇങ്ങനെ ഒരു സമൂഹത്തിന്റെ സമ്പൂർണ്ണമായിട്ടുള്ള പരിച്ഛേദമായി സർവ്വകലാശാലകളുടെ ഭരണ സമിതിയായിട്ടുള്ള സെനറ്റും അതുപോലെ സിൻഡിക്കേറ്റും എന്നുള്ള കാഴ്ചപ്പാട് ഉയർത്തി പിടിച്ചുകൊണ്ടാണ് ഇതു കൊണ്ടുവന്നിരിക്കുന്നത്. ഇത് മാറ്റാനുള്ള എന്തു പ്രകോപനമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. സർവ്വകലാശാലാ സിൻഡിക്കേറ്റും സെനറ്റും മാത്രമല്ല അവിടെ വേറെ ബോഡിയുണ്ട്, സർവ്വകലാശാല സമൂഹമെന്നു പറയുന്നിടത്ത് സിൻഡിക്കേറ്റ് ഉണ്ട്, സെനറ്റുണ്ട്, അക്കാഡമിക് കൗൺസിലുണ്ട്, അതുപോലെ വിവിധ ഫാക്കൽറ്റികൾ ഉണ്ട്. ബോർഡ് ഓഫ് ഡയറക്ടേഴ്സ് ഉണ്ട്. അതുപോലെ ഡിപ്പാർട്ടുമെന്റ് അഡ്വൈസറി കൗൺസിലുണ്ട്, ഇതെല്ലാം കൂടുന്നതാണല്ലോ സർവ്വകലാശാല. ആ രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിനെ മാറ്റണമെന്നു പറയുന്നതിന്റെ പ്രകോപനമെന്താണ്. നിങ്ങൾ വിചാരിക്കുന്നതുപോലെ രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സ് കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യാ മാർക്സിസ്റ്റിന്റെ ആളുകൾ വരുന്ന ഒരു വേദിയാണെന്ന് ആരെങ്കിലും

അങ്ങയെ തെറ്റിദ്ധരിപ്പിച്ചോയെന്ന് എനിക്ക് അറിയില്ല. ഇരുപത് ആളുകൾ ഉള്ള സെനറ്റിൽ ഞങ്ങളുടെ പാർട്ടിയുടെ പ്രതിനിധികളായിട്ട് നാലുപേർ മാത്രമേയുള്ളൂ. ബാക്കിമുഴുവൻ നിങ്ങൾ മനസ്സിലാക്കണം, ഒരു പക്ഷേ കേരളാകോൺഗ്രസ്, മാണിക്കാർ എന്ന തിരിച്ചറിവ് അവർക്ക് ഉണ്ടാകില്ല. എല്ലാം വരുന്നത് പള്ളിക്കാമാണ്. കന്യാസ്ത്രീ മഠത്തിൽ നിന്നു വരുന്നവരാണ്. വേറെ ചില സമുദായ സംഘങ്ങളാണ്. നിങ്ങൾ ഈ പറഞ്ഞ മാതിരി ബാലറ്റ് പേപ്പർ കളക്ട് ചെയ്തുകൊണ്ടുവന്ന് പരിശോധിച്ചു നോക്കണം. കേരള സർവകലാശാല പരിശോധിച്ചോ, കോഴിക്കോട് സർവ്വകലാശാല പരിശോധിച്ചോ, യഥാർത്ഥത്തിൽ നിങ്ങൾ സി.പി.എം.-ന്റെ പ്രാതിനിധ്യം ഒഴിവാക്കാൻ വേണ്ടിയുള്ള ദുരുദ്ദേശമാണെങ്കിൽ actual fact അതാണോ? ഞങ്ങൾ ഇവിടെ പറയുന്നത് ഏത് പാർട്ടിയോ ആയിക്കൊള്ളട്ടെ ഞങ്ങൾ ഒരു സർവ്വകലാശാലയെന്നു പറയുന്നത് അവിടുത്തെ ബിരുദധാരികളെ സംബന്ധിച്ച് അവർക്ക് ഒരു പ്രാതിനിധ്യമുണ്ട്. അത് എന്തിനാണ് ഒഴിവാക്കുന്നത്. ഒരു സർവ്വകലാശാല ബിരുദം കൊടുത്ത് ബിരുദധാരികളായി പുറത്തുവിട്ട ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് ഒരു സ്ഥാനം വേണ്ട, അതിൽ എന്താണ് ഒരു തെറ്റ്. അതിലെന്താണ് ഒരു സാംസ്ക്കാരികരാഹിത്യമുള്ളത്, അതിൽ ഒരു തെറ്റുമില്ല. അതിന് ഒരു പ്രാതിനിധ്യവും കൊടുക്കാതെ നിങ്ങൾ ഒഴിവാക്കുന്നത്, യഥാർത്ഥത്തിൽ സർവകലാശാലാ സമൂഹത്തോട് ചെയ്യുന്ന ഒരു പാതകമാണ്.

ശ്രീ. കെ. സി. ജോസഫ്: യൂണിവേഴ്സിറ്റി സെനറ്റിലെ രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിന്റെ കാറ്റഗറിയിലുള്ള നൂറുകണക്കിന് വോട്ടുകൾ കെയർ ഓഫ് അഡ്രസ് വച്ച് ആളുകളെ ചേർത്തുകൊണ്ടിരിക്കുകയാണ്. ഈ ദുർവിനിയോഗം തടയണ്ടേ?

ശ്രീ. മത്തായി ചാക്കോ: ഞങ്ങൾ ഇന്നലെ പറഞ്ഞല്ലോ, നിങ്ങളുടെ ആക്ഷേപം വോട്ടർപ്പട്ടികയിൽ പേരുള്ള രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിന്റെ വോട്ട് അനധികൃതമായി ആരെങ്കിലും കൊണ്ടുപോകുന്നുണ്ടെങ്കിൽ വോട്ടിംഗ് സിസ്റ്റത്തിൽ എന്തെല്ലാം മാറ്റം വരുത്താം. ഇവിടെ കോടിയേരി പറഞ്ഞില്ലേ, നിങ്ങൾ ഓരോ ജില്ലകളിലും ബൂത്തുവച്ചോ, അവിടെ നേരിട്ടുവന്ന് ചെയ്യട്ടെ, അല്ലെങ്കിൽ സർവ്വകലാശാലാ തെരഞ്ഞെടുപ്പിന് ഒരു ദിവസം വയ്ക്കാം എന്താണ് അപകടമുള്ളത്. ഇൻഡ്യയിൽ പൊതു തെരഞ്ഞെടുപ്പ് നടക്കുമ്പോൾ എല്ലാപേരും വരുന്നുണ്ടോ? വരുന്നില്ലല്ലോ, കേരളത്തിൽപ്പോലും വരുന്നില്ലല്ലോ, രണ്ടാമത്തെ പ്രശ്നം ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്.—

മി. ചെയർമാൻ: അങ്ങ് ഒരു പ്രകോപനത്തിൽപ്പെടണ്ട, കണ്ടിന്യൂ ചെയ്തുകൊള്ളൂ.

ശ്രീ. മത്തായി ചാക്കോ: അവർക്ക് വഴങ്ങണമെന്നുള്ളതാണ്. സ്വാതന്ത്ര്യത്തിന്റേയും സമയത്തിന്റേയും പ്രശ്നമാണ്. ഞങ്ങൾക്കെതിരെ ആക്ഷേപം പറഞ്ഞത് കാലാവധി കഴിഞ്ഞ് സിൻഡിക്കേറ്റിനെ മാറ്റാൻ വേണ്ടിയിട്ട് ഇങ്ങനെ ചെയ്തുവെന്നുള്ളതാണ്. കാലാവധി കഴിഞ്ഞ സിൻഡിക്കേറ്റിനെ മാറ്റാൻ സർവ്വകലാശാലാ നിയമം ഇവിടെയുണ്ട്. ആ നിയമത്തിന്റെ ഉള്ളിൽ നിന്നുകൊണ്ട് നിങ്ങളുൾപ്പെടെ അംഗീകരിച്ചുകൊണ്ടു പാസാക്കിയിട്ടുള്ള, സി.എച്ച്. മുഹമ്മദ് കോയ പാസാക്കിയിട്ടുള്ള, സർവ്വകലാശാല

LIBRARY ARCHIVES Kerala Legislative Assembly

നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പുതിയത് വരുന്നതുവരെ തുടരും എന്നല്ലേ പറഞ്ഞിട്ടുള്ളൂ. അതിനാർക്ക് തടസ്സം. ഒരു നിമിഷം തുടരണമെന്ന് ആർക്കെങ്കിലും താൽപ്പര്യമുണ്ടായിരുന്നോ? അതിന് നിങ്ങൾ ഇങ്ങനെ ഒരു ആക്ട് കൊണ്ടുവരണമായിരുന്നോ, കാലാവധി കഴിഞ്ഞ സിൻഡിക്കേറ്റ് പിരിഞ്ഞുപോകണം അല്ലെങ്കിൽ അവിടെ പുതിയ സിൻഡിക്കേറ്റ് വരണം. അവിടെ നിങ്ങൾ മറച്ചുവയ്ക്കുന്നത് എന്താണ്? കാലാവധി കഴിഞ്ഞ സിൻഡിക്കേറ്റ് ഒരു നിമിഷം തുടരണമെന്നുള്ള ആഗ്രഹം ഞങ്ങൾക്കുണ്ടായിരുന്നില്ല. നേരെമറിച്ച് തെരഞ്ഞെടുപ്പു പ്രക്രിയ മുൻകൂട്ടി നടത്തി പുതിയ സിൻഡിക്കേറ്റ് നിലവിൽ വരുത്തുന്ന പ്രക്രിയ തടസ്സപ്പെടുത്തിയത് യു.ഡി.എഫ്. ഗവൺമെന്റാണ്. നിങ്ങൾ ഏകീകൃത സർവ്വകലാശാല നിയമംവരും അതുകൊണ്ട് തെരഞ്ഞെടുപ്പ് വേണ്ട എന്ന റിട്ടൺ നിർദ്ദേശം അന്നത്തെ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി ശ്രീ. മോഹൻ ദാസിന്റെ എഴുതി തയ്യാറാക്കിയിട്ടുള്ള റിട്ടൺ നിർദ്ദേശം കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് കൊടുത്തിട്ടല്ല. തെരഞ്ഞെടുപ്പ് നടപടി നിങ്ങളല്ലേ നിറുത്തിവച്ചത്. എന്നിട്ട് ഞങ്ങളെ ചീത്തപറയുകയാണോ? ഞങ്ങൾ ഈ ആക്ട് പ്രകാരം അവിടെ തുടർന്നതല്ല, ഇവിടെ ബാക്കിയുള്ള സ്ഥലത്ത് അങ്ങനെയല്ലേ നിന്നത്. അവിടെ രേഖാപരമായ ഉത്തരവ് കൊടുത്തു തെരഞ്ഞെടുപ്പു വേണ്ട, കാരണം ഏകീകൃത സർവ്വകലാശാല നിയമം വരുന്നു. അതുപറഞ്ഞുകൊണ്ട് തെരഞ്ഞെടുപ്പു നടപടികളെ ഇല്ലാതാക്കിയത് നിങ്ങളാണ്. മുന്നാമത്തെ പോയിന്റ് ഇവിടെ അക്കാഡമിക് സ്വയംഭരണത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അതിൽ ഞാൻ ബഹുമാന്യനായ മന്ത്രിയോട് ചോദിക്കട്ടെ, നിങ്ങൾ ബാക്കിയെല്ലാം രാഷ്ട്രീയാടിസ്ഥാനത്തിൽ എടുത്തുകൊള്ളൂ. പക്ഷെ ഇക്കാര്യം പ്രത്യേകമായിട്ടു ശ്രദ്ധിക്കണം. നേരത്തെ കൗൺസിലിന്റെ കാര്യം തീരുമാനിച്ചതുപോലെ ഇതിൽ ഒരു വകുപ്പുള്ളതു അക്കാഡമിക് സ്വയംഭരണം ആർക്കെല്ലാം കൊടുക്കണം, അങ്ങ് പ്രത്യേകം ശ്രദ്ധിക്കണം. ഗവൺമെന്റുകൾ മാറി മാറി വരും. അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് അത് മനസ്സിലാക്കാം. അത് ഒരു ചർച്ചയുടെ ഭാഗമാണ്. അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വകുപ്പുകൾക്ക് കോൺഗ്രസുകാർ ആയിട്ടുള്ള സുഹൃത്തുക്കൾ ശ്രദ്ധിക്കണം. നല്ല കോളേജ് ആണെങ്കിൽ. യു.ജി.സി.യുടെ മാർക്ക് ഉണ്ടെങ്കിൽ. അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് സ്വയംഭരണ അവകാശം കൊടുക്കാം, പക്ഷെ അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ ഒരു ഡിപ്പാർട്ടുമെന്റിന് സ്വയംഭരണം കൊടുക്കുന്നത് എന്തിനാണ്. പരീക്ഷ നടത്താനും ബിരുദം കൊടുക്കാനും എല്ലാമുള്ള അവകാശം ഒരു കോളേജിനല്ല കൊടുക്കുന്നത്. ഒരു കോളേജിന്റെ ഡിപ്പാർട്ടുമെന്റിന് കൊടുക്കുന്നത്—കൊടുക്കണമെന്ന് ഈ കേരള നിയമസഭ ഒരു നിയമം പാസാക്കിയാൽ ദീർഘകാലാടിസ്ഥാനത്തിൽ ഗുരുതരമായ അവസ്ഥയുണ്ടാകും. ഞാൻ മനസ്സിലാക്കുന്നത് ബഹുമാന്യനായ വിദ്യാഭ്യാസ മന്ത്രി ഇതിന്റെ ഗൗരവം മനസ്സിലാക്കുന്നില്ല എന്നാണ്. ഒരു ഡിപ്പാർട്ടുമെന്റിന് സ്വയംഭരണം കൊടുക്കുകയെന്നു പറയുന്നത് കേട്ടുകേൾവിയില്ലാത്ത സംഭവമല്ലേ? ഇത് അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെങ്കിൽ, ഒന്നുകിൽ ഇത് തയ്യാറാക്കിയ ആളുകൾക്ക് പറ്റിയ അബദ്ധമായിരിക്കാം. അല്ലെങ്കിൽ ബോധപൂർവമായിട്ടുള്ള ഏതോ ഗൂഢാലോചന, ഒരു കാരണവശാലും ഈ നിയമസഭ ഒരു സ്വകാര്യ കോളേജിന്റെ ഒരു ഡിപ്പാർട്ടുമെന്റിന് പരീക്ഷ നടത്തിക്കാനും ബിരുദം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാനുള്ള അവകാശം കൊടുത്താൽ അത് പക്കാ കച്ചവടമായിരിക്കും അവിടെ നടക്കുക. കൃത്രിമമായിരിക്കും അവിടെ നടക്കുക. മര്യാദയ്ക്കുള്ള ബിരുദം കൊടുക്കാൻ കഴിയില്ല. നമ്മുടെ സർവ്വകലാശാല സമൂഹത്തെ അപമാനിക്കുന്നതിന് തുല്യമായിരിക്കും. മുരിപക്ഷമുണ്ടെങ്കിൽ നിങ്ങൾ പാസാക്കിക്കോ. പക്ഷെ ചരിത്രം ഇതിനെ ന്യായീകരിക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. സർവ്വകലാശാലയുള്ളപ്പോൾ സർവ്വകലാശാലയുടെ ഒരു ഡിപ്പാർട്ടുമെന്റിന് എന്തിനാണ് സ്വയംഭരണം. അത് ന്യായീകരിക്കാൻ കഴിയുന്ന കാര്യമല്ല. അതുപോലെ മറ്റൊരു അനോമലി ചൂണ്ടിക്കാണിക്കാം. കെ. സി. ജോസഫിന് ഞാൻ പറയുന്നത് മനസ്സിലായോ? ഡിപ്പാർട്ടുമെന്റിന് സ്വയംഭരണം കൊടുക്കുന്നത് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും. ഒരു കോളേജിന്റെ ഒരു വകുപ്പിന് കൊടുക്കുന്നത് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും. അതുപോലെ മറ്റൊന്ന് ഇവിടെ പറഞ്ഞത് സെനറ്റിന്റേയും സിൻഡിക്കേറ്റിന്റേയും കാലാവധി ഒരേസമയം അവസാനിക്കുന്നു എന്നാണ് ഒരു പ്രത്യേകതയായി കൊണ്ടുവന്നത്. അതു അപ്രായോഗികമാണ്. കാരണം എന്താണെന്നറിയാമോ? സിൻഡിക്കേറ്റിന്റെ കാലാവധി ഒരു ഘട്ടത്തിൽ ഏതെങ്കിലും ഒരു നിയമപ്രകാരം അവസാനിപ്പിച്ചോ, ഒബ്ജക്ഷനില്ല. അതേ സമയം സെനറ്റ് എന്നുപറയുന്നത് വ്യത്യസ്ഥ കോൺസ്റ്റിറ്റ്യുവൻസികളിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾ ആണ്. For example, in the case of students, പത്ത് ആളുകളെ തെരഞ്ഞെടുക്കുന്നു. പത്ത് ആളുകളെ തെരഞ്ഞെടുക്കുന്നത് എവിടെയാണ്. 'from among the elected Counsellors of the University Union' എന്നാണ്.

For example: in the case of students 10 ആളുകളെ തെരഞ്ഞെടുക്കണമെങ്കിൽ എവിടെ നിന്നാണ്? From among the elected councillors of the University Union എന്നാണ്. യൂണിവേഴ്സിറ്റി യൂണിയനിലെ എലക്ടഡ് കൗൺസിലർമാരിൽ

8.00 P. M.] നിന്നുമാണ് 10 സെനറ്റ് മെമ്പർമാരെ തെരഞ്ഞെടുക്കുന്നത്. അത് ഓരോ കൊല്ലത്തേയ്ക്കാണ്. അപ്പോൾ നിങ്ങൾ സെനറ്റിന്റെ കാലാവധിയും ഇതിന്റെ കാലാവധിയും ഒരേപോലെ വയ്ക്കുന്നതിൽ അർത്ഥമുണ്ടോ? അത് റൊട്ടേഷനിൽ വരുന്നതല്ലേ? നിലവിലുള്ള പ്രിൻസിപ്പൽ ആക്ടുമായി വൈരുദ്ധ്യത്തിൽ വരുന്ന രൂപത്തിലാണ് ഇത് വരുന്നത്. നിർബന്ധബുദ്ധിയൊന്നുമില്ലെങ്കിൽ ഇതിലൊരു മാറ്റം വരുത്തണം. വിദ്യാർത്ഥി പ്രതിനിധികളുടെ കാര്യത്തിൽ സെനറ്റിന്റെ കോൺസ്റ്റിറ്റ്യൂഷൻ സംബന്ധിച്ച് വരുമ്പോൾ ഒരു കോൺട്രഡിക്ഷൻ വരുമെന്നുള്ളത് വസ്തുതയാണ്. അത് തിരുത്തുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകണം. ഇതിൽ ഒരു വകുപ്പ് വച്ചിരിക്കുന്നത്, സർവ്വകലാശാലയുടെ നിയമന പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടെ ..... സൂചിപ്പിക്കുന്നുണ്ട്. സ്വയംഭരണത്തിൽ ഞങ്ങൾ ഇടപെടുന്നില്ലെന്ന് അങ്ങ് പറഞ്ഞു. ഇവിടെ ക്ലോസ് 2 (ii) (1)-ൽ പറയുന്നത് സർക്കാരിൽനിന്നും ശമ്പളം ലഭിക്കാൻ അർഹതയുള്ള തസ്തികയിലേയ്ക്കുള്ള നിയമനം സർക്കാരോ അഥവാ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ അനുവദിച്ചിട്ടുള്ള തസ്തികകളിലേയ്ക്ക് മാത്രമേ നടത്താൻ പാടുള്ളൂ. എന്താണ് ഇതിന്റെ അർത്ഥം? സർവ്വകലാശാലയുടെ സ്വയംഭരണവുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെടുത്തിക്കൊണ്ടുള്ളതാണോ?. അങ്ങയെക്കുറിച്ച് ഇങ്ങനെ ചില പരാമർശങ്ങൾ നടത്തുന്നതിൽ വിഷമമുണ്ടെങ്കിലും പറയാതിരിക്കാൻ നിവൃത്തിയില്ല. പഴയ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. സുപ്പിയിൽനിന്നും വ്യത്യസ്തമായിട്ടുള്ള ഒരു നിലപാട് സ്വീകരിച്ചുപോകുന്ന ഒരാളായിമിക്കും, നയത്തിൽ വ്യത്യാസമില്ലെങ്കിലും നിലപാടുകളിലെങ്കിലും മാറ്റമുണ്ടാകുമെന്ന എന്റെ ധാരണ തെറ്റായിരുന്നു എന്ന് തെളിയിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ഓർഡിനൻസ് കൊണ്ടുവന്നതിനുശേഷം, എന്റെ അനുഭവത്തിൽ കാലിക്കട്ട്യൂണിവേഴ്സിറ്റിയിൽ ചെയ്തത് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവിടെ ജനുവരി മാസം 11-ാം തീയതി, ഈ ഓർഡിനൻസ് വന്നതിനുശേഷം നോമിനേറ്റഡ് സിൻഡിക്കേറ്റ് വന്നു. എന്താണ് അവിടെ ചെയ്തു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഗവണ്മെന്റ് അനുവാദം വേണമെന്ന് പറയുകയും നിലവിൽ നിങ്ങൾ പ്രകടിപ്പിക്കുന്ന കാഴ്ചപ്പാടുകൾക്ക് കടകവിരുദ്ധമായ കാര്യങ്ങൾ അവിടെ നടന്നുകൊണ്ടിരിക്കുകയല്ലേ? മൂന്നു നാല് ഉദാഹരണങ്ങൾ മാത്രം ചൂരുക്കിപ്പറയാം. ഡിപ്പാർട്ടുമെന്റിലെ അദ്ധ്യാപകരുടെ നിയമനത്തിന് റൊട്ടേഷൻ അടിസ്ഥാനത്തിലുള്ള പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന എല്ലാ സംവരണ തത്വങ്ങളും അട്ടിമറിച്ചുകൊണ്ട് 26 പോസ്റ്റുകളിലേയ്ക്ക് നോമിനേറ്റഡ് സിൻഡിക്കേറ്റ് വന്നതിനുശേഷം കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ നോട്ടിഫൈ ചെയ്തു. 28-ാം തീയതി അതിന്റെ കാലാവധി അവസാനിക്കുകയാണ്. ചടുപോക്കെന്ന് നിയമനം നടത്താനുള്ള നോട്ടിഫിക്കേഷൻ വന്നു. ഈ നോമിനേറ്റഡ് സിൻഡിക്കേറ്റ് വന്നതിനുശേഷം ഡി.ടി.പി. ഓപ്പറേറ്റർമാരായി 25 ആളുകളെ വച്ചു. എന്താണ് നിങ്ങൾ ഈ വകുപ്പിൽ പറയുന്നത്. നിയമത്തിൽ പറയുന്ന ഗവൺമെന്റിന്റെ അനുവാദമുള്ള തസ്തികയിലാണോ വച്ചത്? അവിടെ കംപ്യൂട്ടർ പ്രോഗ്രാമർമാരായി 6 പേരെ വച്ചു. 4 പേരെ ഗസ്റ്റ് ഹൗസിലെ ജോലിക്കാരായി ഇന്റേർണൽ നോട്ടിഫിക്കേഷൻ വന്നിരിക്കുകയാണ്. ഈ ബില്ല് പാസ്സാകുന്നതിന് മുമ്പ്, പുതിയ തെരഞ്ഞെടുപ്പ് വരുന്നതിന് മുമ്പ്, പുതിയ സിൻഡിക്കേറ്റ് വരുന്നതിനുമുമ്പ് ആളെ നിയമിക്കാൻ വേണ്ടിയുള്ള തകൃതിയായിട്ടുള്ള നടപടികൾ നടക്കുകയാണ്. ഉമ്മർ ഫാറൂക്കിനെ മിനിഞ്ഞാന്ന് എൻ.എസ്.എസ്. കോ-ഓർഡിനേറ്ററായി വച്ചത് ഏറ്റവും അൽഭുതകരമായി. അതിൽ അങ്ങയുടെ അറിവുണ്ടാകുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും പ്രതീക്ഷിച്ചതല്ല. ഇന്നലെ അവിടെ ഇന്റർവ്യൂ നടന്നു. ആ ഇന്റർവ്യൂവിൽ ഒരു കൊച്ചിക്കാരി കെ. ഐ. ഹസ്റത് ബീവിയെ എഡിറ്റോറിയൽ അസിസ്റ്റന്റായി ഒരു വെള്ളക്കടലാസിൽ കൊടുത്ത അപേക്ഷയുടെ മുകളിൽ അവർക്ക് അപ്പോയിന്റ്മെന്റ് ഓർഡർ അയച്ചു. എഡിറ്റോറിയൽ അസിസ്റ്റന്റ് തസ്തിക അവിടെയുണ്ടോ? കെ. ഐ.-ക്ക് പ്രാധാന്യമുണ്ട്. ഞാനത് പറയുന്നില്ല. കെ. ഐ. ഹസ്റത് ബീവിയെ ആറായിരം രൂപ ശമ്പളത്തിൽ ഇല്ലാത്ത തസ്തികയിൽ എങ്ങനെ നിയമിച്ചു? ഇത്രയും കാര്യങ്ങൾ പറഞ്ഞത്, അവിടെ നിയമനത്തിനുവേണ്ടിയുള്ള വലിയ പരിശ്രമങ്ങൾ നടക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറിന് സി.എച്ച് മുഹമ്മദ് കോയ ഇക്കാര്യങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്തതെന്നത് സംബന്ധിച്ച് ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ. കോഴിക്കോട് സർവ്വകലാശാലയിലെ ആദ്യത്തെ വൈസ് ചാൻസലറായിരുന്ന എം. എം. ഖനി, സി.എച്ച്. മുഹമ്മദ് കോയയെ അനുസ്മരിച്ചുകൊണ്ട് പറയുന്നു, ഒരു മന്ത്രിയെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിലയിൽ സി.എച്ച്.-നുള്ള ഏറ്റവും വലിയ നന്മയായി കാണുന്നതും എന്റെ ആരാധന പിടിച്ചു പറ്റിയതുമായ കാര്യം വിശേഷിച്ചും എടുത്തു പറയേണ്ടതുണ്ട്. സർവ്വകലാശാലകളുടെ കാര്യത്തിൽ മന്ത്രിതലത്തിലുള്ള ഇടപെടലുകളെച്ചൊല്ലി വിദ്വജനങ്ങൾ സദാ വിലപിക്കാറുണ്ടല്ലോ? അതിന് നീതികരണമില്ലാതില്ല. ഒരു കാലത്ത് വിശുദ്ധമായി കണക്കാക്കപ്പെട്ടിരുന്ന സർവ്വകലാശാലാ സ്വയംഭരണാവകാശത്തിന്മേൽ പല സംസ്ഥാനങ്ങളിലും മന്ത്രിമാർ നിർലജ്ജമായി അധികാര ത്വരയോടെ അതിക്രമിച്ച് കടക്കാറുണ്ട്. സർവ്വകലാശാലയെ സർക്കാർ വകുപ്പുകൾ മാത്രമായി പരിവർത്തനം ചെയ്യാൻ സർവ്വകലാശാലാ നിയമങ്ങൾ പലപ്പോഴും തിരിച്ചറിയാനാകാത്തവിധം ഭേദഗതി ചെയ്യാറുണ്ട്. ചില സംസ്ഥാനങ്ങളിൽ അക്കാഡമിക് തലത്തിലുള്ള നിയമനംപോലും മന്ത്രി അംഗീകരിക്കേണ്ടിവരും. സി. എച്ച്. ഇതിന് കടകവിരുദ്ധമായി തത്വദീക്ഷയോടു കൂടിത്തന്നെ സർവ്വകലാശാലയുടെ സ്വയംഭരണാവകാശത്തിനെ സമാദരിച്ചിരുന്നു. സർവ്വകലാശാലകളുടെ തീർപ്പു കൽപിക്കേണ്ട കാര്യത്തിൽ ഒറ്റത്തവണപോലും സ്വാധീനം ചെലുത്താൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. നിയമനങ്ങളുടെ കാര്യത്തിൽ ഒട്ടുമില്ല. ആ നില അങ്ങ് അംഗീകരിക്കുന്നുണ്ടോ? അങ്ങ് അംഗീകരിക്കുന്ന നേതാവ് എടുത്ത നിലപാടുകളെ സംബന്ധിച്ച് ഡോക്ടർ എം.എം. ഖനിയുടെ പ്രസ്താവനയാണിത്. ഞങ്ങൾ അംഗീകരിക്കുന്ന ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിലെ മന്ത്രി, ഇപ്പോൾ ഭരണം നടത്തുന്ന ആളുകൾ എടുത്തതും നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ കാലത്ത് നടത്തിയിട്ടുള്ള നിയമന നടപടികൾ പരിപൂർണ്ണമായും മരവിപ്പിക്കാനും ഇലക്ട് ചെയ്യുന്ന പുതിയ സിൻഡിക്കേറ്റ് വരുന്നതുവരെ നിയമനം നടത്തില്ല എന്നുള്ള കാര്യം സഭയിൽ പ്രഖ്യാപിക്കാനും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറാകുമോ എന്ന് ഞാൻ ആരായുകയാണ്. ഈ പുതിയ സർക്കാർ വന്നതിനുശേഷം സർവ്വകലാശാലയെ തകർക്കുന്നതിനുവേണ്ടി ആരോ പറഞ്ഞുകൊടുത്തതാണ് ഏകീകൃത സർവ്വകലാശാലാ നിയമം. സബ്ജക്ട് കമ്മിറ്റി അത് സംബന്ധിച്ച് വിവിധ സർവ്വകലാശാലകളിൽ പോയി പഠനം നടത്തി. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും അന്ന് കൂടെയുണ്ടായിരുന്നു. അതിന്റെ റിപ്പോർട്ടുണ്ട്. ഒരു സുപ്രഭാതത്തിൽ അത് ഉപേക്ഷിച്ചിട്ട് പുതിയ ഓർഡിനൻസ് കൊണ്ടുവന്നു. ഇതിന്റെ ഉദ്ദേശ്യം എന്താണ്? 1927-ൽ തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്ത കേരള സർവ്വകലാശാലയിലോ, കോഴിക്കോട് സർവ്വകലാശാലയിലോ നിലവിലുള്ള ആക്ടിന്റെ ഭാഗമായിട്ട് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ? ഗവണ്മെന്റിന് ഇടപെടാൻവേണ്ടി ആവശ്യമായ പ്രൊവിഷൻ ഇതിനകത്തുണ്ടല്ലോ? അതുപയോഗപ്പെടുത്തിയാൽ മതിയല്ലോ? സർവ്വകലാശാലകളിലേയ്ക്ക് വെളിച്ചം കടന്നു വരുന്നതിനോ, ആശയങ്ങൾ നിർമ്മിക്കുന്നതിനോ വിജ്ഞാന വിതരണത്തിനോ, തടസ്സമായിട്ടുള്ള ഏതെങ്കിലും ഒരു ഘടകമോ നിയമനിർമ്മാണമോ ആവശ്യമാകുന്ന ഒരു ഘടകവുമില്ലാതെ സമ്പൂർണ്ണമായി ഇതിനെ ആർക്കിയോളജി വകുപ്പുപോലെയോ, ആർക്കൈവ്സ് വകുപ്പുപോലെയോ, കൾച്ചറൽ പബ്ലിക്കേഷൻസ് പോലെയോ, എസ്. സി. ഇ. ആർ. ടി. പോലെയോ നിങ്ങളുടെ കൈകളിൽ അമരുന്ന വകുപ്പായിട്ട് മാറ്റിയാൽ നൂറ്റാണ്ടുകളല്ല വരുന്ന തലമുറയും കേരള സമൂഹവും ഒരിക്കലും ബഹുമാനപ്പെട്ട മന്ത്രിയോട് പൊറുക്കില്ലെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ബില്ലിനെ എതിർക്കുന്നു. എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മാധാകൃഷ്ണൻ : ഈ ബില്ലിനെതിരായിട്ട് എന്റെ ഡിസെന്റ് രേഖപ്പെടുത്തുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയിൽ വേണ്ടത്ര ചർച്ച ചെയ്തതിനു ശേഷമല്ല പരിഗണനയ്ക്ക് വരുന്നത്. അതിന് പ്രധാന തടസ്സമായത് മിനിഞ്ഞാന്നും ഇന്നുമായി നടന്ന ചർച്ചകളാണ്. ഒരു കാരണവശാലും ബില്ലുകൾ ഈ രീതിയിൽ എടുക്കാൻ അങ്ങ് ചെയറിൽ ഇരിക്കുന്ന കാലത്ത് അനുവദിക്കാൻ തയ്യാറാകരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അംഗങ്ങൾക്ക് വേണ്ട രീതിയിൽ ബില്ലിനെക്കുറിച്ച് പഠിക്കാനും ഭേദഗതികൾ കൊടുക്കാനും ചർച്ചയിൽ പങ്കെടുക്കാനും കഴിയാത്ത സ്ഥിതിയാണ്. ഇന്ന് ഉച്ച കഴിഞ്ഞ് മൂന്ന് ബില്ലുകളാണെടുക്കുന്നത്. ഇങ്ങനെ ചർച്ച ചെയ്യുന്നതുകൊണ്ട് ഒരു കാര്യവുമില്ല. സബ്ജക്ട് കമ്മിറ്റി പേരിനാണ് കൂടിയത്. ഞങ്ങൾ ഞങ്ങളുടെ ഡിസെന്റ് നിന്നുകൊണ്ടാണ് എഴുതിക്കൊടുത്തിട്ട് പോയത്. സബ്ജക്ട് കമ്മിറ്റിയിൽ വേണ്ടത്ര ചർച്ച നടക്കുന്നില്ല. സബ്ജക്ട് കമ്മിറ്റിയിലേക്ക് എന്തിനാണ് ബില്ലുകൾ വിടുന്നത്? അവിടെ ചർച്ച നടത്താൻ വേണ്ടിയാണ്. സബ്ജക്ട് കമ്മിറ്റിയിൽ കുറേക്കൂടി ചർച്ച ചെയ്ത് മോഡിഫൈ ചെയ്ത് വീണ്ടും ബിൽ പരിഗണനയ്ക്കു വരേണ്ടതാണ്. അത് അങ്ങയുടെ കുഴപ്പമല്ല. ഇത്രയും ബില്ലുകൾ എടുത്തതിന്റെ കുഴപ്പമാണ്. മേലിൽ അത്തരം കുഴപ്പത്തിലേയ്ക്ക് പോകരുതെന്ന് ഞാൻ ആദ്യം തന്നെ പറയുന്നു. ഏറ്റവും നല്ല രീതിയിൽത്തന്നെ ഈ ബില്ലിലെ കുഴപ്പങ്ങളെ സംബന്ധിച്ച് ഈ ബിൽ അവതരിപ്പിച്ച സന്ദർഭത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകളും ഇപ്പോൾ ഡിസെന്റ് അവതരിപ്പിച്ച ശ്രീ. മത്തായി ചാക്കോയും വളരെ വിശദമായിത്തന്നെ പറയുകയുണ്ടായി. സംസ്കൃത സർവ്വകലാശാലാ ഭേദഗതി ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞ കാര്യങ്ങൾ വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സർവ്വകലാശാലകളെല്ലാം തന്നെ മഹത്തായ ഉദ്ദേശത്തോടുകൂടിയാണ് ആരംഭിച്ചത്. ആ ഉദ്ദേശ്യലക്ഷ്യങ്ങൾ നമുക്ക് എത്രകണ്ട് നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് നല്ലതുപോലെ പരിശോധിക്കേണ്ടതു തന്നെയാണ്. കാലിക്കട്ട് സർവ്വകലാശാലയുടെ രൂപീകരണവും അതിന്റെ പ്രവർത്തനവുംകൊണ്ട് നമ്മുടെ വിദ്യാഭ്യാസ രംഗത്തും അതുപോലെ മലബാറിലെ സാംസ്കാരിക രംഗത്തും ഉണ്ടായിട്ടുള്ള വളർച്ച എടുത്തു പറയത്തക്കതാണ്. അതുപോലെ തന്നെ പിന്നീട് വന്ന ഓരോ സർവ്വകലാശാലകൾ എടുത്ത് പരിശോധിച്ചാൽ അതിന്റെ പ്രവർത്തനംകൊണ്ട് നമ്മുടെ സമൂഹത്തിന് ഒരുപാട് ഗുണങ്ങളുണ്ടായിട്ടുണ്ട് എന്നു കാണാം. നമ്മുടെ സമൂഹത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും സാംസ്കാരിക മുന്നേറ്റത്തിനുമെല്ലാം നമ്മുടെ സർവ്വകലാശാലകൾ ഏറ്റവും നല്ല രീതിയിലുള്ള പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. ആ സർവ്വകലാശാലകൾ കാലഘട്ടത്തിനനുസരിച്ച് സമൂഹത്തിന് ഒരുപാട് സംഭാവന നൽകുന്ന സ്ഥാപനങ്ങളായി മാറ്റാൻ വേണ്ടിയുള്ള ഭേദഗതികളാണെങ്കിൽ അംഗീകരിക്കാൻ കഴിയും. നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് ഈ ഭേദഗതികൾ കൊണ്ടുവരുന്നതെന്ന് പറയാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി മഹാന്മാരുടെ പേരെല്ലാം ഇവിടെ കോട്ട് ചെയ്തു. ആ മഹാന്മാരെല്ലാം ഉദ്ദേശിച്ചിരുന്നത് ഇത്തരത്തിലല്ല. സങ്കുചിത താൽപര്യങ്ങളെ സംരക്ഷിക്കാൻവേണ്ടി സർവ്വകലാശാലകളെ എല്ലാം പിടിച്ചെടുക്കുക എന്ന ദുരുദ്ദേശം ഈ ഭേദഗതികളുടെ പിന്നിൽ ഒളിഞ്ഞിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. നിലവിലുണ്ടായിരുന്ന സെനറ്റിന്റേയും സിൻഡിക്കേറ്റിന്റേയും കാലാവധി കഴിഞ്ഞ സന്ദർഭത്തിൽ അവിടെ തെരഞ്ഞെടുപ്പ് നടത്തി ജനാധിപത്യ വേദിയാക്കി മാറ്റുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

പകരം അതെല്ലാം ഇല്ലാതാക്കാൻ വേണ്ടിയുള്ള തീരുമാനമാണ് എടുത്തത്. അതോടൊപ്പം തന്നെ നോമിനേറ്റഡ് അംഗങ്ങളെ തിരുകിക്കയറ്റിക്കൊണ്ട് തങ്ങളുടെ സങ്കുചിത താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണ് ശ്രമിച്ചത്. അങ്ങയുടെ വിശാലമായ മാനസികാവസ്ഥ അതിന് തടസ്സമാകുന്നില്ലേയെന്ന് ഞാൻ ചോദിച്ചുപോകുകയാണ്. ഇങ്ങനെ സങ്കുചിതമായി യൂണിവേഴ്സിറ്റികളെ കാണേണ്ട കാര്യമുണ്ടോ? കുറേക്കൂടി വിശാലമായി കാര്യങ്ങൾ നോക്കിക്കാണാനും നമ്മുടെ സമൂഹത്തിന് ഏറ്റവും നല്ല രീതിയിൽ സർവ്വകലാശാലകളെക്കൊണ്ട് ഉപകാരം ഉണ്ടാക്കുന്ന രീതിയിലുള്ള പ്രവർത്തനമാണ് ചെയ്യേണ്ടത്. ദൗർഭാഗ്യവശാൽ ഈ സർവ്വകലാശാലാ ഭേദഗതികളിൽ ഒന്നും തന്നെ കാണാൻ കഴിയുന്നില്ല. ജനാധിപത്യപരമായ വേദികളായി സർവ്വകലാശാലകളെ മാറ്റിത്തീർക്കേണ്ടതാണ്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആകെ വളരെയധികം അരാഷ്ട്രീയവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. അത് പുതിയ സാമ്പത്തിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള സമീപനമാണ്. വിദ്യാഭ്യാസരംഗം അരാഷ്ട്രീയവൽക്കരിക്കാൻ വളരെ ബോധപൂർവ്വംതന്നെ പുത്തൻ സാമ്പത്തിക പരിഷ്ക്കാരത്തിന്റെ ആളുകൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. തങ്ങളുടെ സങ്കുചിതമായ താൽപര്യങ്ങൾ സമൂഹത്തിൽ അടിച്ചേൽപ്പിക്കാൻ കഴിയണമെന്നുണ്ടെങ്കിൽ കൂടുതൽ അരാഷ്ട്രീയവാദം എല്ലാ മേഖലയിലും വളർത്തിയെടുക്കണം. ഇവിടെ ഇരിക്കുന്ന മഹാ ഭൂരിപക്ഷം ആളുകളും വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പ്രവർത്തിച്ചു വളർന്നു വന്നിരിക്കുന്ന ആളുകളാണ്. നമ്മുടെ വളർച്ചയുടെ പിന്നിൽ വിദ്യാർത്ഥി രഷ്ട്രീയം ഒരു പ്രധാനപ്പെട്ട ഘടകമാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ ഉയർന്നുവന്ന പല ആളുകളും പല രംഗത്തുമുണ്ട്. അവർതന്നെയാണ് ഇപ്പോൾ വിദ്യാർത്ഥി രാഷ്ട്രീയത്തെ എതിർത്തുകൊണ്ട് നിൽക്കുന്നത്. വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ ദോഷവും കുറവും പരിഹരിക്കേണ്ടതാണ്. അതിനുപകരം വിദ്യാർത്ഥി രാഷ്ട്രീയം വേണ്ട എന്ന വാദമാണ് ശക്തമായി വരുന്നത്. അത് പുത്തൻ സാമ്പത്തിക വാദത്തിന്റെ പ്രത്യേകതയാണ്. വിദ്യാർത്ഥികളെ അരാഷ്ട്രീയവാദികളാക്കിക്കൊണ്ട് ഭാവിയിൽ സമൂഹത്തിനെയാകെത്തന്നെ അരാഷ്ട്രീയവാദികളാക്കി മാറ്റിയെടുക്കുക എന്ന തങ്ങളുടെ പിന്തിരിപ്പൻ താൽപര്യങ്ങളും സ്വപ്നങ്ങളും സാക്ഷാത്ക്കരിക്കാൻ വേണ്ടിയുള്ള ശ്രമമാണ് നടക്കുന്നത്. ഇന്നത്തെ വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ചും അധഃസ്ഥിതരുടെ, പാവപ്പെട്ടവരുടെ സ്ഥിതിയെപ്പറ്റി അങ്ങ് പറഞ്ഞു. പുതിയതായി ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങളുടെ ഫലമായി ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്നും പാവപ്പെട്ടവർ പിന്നോക്കം പോകുകയാണ്, അല്ലെങ്കിൽ എവിക്ട് ചെയ്യപ്പെടുകയാണ്. കാരണം സമ്പത്തുള്ളവർക്കുമാത്രം പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കുക എന്നുള്ള സമീപനമാണ്. പാവപ്പെട്ടവന്റെ മക്കൾക്ക് പഠനം നിഷേധിക്കപ്പെടുന്ന സ്ഥിതിയിലേയ്ക്ക് പോകുകയാണ്. അതിനെല്ലാം കഴിയുന്ന രീതിയിൽ സർവ്വകലാശാലകളുടെ പ്രവർത്തനം മാറ്റിയെടുക്കുക എന്നുള്ളതാണ് ഇതിന്റെ ഗൂഢോദ്ദേശ്യമെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഒരുപക്ഷേ ബഹുമാനപ്പെട്ട മന്ത്രി വിശാലമായി ചിന്തിക്കുന്നുണ്ടാകും. ഇതിന്റെ പിന്നിൽ മറഞ്ഞിരിക്കുന്നത് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ എല്ലാം തന്നെ അരാഷ്ട്രീയവൽക്കരിച്ച് സങ്കുചിതമായ താൽപര്യങ്ങളിൽ എത്തിക്കുകയും അവരിൽ സങ്കുചിത താൽപര്യങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന സ്ഥിതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടു തന്നെ ഈ ബില്ലുകളെ എതിർക്കേണ്ടിവരുന്നു. എതിർക്കാൻവേണ്ടി മാത്രം വന്നതല്ല. എതിർക്കേണ്ട വശങ്ങൾ ഈ ബില്ലിൽ അടങ്ങിയിരിക്കുകയാണ്. നമ്മുടെ സർവ്വകലാശാലകളുടെ സ്വയംഭരണാധികാരവും ജനാധിപത്യസ്വഭാവവും അതു പോലെ അക്കാഡമിക്കായിട്ടുള്ള കാര്യങ്ങളും എല്ലാംതന്നെ തകർക്കപ്പെടുന്ന സ്ഥിതിയി ലേക്ക് പോകുകയാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ ഉയർന്നുവന്ന ആളുകളാണ് നിങ്ങൾ. വിദ്യാർത്ഥികളൊന്നും സെനറ്റിലും സിൻഡിക്കേറ്റിലും വരേണ്ടതില്ല. അദ്ധ്യാ പക സംഘടനയിലെ ആളുകളും വരേണ്ടതില്ല. മറ്റ് രീതിയിലുള്ള ആളുകളും സെന റ്റിലും സിൻഡിക്കേറ്റിലും വരേണ്ടതില്ല. നോമിനേറ്റ് ചെയ്യുന്ന ആളുകൾ മാത്രം വന്നാൽ മതി എന്നുള്ള സമീപനം തെറ്റാണ്. നാം പുലർത്തിപ്പോന്നിരുന്ന എല്ലാ രീതി കളും ലംഘിച്ചുകൊണ്ടുള്ള പോക്കാണിത്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഏകീകൃത സർവ്വകലാശാലയെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തു. അങ്ങ് ആ ചർച്ചയിൽ പങ്കെടുത്തതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഏകീകൃത സർവ്വകലാശാലാ നിയമം അടിച്ചേൽപ്പിക്കാനുള്ള വലിയ ശ്രമം നടന്നു. ശ്രീ. മത്തായി ചാക്കോ പറഞ്ഞ തുപോലെ ഈ നിയമത്തെ സംബന്ധിച്ച് പഠിക്കാൻ സബ്ജക്ട് കമ്മിറ്റി വിവിധ യൂണി വേഴ്സിറ്റികൾ സന്ദർശിക്കുകയുണ്ടായി. അതിന്റെ പോരായ്മകളും കുറവുകളും മന സ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് ഏകീകൃത സർവ്വകലാശാലാ നിയമം ശക്തമായി നടപ്പിലാക്കാൻ വേണ്ടി ശ്രമിച്ചിട്ടും അത് നടപ്പിലാക്കാതെ നമ്മൾ പിൻവലിച്ചു പോകുന്ന സ്ഥിതിയുണ്ടായത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഏകീകൃത സർവ്വകലാശാലാ നിയമം പിൻവലിച്ചതുപോലെതന്നെ ഇപ്പോൾ കൊണ്ടുവന്നി രിക്കുന്ന ഈ ഭേദഗതി നിയമങ്ങളും നിങ്ങൾ പിൻവലിക്കണം. അങ്ങനെ പിൻവലിച്ചു കൊണ്ട് നമ്മുടെ സർവ്വകലാശാലകളെ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുന്ന രീതിയിൽ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ നമ്മുടെ സമൂഹത്ത് കൂടുതൽ മെച്ചപ്പെടു ത്താൻ കഴിയുന്ന തരത്തിൽ മാറ്റിയെടുക്കാൻ കഴിയുന്ന പുതിയ ഭേദഗതി കൊണ്ടുവ രാൻ വേണ്ടി അങ്ങ് തയ്യാറാകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിച്ചുകൊണ്ട് സർവ്വ കലാശാലകളുടെ ജനാധിപത്യ സ്വഭാവവും അതിന്റെ അക്കാഡമിക് സ്വഭാവവും അതിന്റെ സ്വയംഭരണാവകാശവും എല്ലാംതന്നെ നിഷേധിക്കാൻ വേണ്ടി കൊണ്ടുവന്ന ഒരു ബിൽ എന്ന നിലയിൽ എന്റെ എതിർപ്പ് വീണ്ടും പ്രകടിപ്പിക്കുകയാണ്. ഈ ബിൽ പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എം. വി. ജയരാജൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്ന തിനായി സർക്കുലേറ്റ് ചെയ്യണമെന്ന എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. വിദ്യാഭ്യാസത്തെ വിൽപനച്ചരക്കാക്കി മാറ്റുന്ന ഒരു പ്രക്രിയയ്ക്ക് തടസ്സം നിൽക്കുന്ന സർവ്വകലാശാലാ നിയമങ്ങളെ മാറ്റുക എന്ന ഉദ്ദേശ്യമാണ് എൻ.ഡി.എ. സർക്കാർ നേരത്തെ സ്വീകരിച്ചിരുന്നത്. അവരാണ് യു.ജി.സി. മോഡൽ ആക്ട് കൊണ്ടുവന്നത്. എൻ.ഡി.എ. സർക്കാർ മാറി യു.പി.എ. സർക്കാർ അധികാരത്തിൽ വന്നു. യു.ജി.സി. മോഡൽ ആക്ട് പിൻവലിച്ചു. എന്നിട്ടും നമ്മുടെ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറിന് ഒരു മാറ്റവും കാണുന്നില്ല. അദ്ദേഹം യു.ജി.സി. മോഡൽ ആക്ടിന്റെ പേര്

പറഞ്ഞാണ് തെരഞ്ഞെടുക്കപ്പെടുന്ന സമിതികളെ ഒഴിവാക്കുന്നതും വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ യൂണിവേഴ്സിറ്റിയുടെ തലപ്പത്തിരിക്കുന്നത് വേണ്ടെന്ന് വയ്ക്കുന്നതും നോമിനേഷൻ സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ട് സർവ്വകലാശാലാ നിയമം ഭേഗതി ചെയ്യുന്നതും അങ്ങ് പറഞ്ഞ രണ്ട് നിയമങ്ങളുടെയും ഉദ്ദേശ്യ കാരണങ്ങളുടെ വിവരണം ഞാൻ എടുക്കുകയാണ്. നേരത്തെ സംസ്കൃത സർവ്വകലാശാലാ നിയമം പാസ്സാക്കിയെങ്കിലും ഇതിന് പ്രസക്തിയുണ്ട് എന്നുള്ളതുകൊണ്ട് ഞാൻ എടുക്കുകയാണ്. സംസ്കൃത സർവ്വകലാശാലാ ബില്ലിന്റെ ഉദ്ദേശ്യ കാരണങ്ങളുടെ വിവരണങ്ങളിൽ അങ്ങ് പറയുന്നത് 1956-ലെ സർവ്വകലാശാലാ ധനകാര്യ കമ്മീഷൻ ആക്ടിലെ 12 (ബി) വകുപ്പ് പ്രകാരം സർവ്വകലാശാലാ ധനകാര്യ കമ്മീഷനിൽനിന്നും ധനസഹായം ലഭിക്കുന്നതിന് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് അർഹതയുണ്ടെന്ന് ഇതുവരെ പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. സർവ്വകലാശാലയുടെ ശരിയായതും കാര്യക്ഷമവുമായ പ്രവർത്തനത്തിനും മുൻ പറഞ്ഞ കമ്മീഷന്റെ ധനസഹായം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി 1994-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ ആക്ടിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട്. ആയതിനാൽ സർവ്വകലാശാലയുടെ ഘടനയിൽ മാറ്റം വരുത്തി നവീകരിക്കേണ്ടത് ഈ ലക്ഷ്യം കൈവരിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. Principal Dean of Studies-ന്റെയും ചീഫ് കൗൺസിലറുടെയും തസ്തികകൾ സർവ്വകലാശാലയിൽ ആവശ്യമില്ലെന്നു കാണുകയുണ്ടായി. എന്നിട്ട് അങ്ങ് അവസാനിപ്പിക്കുകയാണ്. സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിലെ സമാന പദവിയുള്ളവരുമായി അവർക്ക് തുല്യ സ്ഥാനം നൽകുന്നതിനായി ഈ സമ്പ്രദായത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു. അതിനുവേണ്ടിയാണ് ഇങ്ങനെയൊരു നിയമം കൊണ്ടു വരുന്നത് എന്നാണ്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ, സംസ്കൃത സർവ്വകലാശാലയുടെ തലപ്പത്ത് ഇരിക്കുന്നവരെ ആ സ്ഥാനത്ത് നിന്നു മാറ്റാൻ പറഞ്ഞ കാരണം അതാണ്. പക്ഷേ എന്നിട്ട് ഈ നിയമത്തിൽ അങ്ങ് രണ്ട് ആളുകളുടെ കാര്യത്തിൽ യു. ജി.സി.യുടെ നിർദ്ദേശം അനുസരിച്ച് ഗ്രാന്റ് കിട്ടുന്നതിന് വേണ്ടി ആ തസ്തിക ഉപേക്ഷിക്കുന്നത് നല്ലതാണെന്നു കാണുകയുണ്ടായി എന്നു പറഞ്ഞിട്ടുള്ള അങ്ങ് ഒന്നു അവിടെ നിലനിർത്തുന്നു, ഒന്നു ഒഴിവാക്കുന്നു. എന്താണ് ഇതിന്റെ അർത്ഥം. അപ്പോൾ ഉദ്ദേശശുദ്ധിയെയാണ് ഞങ്ങൾ സംശയിക്കുന്നത്. ഇനി കേരള സർവ്വകലാശാലാ നിയമങ്ങൾ ഭേദഗതി ബിൽ. അതിന്റെ ഉദ്ദേശ കാരണങ്ങളിൽ എന്താണ് അങ്ങ് പറയുന്നത്. ഇത് യു.ജി.സി. ഗ്രാന്റ് കിട്ടാൻ, ഇതിൽ യു.ജി.സി. ഗ്രാന്റിന്റെ കാര്യമല്ല. യു. ജി. സി. ഗ്രാന്റ് രണ്ടാമതേ വരുന്നുള്ളൂ. കേരള സർവ്വകലാശാലയുടെയും കോഴിക്കോട് സർവ്വകലാശാലയുടെയും സിൻഡിക്കേറ്റുകളുടെ കാലാവധി യഥാക്രമം 2004 ജനുവരിയിലും 2003 ഡിസംബറിലും അവസാനിക്കുകയുണ്ടായി. പ്രസ്തുത നികായങ്ങളിലെ അംഗങ്ങൾ 74-ലെ കേരള സർവ്വകലാശാലാ ആക്ടിന്റെയും 75-ലെ കോഴിക്കോട് സർവ്വകലാശാലാ ആക്ടിന്റെയും 22-ാം വകുപ്പിന്റെ 3-ാം ക്ലിപ്ത നിബന്ധനയിലെ വ്യവസ്ഥകൾ പ്രകാരം തുടർന്നു വരികയായിരുന്നു. അതിനാൽ കേരള സർവ്വകലാശാലാ ആക്ടിലെയും കോഴിക്കോട് സർവ്വകലാശാലാ ആക്ടിലെയും 22-ാം വകുപ്പിലെ മൂന്നാം ക്ലിപ്ത നിബന്ധന ഒഴിവാക്കുന്നതിനും സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും കാലാവധി ഒരുമിച്ച് അവസാനിക്കുന്നു എന്ന് ഉറപ്പുവരുത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

വിധത്തിൽ ഒരു പുതിയ വ്യവസ്ഥ ചേർക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. എന്താണ് അതിന്റെ അർത്ഥം? നമ്മുടെ രാജ്യത്തിലെ വിവിധ നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. എല്ലാം ഒരേ ഡേറ്റിലല്ല. അങ്ങനെ കാലാവധി അവസാനിപ്പിക്കാൻ നമുക്ക് കഴിയുകയില്ല. ഈ തത്വം രാജ്യത്താകെ ബാധകമാക്കാൻ വേണ്ടി ഇപ്പോൾ യു.പി.എ. ഗവൺമെന്റ് തയ്യാറായാൽ എല്ലാ നിയമസഭകളെയും പിരിച്ചുവിടണം. എന്നിട്ട് ഒരു പൊതു ഡേറ്റിൽ അവരുടെ കാലാവധി തുടങ്ങാനും അവസാനിപ്പിക്കാനും കഴിയത്തക്ക നിലപാട് സ്വീകരിക്കണം. അപ്പോൾ ഇവിടെ പറഞ്ഞ കാര്യം എന്താണ്? യു.ജി.സി. ഗ്രാന്റിന്റെ കാര്യവും അതുപോലെതന്നെ നിലവിലുള്ള തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റിന്റെ കാലാവധി അവസാനിച്ചതുകൊണ്ടും എന്ന നിലയ്ക്കാണ് രണ്ട് നിയമം കൊണ്ടു വരുന്നതിന് രണ്ട് നിലപാട് സ്വീകരിച്ചത്. ഇത്രമാത്രം അവസരവാദപരമായ നിലപാട് വേറെയൊന്നുണ്ടോ ? അങ്ങ് ആത്മാർത്ഥമായി പരിശോധിക്കണം. ഞാൻ കൂടുതൽ ദീർഘമായി സംസാരിക്കണമെന്നാഗ്രഹിക്കുന്നില്ല. നമുക്കെല്ലാം വേഗം പിരിയേണ്ടതാണ്. ഗ്യാലറികൾ ശൂന്യമാണ്. ആ ഗ്യാലറിയെ നോക്കിയിട്ട് പ്രസംഗിക്കാനല്ല. പക്ഷേ അങ്ങ് വല്ലാത്ത ഒരു പിടിവാശി ഈ പ്രശ്നത്തിൽ സ്വീകരിച്ചു. പത്രക്കാരൊന്നും ഇല്ലാതെ ഞാൻ പറയുന്ന ഒരു കാര്യമാണ്. പക്ഷേ വല്ലാത്ത പിടിവാശി പിടിച്ചു. ഞാൻ വീണ്ടും സംസ്കൃത സർവ്വകലാശാലയുടെ കാര്യത്തിലേയ്ക്ക് വരട്ടെ. പാസാക്കിയതാണെങ്കിലും ഇവിടെ അസാധാരണമായിട്ടുള്ള നടപടി ക്രമങ്ങൾ പോലും സ്വീകരിച്ചു. അങ്ങ് ഓറലായി ഒരു അമെന്റ്മെൻറ് കൊണ്ടുവന്ന് ഇവിടെ അവതരിപ്പിച്ചു. ചീഫ് കൗൺസിലറെ പുന:സ്ഥാപിച്ചു. ആ സമയത്ത് 112-ാം ഭേദഗതി എന്റേത് അവിടെ ഉണ്ടായിരുന്നു. അതിൽ പറയുന്നത് എന്താണ്? The Chief Counsellor – An eminent Sanskrit Scholar having international reputation shall be nominated by the Government as the Chief Counsellor of the University, who shall be the honorary Chief Advisor of the University. സ്വീകരിച്ചില്ല. എന്താണ് നിങ്ങൾ നിയമം കൊണ്ടു വരുന്നതിന്റെ സദുദ്ദേശം ? അത് എത്ര ആലോചിച്ചിട്ടും മനസിലാകുന്നില്ല. സംഘപരിവാറിന്റെ പ്രേതം യു.ഡി.എഫ്. സർക്കാരിനെയും പിടികൂടിയോ ? സംഘപരിവാറിന്റെ നയം കേന്ദ്രത്തിൽ മാറിക്കൊണ്ടിരിക്കുകയാണ്. യു.പി.എ. സർക്കാർ പലതും മാറ്റി. എന്നാൽ ഇപ്പോൾ അതൊന്നും യു.ഡി.എഫ്.-ന് ബാധകമല്ല. ദേശീയ മൊത്ത വരുമാനത്തിന്റെ ആറ് ശതമാനം വിദ്യാഭ്യാസത്തിന് നീക്കി വയ്ക്കുമെന്നും ഇൻകം ടാക്സിന്റെ രണ്ട് ശതമാനം വിദ്യാഭ്യാസ സെസ്സ് ഏർപ്പെടുത്തുമെന്നും പണം ഇല്ലാത്തതിന്റെ പേരിൽ പാവപ്പെട്ട ഒരാൾക്കുപോലും ഉന്നത വിദ്യാഭ്യാസം നിഷേധിക്കാൻ അനുവദിക്കുകയില്ലെന്നും മറ്റും പൊതു മിനിമം പരിപാടിയിൽ പ്രഖ്യാപിച്ച കേന്ദ്ര സർക്കാരിന്റെ ആ നയം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? പാവപ്പെട്ടവന് ഉന്നത വിദ്യാഭ്യാസം നിഷേധിക്കുന്നതാണ് യു.ഡി.എഫ്.ന്റെ നയം. കൽപ്പിത സർവ്വകലാശാലകളും വിദേശ സർവ്വകലാശാലകളും ഓട്ടോണമസ് കോളേജുകളും. ഓട്ടോണമസ് കോഴ്സുകളും സ്വകാര്യ സർവ്വകലാശാലകളും കൊണ്ടുവരിക എന്നതാണ് ഈ നിയമ ഭേദഗതി നാം അംഗീകരിച്ചു കൊടുത്താൽ കേരളത്തിൽ ഉണ്ടാകാൻ പോകുന്നത്. ഭരണഘടനാദത്തമായ മൗലികാവകാശത്തിന്റെ മറവിൽ വിദ്യാഭ്യാസ കച്ചവടം നടത്തുന്നവർ ഇപ്പോൾ യു.ഡി.എഫ്.ന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഉറ്റ ചങ്ങാതിമാരാണ്. ഭൂരിപക്ഷത്തിന്റേതായാലും ന്യൂനപക്ഷത്തിന്റേതായാലും സമുദായത്തിന്റെ പേരിൽ വിദ്യാഭ്യാസ കച്ചവടം നടത്തുന്ന ചില സ്ഥാപനങ്ങൾ ഇപ്പോഴുണ്ട്. അത്തരം സ്ഥാപനങ്ങൾക്ക് മൂക്കുകയർ ഇടണം. ദേശിയ വിദ്യാഭ്യാസ ഉപദേശക സമിതിയുടെ അംഗീകാരത്തോടെ 96-ൽ ഒരു ദേശീയ വിദ്യാഭ്യാസ നയം ഇന്ത്യയിൽ നടപ്പിലാക്കി. 5 വർഷം കൂടുമ്പോൾ വിദ്യാഭ്യാസ നയം സമഗ്രമായി പരിഷ്കരിക്കണമെന്നുള്ള നിർദ്ദേശവും അന്നുണ്ടായി. ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ ഉണ്ടായിട്ടുള്ള, ഉണ്ടായിക്കൊണ്ടിരുന്ന സ്ഫോടനാത്മകമായ വളർച്ചയ്ക്ക് അനുസൃതമായി നമ്മുടെ വിദ്യാഭ്യാസ നയം കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട് എന്ന കാര്യത്തിൽ എനിക്ക് അഭിപ്രായ വ്യത്യാസമില്ല. പക്ഷേ അതിനൊന്നും യു.ഡി.എഫ്.-ന് ഇപ്പോൾ നേരം കാണുന്നില്ല. സാമൂഹിക നീതിയിൽ അധിഷ്ടിതമായിട്ടുള്ള വിദ്യാഭ്യാസം നൽകുന്നതിനുള്ള യാതൊരു നടപടിയും ഇപ്പോൾ സ്വീകരിക്കുന്നില്ല. മറിച്ച് പ്രൊഫഷണൽ വിദ്യാഭ്യാസം ഇപ്പോൾ സാധാരണക്കാരന് അപ്രാപ്യമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. എഞ്ചിനീയറിംഗ്, മെഡിക്കൽ, പാരാമെഡിക്കൽ, ബിഎഡ്ഡ്, മാനേജ്മെന്റ് മേഖലകളിലായി 1500-ഓളം പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് ഇതിനകം എൻ.ഒ.സി. നൽകിക്കഴിഞ്ഞു. ഇതിന്റെ പിന്നിൽ വ്യാപകമായിട്ടുള്ള അഴിമതി നടന്നിട്ടുണ്ട്. അഴിമതിയുമായി ബന്ധപ്പെട്ട കേസിൽ നമ്മുടെ മുഖ്യമന്ത്രിക്ക് പോലും കോടതി കയറേണ്ടിവന്നു.

ശ്രീ. തമ്പാനൂർ രവി : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സംസാരിക്കുമ്പോഴേക്കും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സ്ഥാപനങ്ങൾ വേണ്ട എന്നാണോ മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായം?

ശ്രീ. എം. വി. ജയരാജൻ : കൂടുതൽ സ്ഥാപനങ്ങൾ വേണം. അതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ച നിലപാട് സ്വീകരിക്കണം, അന്ന് സ്വീകരിച്ചത് സാമൂഹിക പ്രതിബദ്ധതയോടുകൂടി പ്രൊഫഷണൽ സ്ഥാപനങ്ങൾ ആരംഭിക്കുകയായിരുന്നു. അതുകൊണ്ടാണ് സർക്കാർ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ അവർ എല്ലാം പ്രൊഫഷണൽ സ്ഥാപനങ്ങൾ ആരംഭിക്കാൻവേണ്ടി നടപടി സ്വീകരിച്ചത്. അത് തുടരാവുന്നതാണ്. നിങ്ങൾ ഇപ്പോൾ സാമൂഹിക പ്രതിബദ്ധതയോടുകൂടി പ്രൊഫഷണൽ സ്ഥാപനങ്ങൾ സെൽഫ് ഫൈനാൻസിംഗ് മേഖലയിൽ തുടങ്ങാനും അതിന് നിയമ നിർമ്മാണം നടത്താനും വിദ്യാർത്ഥി പ്രവേശനം, അദ്ധ്യാപക നിയമനം, ഫീസ് ക്രമീകരണം എന്നീ കാര്യങ്ങളിൽ വ്യക്തമായിട്ടുള്ള നിയമം കൊണ്ടുവരുകയുമുണ്ടായാൽ ആര് വിയോജിക്കുന്നു? ഒരു വിയോജിപ്പുമില്ല. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന അഴിമതി കേസിന്റെ ഭാഗമായിട്ടല്ലേ എന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രിക്ക് കോഴിക്കോട് കോടതിയിൽ കയറേണ്ടി വന്നത്. മുഖ്യമന്ത്രി അവിടെ എടുത്തിട്ടുള്ള നിലപാട് പരിഹാസ്യമായിപ്പോയില്ലേ, അഴിമതിയെ ന്യായീകരിക്കും വിധത്തിൽ ആയിപ്പോയില്ലേ. അഴിമതിക്കാർക്ക് കൂട്ടുനിൽക്കും വിധത്തിൽ ആയിപ്പോയില്ലേ, എന്താണ് ഇവിടെ നടക്കുന്നത്? വിദ്യാഭ്യാസ കച്ചവടത്തിന് പ്രതിബന്ധം സൃഷ്ടിച്ചതിന്റെ പേരിൽ തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റുകൾ അത് കേരള യൂണിവേഴ്സിറ്റിയിലും കാലിക്കട്ട് യൂണിവേഴ്സിറ്റിയിലും പിരിച്ചുവിട്ടു. അതിന് പച്ചക്കൊടി കാട്ടാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ബില്ലാണ് ഇത്. അതിന് എങ്ങനെയാണ് അനുമതി കൊടുക്കാൻ കഴിയുക. തെരഞ്ഞെടുപ്പ് പ്രക്രിയ നടക്കുമ്പോൾ കോടതിപോലും ചെയ്യാൻ മടിക്കുന്ന കാര്യമാണ് നിങ്ങൾ ഇവിടെ ചെയ്തത്. ഇവിടെ കേരള യൂണിവേഴ്സിറ്റി തെരഞ്ഞെടുപ്പിന്റെ നടപടി ക്രമങ്ങൾ ആരംഭിച്ചു. നിങ്ങൾ ഇവിടെ പറഞ്ഞല്ലോ കേരള യൂണിവേഴ്സിറ്റിയിലെ തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റിന്റെ കാലാവധി 2004 ജനുവരിയിൽ അവസാനിക്കുകയാണ്. അവർ 2003 ആദ്യം തന്നെ തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചു. 2003 നവംബർ ആകുമ്പോൾ കോടതിയിൽ ആരോ കേസ് കൊടുത്തു. കോടതിയിൽ ഗവൺമെന്റിനുവേണ്ടി സത്യവാങ്മൂലം ഫയൽ ചെയ്തു. ആ സത്യവാങ്മൂലത്തിൽ പറഞ്ഞത് ഞങ്ങൾ ഇതാ ഒരു ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരാൻ പോകുന്നു ആ നിയമത്തിന്റെ വ്യവസ്ഥകൾക്കനുസരിച്ച് ഇവിടെ യൂണിവേഴ്സിറ്റികളുടെ ഭരണ സമിതികളെ കൊണ്ടുവരും. അന്നും നിങ്ങൾ തെരഞ്ഞെടുപ്പ് നടത്തുമെന്നു സത്യവാങ്മൂലത്തിൽ പറഞ്ഞില്ല. അപ്പോൾ തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റിനോടാണ് നിങ്ങൾക്ക് അലർജി. മാത്രമല്ല കൃത്രിമമായി ഭൂമിപക്ഷം ഉണ്ടാക്കാൻ വേണ്ടിയിട്ട് ഐ.ടി., ബി.ടി. വിദഗ്ദ്ധന്മാരുടെ പേര് പറഞ്ഞ്, അയ്യഞ്ച് ആളെ കൊണ്ടുപോയി അവരോധിച്ചു. തെരഞ്ഞെടുപ്പ് നടത്തേണ്ട സമയത്ത് നടത്താൻ ഈ യൂണിവേഴ്സിറ്റികൾ നടപടിക്രമങ്ങൾ ആരംഭിക്കുമ്പോൾ സ്വാഭാവികമായും സംസ്ഥാന സർക്കാർ അവരെ പ്രോൽസാഹിപ്പിച്ച് കൃത്യമായി തെരഞ്ഞെടുപ്പ് നടത്തിക്കുന്നതിനുപകരം നിങ്ങൾ ആ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സമിതികളെയെല്ലാം അട്ടിമറിക്കുക എന്നുള്ള സമീപനമാണ് സ്വീകരിച്ചത്. ഇവിടെ എനിക്ക് ഒറ്റ കാര്യമെ അങ്ങയോട് പറയാനുള്ളൂ. അങ്ങ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ശ്രീ. ഇ. ടി. you too Brutus. അതിന് അപ്പുറവും ഞാൻ പോകുന്നില്ല. സുപ്പി മാറി അങ്ങ് ഈ കസേരയിൽ വന്നു. നീയും ചേർന്നാണോ ഇങ്ങനെയെന്നു പറയുമ്പോലെ, ഞങ്ങളെക്കൊണ്ട് പറയിപ്പിക്കേണ്ടി വന്നു. അങ്ങയുടെ മുഖത്തുനോക്കി പറയേണ്ടി വന്നതിൽ വിഷമമുണ്ടെങ്കിലും പറയാതിരിക്കാൻ കഴിയുകയില്ല. ഈ നിയമ ഭേദഗതിയിലൂടെ സ്വയം ഭരണ സ്വാശ്രയ കോളേജുകൾക്കും.....

മി. സ്പീക്കർ : കടുപ്പിച്ച് പറഞ്ഞില്ലേ, ഇനി ഇതിലും വലിയ കടുപ്പിക്കാനുണ്ടോ ?

ശ്രീ. എം. വി. ജയരാജൻ : സ്വകാര്യ-വിദേശ സർവ്വകലാശാലകൾക്ക് യഥേഷ്ടം എൻ.ഒ.സി. നൽകാൻ കഴിയും അതിനുള്ള വ്യവസ്ഥകളാണ് ഇപ്പോൾ 2-10(എ), 2-10(ബി) എന്നീ ക്ലാസുകളിലൂടെ ചെയ്തിരിക്കുന്നത്. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ വിദ്യാർത്ഥി പ്രവേശനം, ഫീസ് ക്രമീകരണം എന്നിവ സംബന്ധിച്ച് യാതൊരു വ്യവസ്ഥയും പറയുന്നില്ല. 2ഐ (എ) യിൽ പറയുന്നത് എന്താണ്? അഫിലിയേറ്റ് ചെയ്ത കോളേജിനോ കോളേജിന്റെ വകുപ്പിനോ സർവ്വകലാശാല വകുപ്പിനോ സ്വയംഭരണം നൽകുക എന്ന വ്യവസ്ഥ വലിയ തോതിൽ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട്. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ തന്നെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്താൻവേണ്ടി പറയുന്നുണ്ട്. അത് സ്റ്റാറ്റ്യൂട്ടറി പ്രൊവിഷനാണ്. പല മാനേജുമെന്റുകളും ആ സ്റ്റാറ്റ്യൂട്ടറി പ്രൊവിഷൻ നടപ്പിലാക്കുന്നില്ല. അതനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ അവർ സന്നദ്ധമല്ല. അത്തരം മാനേജുമെന്റുകൾക്ക് സ്വയംഭരണാധികാരം കൂടി കൊടുത്താലോ? ഓട്ടോണമികൂടി കൊടുത്താലോ, നാളെ അവർ

LIBRARY ARCHIVES Kerala Legislative Assembly

സിലബസ് തീരുമാനിക്കും, പരീക്ഷ അവർ നടത്തും, ഫീസ് അവർ തീരുമാനിക്കും. വിദ്യാർത്ഥി പ്രവേശനത്തിനോ അദ്ധ്യാപക നിയമനത്തിനോ നമ്മുടെ സർക്കാർ അവർക്ക് നൽകുന്ന നിർദ്ദേശങ്ങളോ നിയമവ്യവസ്ഥകളോ അവർ അംഗീകരിക്കാതെ അവർ, എല്ലാം സ്വയം ചെയ്യുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകും. തത്വത്തിൽ നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരംതന്നെ അട്ടിമറിക്കപ്പെടും. അതിനുള്ള വ്യവസ്ഥകളാണ് ഇതിൽ ചേർത്തിട്ടുള്ളത്. സ്വാശ്രയത്വത്തിന്റെ കാര്യത്തിൽ ആര് ചോദിച്ചാലും എൻ.ഒ.സി. കൊടുക്കുന്നതാണ് യു.ഡി.എഫ്.-ന്റെ നയം. വനം മന്ത്രിയെപ്പറ്റി ഈയിടെ കോടതി ഒരു പരാമർശം നടത്തി. ചന്ദന മാഫിയ എന്ത് ചോദിച്ചാലും കൊടുക്കുന്ന ഉദാരമതിയായ ഒരു മന്ത്രി. ഇത്തരത്തിൽ പോയാൽ നമ്മൾ എവിടെയാണ് എത്തുക. മഹാരാഷ്ട്രയിലെ ഒരു കാര്യം ഞാൻ പറയാം. മഹാരാഷ്ട്ര പ്രൈവറ്റ് യൂണിവേഴ്സിറ്റി ഓർഡിനൻസ് ഈയിടെയാണ് ഇറങ്ങിയത്. ഗാട്ട് വ്യവസ്ഥകൾ ജനുവരി ഒന്നുമുതൽ നിലവിൽവന്നതിനുശേഷമാണ് ഇത്തരം ഒരു നിയമ നിർമ്മാണം അവർ നടത്തിയത്. അതിന് അതോടെ കച്ചവടത്തിന്റെ വീറും വാശിയും കൂടുകയാണ് ചെയ്തത്. ഇപ്പോൾ മഹാരാഷ്ട്ര ഓർഡിനൻസിൽ പറയുന്നത് എന്താണ് ? 15 ലക്ഷം രൂപ ഫീസ് അടയ്ക്കാൻ തയ്യാറുള്ള ആർക്കും സ്വകാര്യ സ്വാശ്രയ യൂണിവേഴ്സിറ്റിക്ക് അപേക്ഷിച്ചാൽ അർഹത നൽകുമെന്നാണ്. അതിന്റെ ആവേശം ഉൾക്കൊണ്ടാണോ ഈ പറയുന്ന വ്യവസ്ഥകൾ 2 ഐ (എ), 210 (എ), 210 (ബി) എന്നീ ക്ലാസുകൾ നിങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. സംശയകരമായ സാഹചര്യം നിലനിൽക്കുകയാണ്. ഈ വർഷം സ്വാശ്രയ കോഴ്സുകൾ മാത്രമെ അനുവദിച്ചിട്ടുള്ളു. അതുകൊണ്ടാണ് ഈ സംശയം ബലപ്പെടുന്നത്. അപ്പോൾ ക്രമേണ എയ്ഡഡ് കോളേജുകളെപ്പോലും അൺഎയ്ഡഡ് കോളേജുകളാക്കി നിങ്ങൾ മാറ്റും. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സർക്കാർ കോളേജുകൾക്ക് കല്പിത സർവ്വകലാശാല പദവി നൽകാനുള്ള നീക്കമാണ് ഇതിന്റെ പിന്നിലുള്ള ലക്ഷ്യം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഓട്ടോണമി സംബന്ധിച്ച് സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എഡ്യൂക്കേഷന്റെ അഭിമുഖ്യത്തിൽ 2004 ഡിസംബർ മാസം മദ്രാസ് യൂണിവേഴ്സിറ്റിയിൽ നടന്ന സൗത്ത് ഇന്ത്യൻ റീജിയണൽ വർക്ക്ഷോപ്പിൽ കേരള ത്തിൽനിന്നു ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പങ്കെടുത്തു. കേരള സർക്കാരിനുവേണ്ടിയിട്ട് അദ്ദേഹം അവിടെ സംസാരിച്ചു. അദ്ദേഹം അവിടെ പറഞ്ഞി ട്ടുള്ളത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സർക്കാർ കൂടുതൽ മുതൽമുടക്കാൻ ഉദ്ദേശി ക്കുന്നില്ല എന്നും സ്വകാര്യ നിക്ഷേപകരെ ആകർഷിക്കാനാണ് ശ്രമമെന്നും മാത്രമല്ല വിദ്യാഭ്യാസ കച്ചവടവും ഉദാരവൽക്കരണ നടപടിയും പ്രോൽസാഹിപ്പിക്കുന്ന നയമാണ് തങ്ങളുടേത് എന്നാണ് അവിടെ നമ്മുടെ പ്രിൻസിപ്പൽ സെക്രട്ടറി കേരള സർക്കാരിനുവേണ്ടി പറഞ്ഞിട്ടുള്ളത്. ഇതൊക്കെക്കൂടി വായിക്കുമ്പോൾ ഈ വിദ്യാഭ്യാസ മേഖലയിലെ കച്ചവടവൽക്കരണത്തെ, അതിന്റെ ഗുണനിലവാരത്തെ തകർക്കുന്ന ഒരു നിലപാടിനെ പ്രോൽസാഹിപ്പിക്കുന്ന ഒരു ബില്ലായിട്ട് മാത്രമെ ഈ ബില്ലിനെ കാണാൻ സാധിക്കുകയുള്ളു. വിദ്യാഭ്യാസ മേഖലയിൽ സാമൂഹിക നീതി ഉറപ്പ് വരുത്താൻ കഴിയണമെങ്കിൽ സ്വാശ്രയ സ്ഥാപനങ്ങളുടെ കാര്യത്തിൽ സാമൂഹ്യ നിയന്ത്രണം വേണം. ഇലക്ടഡ് സിൻഡിക്കേറ്റ് പാടില്ല. അക്കാഡമിഷ്യന്മാർ സിൻഡിക്കേറ്റിൽ നോമിനേറ്റ് ചെയ്യണമെന്നു യു.ജി.സി. നിർദ്ദേശിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയാണെങ്കിൽ മധുരൈ കാമരാജ് യൂണിവേഴ്സിറ്റി ഏറ്റവും പ്രശസ്തമായ ഒരു സ്ഥാപനമാണ്. അവിടെ ഇലക്ടഡ് സിൻഡിക്കേറ്റാണ്. അങ്ങേയ്ക്ക് അന്വേഷിക്കാം. അവിടെ യൂണിവേഴ്സിറ്റിയുടെ ഗ്രാന്റ് കിട്ടുന്നില്ലേ? അത് ദോഷമാണോ, എന്തിനും ഏതിനും, അപ്പുറത്തെ ട്രഷറി ബഞ്ചിൽ മറ്റാരുമില്ല. എന്തിനും ഏതിനും ഞങ്ങൾ ബംഗാളിനെ മാതൃകയാക്കും, ഞങ്ങൾ ബംഗാളിൽ ഇന്നത് ചെയ്യുന്നത് കാണുന്നില്ലേ, ഇങ്ങോട്ട് ചോദിക്കുന്നില്ലേ, പശ്ചിമബംഗാളിൽ ഏറ്റവും പ്രശസ്തമായ യൂണിവേഴ്സിറ്റിയാണ് കൽക്കട്ട യൂണിവേഴ്സിറ്റി. അവിടെ ഇലക്ടഡ് സിൻഡിക്കേറ്റല്ലേ, ആ മാതൃക നിങ്ങൾക്ക് സ്വീകരിച്ചുകൂടെ. അപ്പോൾ നിങ്ങൾക്ക് വേണ്ടുന്നത് നിങ്ങൾ ചെയ്യുന്നു. അല്ലാതെ മറ്റ് ഒരു തരത്തിലും യു.ജി.സി.-യുടെയോ മറ്റ് ഏതെങ്കിലും ഏജൻസിയുടെയോ നിർദ്ദേശം അനിസരിച്ചോ സമഗ്രമായിട്ടുള്ള പഠനം നടത്തിയിട്ടുള്ള എക്സപെർട്ടുകളുടെ അഭിപ്രായത്തെ തുടർന്നോ വന്ന എതെങ്കിലും ഒരു നിയമ ഭേദഗതിയല്ല ഇത്. കേരള യൂണിവേഴ്സിറ്റിയുടെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സിൻഡിക്കേറ്റ് വന്നതിനുശേഷം, നോമിനേറ്റഡ് സിൻഡിക്കേറ്റ് വന്നതിനുശേഷം അവിടെ ചെയ്തത് എന്താണ്? കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ ചെയ്ത കാര്യം പറഞ്ഞു. കുറച്ചല്ലേ ആയുള്ളു. ഈ ഒരു മാസത്തിനകം ഇതാണ് സ്ഥിതിയെങ്കിൽ, - ഇനിയുള്ള ഒരു വർഷം കൂടി അല്ലെങ്കിൽ ആറ് മാസമാണ് അങ്ങ് കാലാവധി വച്ചതെങ്കിൽ ആറ് മാസത്തിനുള്ളിൽ എന്തെല്ലാം ചെയ്യും. ഈ ഒരു മാസത്തിനകം കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള അനധികൃതമായിട്ടുള്ള നിയമനങ്ങൾ തന്നെ ഇവിടെയുള്ള പ്രൊവിഷന് എതിരാണ്. ഞാൻ സമയം ഇല്ലാത്തതുകൊണ്ട് ബന്ധപ്പെട്ട ഭാഗം വായിക്കുന്നില്ല. ശ്രീ. മത്തായി ചാക്കോ ഇവിടെ പറഞ്ഞു സർക്കാരിൽനിന്നു ശമ്പളം ലഭിക്കാൻ അർഹതയുള്ള തസ്തികളിലേയ്ക്കുള്ള നിയമനം സർക്കാരോ, സർക്കാർ അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അനുവദിച്ചിട്ടുള്ള തസ്തികകളിലേയ്ക്ക് മാത്രമെ നടത്താൻ പാടുള്ളു. ആ വ്യവസ്ഥകളാണ് കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ ഇപ്പോൾ നോമിനേറ്റഡ് സിൻഡിക്കേറ്റ് നടപ്പിലാക്കിയത്. അപ്പോൾ ഇലക്ടഡ് സിൻഡിക്കേറ്റാണോ നല്ലത് നോമിനേറ്റഡ് സിൻഡിക്കേറ്റാണോ നല്ലത്? സിൻഡിക്കേറ്റ് എന്നു പറഞ്ഞാൽ സർവ്വകലാശാലയുടെ തലപ്പത്തിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ബോഡിയല്ലേ? അത് പരിശോധിക്കണ്ടേ? കേരള യൂണിവേഴ്സിറ്റി ചെയ്തത് എന്താണ്? കേരള യൂണിവേഴ്സിറ്റിയിൽ സെക്കന്റ് ഗ്രേഡ് നിയമനത്തിന് ഇപ്പോൾ നോട്ടിഫിക്കേഷനായി വന്നിട്ട് ഒരാഴ്ചയേയായുള്ളു. ബഷീർ സർ വന്നിട്ട് കുറച്ചേ ആയുള്ളു. അപ്പോൾ ആറ് മാസത്തിനകം ടൈം ഷെഡ്യൂൾ ചെയ്തുകൊണ്ട് ഇന്നയിന്ന കാര്യങ്ങൾ ചെയ്യണം. ഇത്രയിത്ര കോൺഗ്രസുകാരെ നിയമിക്കണം. ഇത്രയിത്ര ലീഗുകാരെ നിയമിക്കണം. അങ്ങനെ കുറേ നിശ്ചയിച്ചുകൊണ്ടുള്ള ഒരു നിയമനത്തിന് വേണ്ടിയിട്ടുള്ള ഒരു എൻ.ഒ.സി. കൊടുത്താൽ അല്ലേ, അതു ചെയ്യുകയുള്ളു. മാത്രമല്ല dying-in-harness-ൽ അവിടെ ഒരാളെ നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹൻ കുമാർ : ബഹുമാനപ്പെട്ട ജയരാജന്റെ രാഷ്ട്രീയ പ്രസ്ഥാനത്തിനെ പിന്താങ്ങുന്നതുൾപ്പെടെയുള്ള ജീവനക്കാരുടെ യൂണിയനുകൾ കഴിഞ്ഞ നാല് വർഷക്കാലമായി ജോലിഭാരത്തിന് അനുസരിച്ച് പുതിയ നിയമനങ്ങൾ നടത്തണമെന്നു ആവശ്യപ്പെട്ടതിനെത്തുടർന്നു മുൻകാല സർവ്വകലാശാല സിൻഡിക്കേറ്റുകളും നിയമനം നടത്തണമെന്നു ഗവൺമെന്റിനോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്ന യാഥാർത്ഥ്യം അങ്ങ് വിസ്മരിക്കുകയാണോ ?

ശ്രീ. എം. വി. ജയരാജൻ : അങ്ങ് ഉൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് ഉണ്ടായിരുന്ന സന്ദർഭത്തിൽ നാല് വർഷം തുടർച്ചയായി ആവശ്യപ്പെട്ട് അംഗീകാരം കൊടുക്കാതെ സർക്കാർ എന്തേ ഈ നോമിനേറ്റഡ് സിൻഡിക്കേറ്റ് വന്ന് ഒരാഴ്ചയ്ക്കകം ഫയൽ ഒപ്പിട്ടത്. സദുദ്ദേശമാണോ? അപ്പോൾ വളരെ വ്യക്തമാണ്, അങ്ങ് ഉൾപ്പെടെയുള്ള തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് അല്ല, പാർശ്വവർത്തികളായിട്ടുള്ള സിൻഡിക്കേറ്റ് വേണം. ആ പാർശ്വവർത്തികൾക്ക് മാത്രമേ ഈ സിൻഡിക്കേറ്റിൽ ഞങ്ങൾ പറയുന്ന ഇംഗിതം അനുസരിച്ച് ചെയ്യാൻ കഴിയുകയുള്ളു. സർവ്വകലാശാലകളെ ഒരു ഡിപ്പാർട്ടുമെന്റായി തരം താഴ്ത്തിയതിന് ഇ. ടി. മുഹമ്മദ് ബഷീറിന്റെ പേർ ഗിന്നസ് ബുക്കിൽ എഴുതി ചേർക്കാം സുപ്പി ചെയ്താൽ നമുക്ക് അത് ഒരു വിഷമമുള്ള കാര്യമല്ല. ഇ. ടി. മുഹമ്മദ് ബഷീർ ചെയ്യുമ്പോൾ അത് ഗൗരവം അർഹിക്കുന്ന ഒന്നാണ്. മറ്റൊരു നിയമനം അവർ നടത്തിയത്, ഒരു മരിച്ച അദ്ധ്യാപകൻ ആൻഡ്രോസ് കുട്ടിയുടെ ഭാര്യയ്ക്ക് ലക്ചറർ തസ്തികയിൽ ഒരു ക്രമവിരുദ്ധമായിട്ടുള്ള നിയമനമാണ്. അതിന് എതിരായിട്ടുള്ള സമരം പോലും അവിടെ നടന്നു. ഈ ഒരാഴ്ചക്കാലം ഇത്രമാത്രം നിയമവിരുദ്ധമായ ചട്ട വിരുദ്ധമായ കാര്യങ്ങൾ യൂണിവേഴ്സിറ്റിയിൽ ചെയ്യാൻ പ്രാപ്തമായ ആളുകൾ ഇതാ ഇവരാണ്, നോമിനേറ്റഡ് സിൻഡിക്കേറ്റ് എന്നു തെളിയിക്കുന്നതാണ് ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീറിന്റെ ഈ നിയമം. അല്ലാതെ ഓർഡിനൻസ് കൊണ്ടുവരാൻ അടിയന്തിര പ്രാധാന്യമൊന്നുമില്ല. ഈ രാത്രി ഇവിടെ ഈ നിയമം പാസാക്കേണ്ട കാര്യമൊന്നുമില്ല. ചെയർ പറഞ്ഞതുകൊണ്ട് ചെയറുമായി സഹകരിക്കുകയാണ് ഞങ്ങൾ പ്രതിപക്ഷം. കാരണം ഞങ്ങൾ യഥാർത്ഥത്തിൽ ഇത്രയും വലിയൊരു ഹിഡൻ അജണ്ട ശ്രീ.ഇ.ടി.മുഹമ്മദ് ബഷീറിന്റെ മനസ്സിന്റെ പിന്നിൽ ഉണ്ടെന്നു ഏതോ കോണിലെങ്കിലും ഉണ്ടെന്ന് അറിഞ്ഞിരുന്നെങ്കിൽ ഇത്തരം ഒരു നിയമനിർമ്മാണം ഇങ്ങനെ ചുടപ്പംപോലെ, ഇങ്ങനെ ചുട്ട് എടുക്കാനുള്ള അനുവാദം നൽകുമായിരുന്നില്ല.

ശ്രീ. കെ. മോഹൻകുമാർ : Dying-in-harness നിയമനങ്ങൾ, അന്തരിച്ചു പോയവരുടെ ആശ്രിതർക്ക് നിയമനം നൽകണമെന്നുള്ളത് കാലാകാലമായി സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങൾ അതിശക്തമായി ആവശ്യപ്പെട്ട് നേടിയെടുത്ത ഒരു ആനുകൂല്യമാണ്. ഡോക്ടറേറ്റ് ബിരുദമുണ്ടായിരുന്ന അന്തരിച്ചുപോയ സർവ്വകലാശാല പ്രൊഫസറുടെ അവകാശിക്ക് ഡോക്ടറേറ്റ് ബിരുദമുണ്ടെങ്കിൽ എല്ലാ വിധമായ നിയമന യോഗ്യതകളും ഉണ്ടെങ്കിൽ അവർക്ക് അർഹമായ നിയമനം നൽകുന്നത് തെറ്റാണെന്നു എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : ലക്ചറർ പോസ്റ്റിൽ യോഗ്യതയുള്ളയാളെ അല്ലേ വയ്ക്കേണ്ടത്?. എന്നെ ഹൈക്കോടതി ജസ്റ്റിസായി നിയമിക്കാൻ യോഗ്യനല്ല. ഞാൻ അയോഗ്യനാണ്.

മി. സ്പീക്കർ : യോഗ്യതയുണ്ട്.

ശ്രീ. എം. വി. ജയരാജൻ : ഇല്ല. അതിന് ഇഫക്ടീവായിട്ടുള്ള പ്രാക്ടീസ് വേണം. ഞാൻ ഇവിടെ വന്നിരിക്കുകയാണ്. ഞാൻ ജനപ്രതിനിധിയാണ്. ജനങ്ങൾ തെരഞ്ഞെടുത്ത് വന്നിരിക്കുന്നതാണ്. ലക്ചററായിരിക്കാൻ യോഗ്യത വേണ്ടവർക്ക് ഡെയിംഗ്-ഇൻ-ഹാർനെസ്സിന്റെ ആനുകൂല്യം കൊടുക്കണമെങ്കിൽ ലക്ചറർ ആയിരിക്കുന്ന ആളെ ലക്ചറർ ആക്കുക എന്നുള്ളതാണ്. അല്ലാതെ വേറെ ഏതെങ്കിലും രീതിയിൽ കൊടുക്കാൻ പറ്റുമോ ?

ശ്രീ. മത്തായി ചാക്കോ : ബഹുമാനപ്പെട്ട മോഹൻകുമാർ ഇവിടെ ചൂണ്ടിക്കാണിച്ചത് തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ സമരം കൊണ്ട് തന്നെയാണ് അന്ന് ഡെയിംഗ്-ഇൻ-ഹാർനെസ് നേടിയെടുത്തത്. പക്ഷെ അങ്ങനെയുള്ള പോസ്റ്റിൽ ആളെ നിയമിക്കുമ്പോൾ ഏറ്റവും ഉയർന്ന പോസ്റ്റിൽ നിയമിക്കാൻ പറ്റില്ല. യോഗ്യതയ്ക്കനുസരിച്ചുള്ള ഡോക്ടറേറ്റോ പിഎച്ച്. ഡി.-യോ ഉണ്ടെങ്കിലും അങ്ങനെ നിയമിക്കാൻ പാടില്ല. അതിന് നിശ്ചയിക്കപ്പെട്ട താഴ്ന്ന പോസ്റ്റുകളുണ്ട്. ഇത് നിയമമാണ്.

ശ്രീ. കെ. മോഹൻകുമാർ : സർവ്വകലാശാലയുടെ കീഴിലുള്ള നിയമങ്ങളെല്ലാം പാലിച്ചുകൊണ്ട് നടപ്പാക്കിയിട്ടുള്ളതാണെന്ന് പരിശോധിച്ചാൽ മനസ്സിലാകും.

ശ്രീ. മത്തായി ചാക്കോ : സർവ്വകലാശാലയിൽത്തന്നെ തെറ്റായ നിയമം കൊടുത്തതോടുകൂടി ഡെയിംഗ്-ഇൻ-ഹാർനെസ്സിൽ ഇതേ യോഗ്യതയുണ്ടായിട്ടും സാധാരണ നിയമപ്രകാരം കൊടുത്തിട്ടുള്ള അപേക്ഷകൾ അവിടെ അഞ്ചാറ് ആളുകൾ വീണ്ടും കൊടുത്തു. ഇത് തെറ്റായി എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഇത് തെറ്റായ കാര്യമാണ്. നിയമവിരുദ്ധമാണ്.

ശ്രീ. എം. വി. ജയരാജൻ : ചട്ട വിരുദ്ധമായിട്ടുള്ള നിയമനമാണ് ബഹുമാനപ്പെട്ട മോഹൻകുമാർ തന്നെ അന്വേഷിച്ചാൽ മതി, ഞങ്ങൾക്ക് യാതൊരു തർക്കവുമില്ല. ചട്ടവിരുദ്ധമായ നിയമനങ്ങൾ നടത്തുന്നതിന് കൂട്ടുനിൽക്കരുതെന്നു മാത്രമാണ് എന്റെ അഭ്യർത്ഥന. യു. ജി. സി.-യുടെ നിർദ്ദേശമാണല്ലോ അങ്ങ് കാട്ട് ചെയ്യുന്നത്. പ്രസിദ്ധരായ വിദ്യാഭ്യാസ വിചക്ഷണൻമാരായ യശ്പാൽ, കോത്താരി ഇവരുടെയെല്ലാം റിപ്പോർട്ടുകൾ ഇപ്പോഴും വിലപ്പെട്ട രേഖകളാണ്. നാം മാർഗ്ഗനിർദ്ദേശം അവലംബിക്കേണ്ടതാണ്. ഇത്തരം വിദഗ്ധരുടെ സേവനം യൂണിവേഴ്സിറ്റികളിൽ ഉപയോഗപ്പെടുത്തണമെന്ന് നമ്മൾ ആഗ്രഹിച്ചാലും അവരൊന്നും ഇലക്റ്റഡായിട്ടുള്ള ഒരു ബോഡിയിൽ മൽസരിക്കാൻ സന്നദ്ധരാകില്ല. ഇത്തരമാളുകളുടെ സേവനം ഉപയോഗപ്പെടുത്തണം. അതിലൊന്നും ഞങ്ങൾക്ക് തർക്കമില്ല. മാധുരി ഷാ കമ്മീഷന്റേയും ശുപാർശയെന്താണ് ? യു. ജി. സി. യുടെ ഗ്രാന്റ് കിട്ടുന്നതും യു. ജി. സി. യുടെ നിർദ്ദേശം അനുസരിച്ചും ഇലക്റ്റഡ് സിൻഡിക്കേറ്റ് വേണ്ട നോമിനേറ്റഡ് സിൻഡിക്കേറ്റ് മതിയെന്ന് പറയുമ്പോഴും അവർ പറഞ്ഞതെന്താണ് ?

അക്കാഡമിക് ഇന്റലക്ചൽസ് അവർ ഇലക്ഷൻ ഷൈ ആയിരിക്കും. ഇത് മാത്രമാണ് പറഞ്ഞത്. അതിന്റെ മറവിൽ ഇത്തരം ജനാധിപത്യ കശാപ്പിന് എങ്ങനെ ഇ. ടി., നിങ്ങൾക്ക് മനസ്സ് വന്നു. അങ്ങയുടെ മുഖം കുനിയുന്നത് കാണുമ്പോൾ കുറച്ചെങ്കിലും കുറ്റബോധമുണ്ടെന്ന് തോന്നുന്നു. അതുകൊണ്ട് ഞാൻ ചുരുക്കുകയാണ്. പക്ഷെ ഇപ്പോൾ ഏഴ് നോമിനേറ്റഡ് സിൻഡിക്കേറ്റ് അംഗങ്ങളുണ്ട്. അതിൽ ഇപ്പോൾ നിയമിക്കപ്പെട്ടവരുണ്ടല്ലോ നമ്മുടെ ബഹുമാനപ്പെട്ട കാർത്തികേയൻ ഇവിടെ ഇരിപ്പുണ്ടല്ലോ ? യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽ നിയമിക്കപ്പെട്ടത് പ്രത്യേകമായിട്ടുള്ള ഓരോ സീറ്റുകളിൽനിന്നാണ്. ശ്രീ. ജി. കാർത്തികേയന്റെ മിസിസ് സിൻഡിക്കേറ്റിൽ വന്നത് നല്ല കാര്യമാണ്. നമുക്കതിൽ തർക്കമില്ല. ഒരു വനിതാ റെപ്രസന്റേഷനാണ്. കോളേജ് പ്രിൻസിപ്പലാണ് പക്ഷെ നോമിനേഷൻ വഴി വരേണ്ടതല്ല. ഇലക്ട് ചെയ്ത് വന്നുകൂടെ. ബഹുമാനപ്പെട്ട ജി. കാർത്തികേയൻ പ്രതിപക്ഷ ഉപനേതാവായും ഇടയ്ക്ക് മന്ത്രിയായും വന്നതാണ്. അപ്പോൾ നല്ല വഴിയിലൂടെ വരണമെന്ന് മാത്രമേ പറയുന്നുള്ളൂ. ഏറ്റവും പ്രഗൽഭമതിയാണ്. സീനിയർ പ്രിൻസിപ്പലാണ്. അങ്ങയേറ്റം ബഹുമാനിക്കുന്നു. സിൻഡിക്കേറ്റിൽ കൊണ്ടുവരണം തർക്കമില്ല. എന്നാൽ അടുത്ത പേരെടുക്കാം. അടുത്ത പേരെടുത്താൽ മോഹൻകുമാർ ചിലപ്പോൾ വിഷമിക്കും. എ. ഷാജഹാൻ. മോഹൻകുമാറിന് കുറച്ച് വിഷമമുണ്ടാകും. ഞാൻ ആരുടെ ബന്ധുവാണെന്ന് പറയുന്നില്ല. കുമ്പളങ്ങ കട്ടവന്റെ തലയിലതാ നര എന്നു പറയുമ്പോൾ കക്കാത്തവൻ തപ്പി നോക്കില്ല. തപ്പി നോക്കിയാൽ അവന് പങ്കുണ്ടെന്ന് സംശയിക്കും. ഇത്തരത്തിലല്ലേ 7 പേർ വന്നത്. പിന്നെയാരാണ് സംസ്കൃത സർവ്വകലാശാലാ സിൻഡിക്കേറ്റിൽ ശശികുമാർ.

മി. സ്പീക്കർ : എല്ലാവരുടേയും ജാതകം പരിശോധിക്കണമോ ?

ശ്രീ. എം. വി. ജയരാജൻ : വേണം എന്തെന്നാൽ ഒരു കോൺഗ്രസ്സ് അനുകൂല സംഘടനയുടെ നേതാവാണ് ശശികുമാർ. അത് അയോഗ്യതയല്ല. കോൺഗ്രസ്സ് അനുകൂല സംഘടനയുടെ നേതാക്കൾ ഇലക്ട് ചെയ്ത് വരണം. ശശികുമാർ നല്ല കഴിവുള്ള ആളാണ്. കഴിവ് ഏത് കാര്യത്തിലെന്ന് പറയാൻ പോകുകയാണ്. ഗവർണ്ണർക്ക് പോലും അംഗീകരിക്കാൻ കഴിയാത്ത കഴിവില്ലായ്മയുടെ കാര്യത്തിൽ പ്രഗൽഭൻ. അടുത്തതെടുക്കാം കാലിക്കട്ട് യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ചുകൊണ്ട് ഒരാളെ വേണം. നോമിനേഷൻ എന്നാൽ 75%. 80% അധ്യാപകർ ഉൾക്കൊള്ളുന്ന സംഘടനയുടെ നേതാവിനെ എടുക്കണമെന്ന് പറയാനുള്ള അവിവേകമൊന്നും ഞാൻ കാണിക്കുന്നില്ല. പക്ഷെ അധ്യാപക സംഘടനക്ക് തന്നെ ഒരുതരത്തിലും അംഗീകരിക്കാൻ കഴിയാത്ത തരത്തിലുള്ള ആള് തന്നെ വേണോ സിൻഡിക്കേറ്റിൽ. കഴിവ് എന്നുപറയുന്നത് എന്താണ് ? ആ സംഘടയ്ക്കുപോലും ഉൾക്കൊള്ളാൻ കഴിയാത്ത ആള്. അതുകൊണ്ട് സംഘടനയുടെ ആള് എന്നുപറഞ്ഞ് ഓരോ സീറ്റിൽനിന്നും തങ്ങളുടെ ഇംഗിതം അനുസരിച്ച് പ്രവർത്തിക്കാവുന്ന ആളുകളെ അവിടെ വച്ചിരിക്കുകയാണ്. നമ്മുടെ position paper on GATS and its implication on higher education ഡി.എം. പവാർ, വൈസ് ചാൻസിലർ, മറാട്ടുവാഡാ യൂണിവേഴ്സിറ്റി, അതിൽ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ അദ്ദേഹം ചെയർമാനായിക്കൊണ്ടുള്ള ഒരു ടാസ്ക് ഫോഴ്സ് ഇൻഡ്യയിലെ ഉന്നത വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിലെ പ്രശ്നങ്ങൾ പഠിച്ചുകൊണ്ട് അവർ ഒരു കാര്യം പറഞ്ഞു. നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളത്തിന് ബാധകമാണ്, ഗവൺമെന്റ് മുതൽ മുടക്കിൽനിന്ന് പിൻതിരിയുകയാണ്. നമ്മുടെ ഹയർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറി മദ്രാസിൽ നടന്ന യോഗത്തിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞതുപോലെ സർക്കാർ പിൻമാറുകയാണ്. സ്വകാര്യ മേഖലയ്ക്ക് ഈ മേഖല വിട്ടു കൊടുത്തിരിക്കുകയാണ്. അവർ മുതൽമുടക്കുകയാണ്. അവർ ബിസിനസ്സായി ഇതിനെ കാണുകയാണ്. അവർ ലാഭം കൊയ്യുകയാണ്. അവർ സാമൂഹിക നിയന്ത്രണത്തിന് വിധേയമാക്കാൻ എന്തെങ്കിലും വ്യവസ്ഥ നിയമത്തിൽ കൊണ്ടുവന്നോ? ഞങ്ങൾ സ്വകാര്യ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിനെ ഒന്നും എതിർക്കുന്നില്ല. ഒരു സോഷ്യൽ കൺട്രോൾ ഇന്ന് ഭേണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മുഴുവൻ സംഘടനകളും അധ്യാപക സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ എല്ലാവരും ഉയർത്തിയിട്ടുള്ള പ്രശ്നത്തിന് പരിഹാരം ഈ വ്യവസ്ഥയിലുണ്ടോ? അതുകൊണ്ട് കേരളത്തിന്റെ പരിധിയിൽ വരുന്ന ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ പേപ്പറിൽ പറയുന്ന 7%-ന് മാത്രമായി ഇപ്പോൾ വിദ്യാഭ്യാസം പരിമിതപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അതിനേക്കാൾ പരിമിതപ്പെടുത്തുന്ന ഒരു നയമാണ് നിങ്ങളുടെ നയം. ആ നയമാണ് ഈ ബില്ലിൽ ഉൾക്കൊള്ളുന്നത് എന്നതുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിച്ച് ശക്തമായി ഈ ബില്ലിനെ എതിർക്കേണ്ടിവരുന്നത്.

പ്രൊഫ: എ. ഡി. മുസ്തഫ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഞാൻ സർവ്വകലാശാല നിയമ ഭേദഗതി ബില്ലിനെ അനുകൂലിക്കുകയാണ്. ഈ ബില്ലിലെ ഉദ്ദേശകാരണങ്ങളുടെ വിവരണം വ്യക്തമായി സൂചിപ്പിക്കുന്ന ഒരു വസ്തുത നമ്മുടെ സംസ്ഥാനത്തെ നാല് സർവ്വകലാശാലകൾ, വ്യത്യസ്തമായ കാലഘട്ടങ്ങളിൽ സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങൾ—കേരള യൂണിവേഴ്സിറ്റി അതിനെ നിയന്ത്രിക്കുന്നത് 1974-ലെ ആക്ടാണ്. കാലിക്കട്ട് യൂണിവേഴ്സിറ്റി 1975-ൽ, എം. ജി. യൂണിവേഴ്സിറ്റി 1985-ൽ, കണ്ണൂർ യൂണിവേഴ്സിറ്റി 1996-ലേയും 2001-ലെയും കണ്ണൂർ യൂണിവേഴ്സിറ്റി ആക്ട് വ്യത്യസ്തമായ കാലയളവിൽ രൂപീകൃതമായ യൂണിവേഴ്സിറ്റികൾ, വ്യത്യസ്തമായ കാലയളവിൽ നിയമിക്കപ്പെട്ട ആക്ടുകൾ ഇതിന്റെയൊക്കെ പരിണിതഫലംകൊണ്ട് ഇന്ന് നമ്മുടെ സർവ്വകലാശാലകളിൽ ഭരണ സമിതികൾ-സിൻഡിക്കേറ്റ്-പ്രത്യേകിച്ച് ചില സിൻഡിക്കേറ്റുകൾ കാലാവധി കഴിഞ്ഞ് തുടരുകയാണ്. ചില യൂണിവേഴ്സിറ്റികളിൽ സെനറ്റുകൾ ഇല്ല. സിൻഡിക്കേറ്റുകൾ മാത്രമാണുള്ളത്. വ്യത്യസ്ത തലങ്ങളിലുള്ള ഭരണ സംവിധാനങ്ങളിൽ ഒരു ഏകദേശ തീയതി രൂപീകരിക്കാനുള്ള ഒരു തീരുമാനത്തിന്റെ ഭാഗമായിക്കൊണ്ടാണ് ഈ ആക്ടിൽ എന്ന് ഉദ്ദേശ ലക്ഷ്യങ്ങളിൽ ആദ്യം തന്നെ ചൂണ്ടിക്കാണിക്കുകയാണ്. ഒരു നോമിനേറ്റഡ് ഭരണ സമിതിയുടെ കാലാവധിയെന്നുള്ളത് ആറ് മാസം മാത്രമാണ്. ആറ് മാസത്തിൽത്തന്നെ-ഈ ആക്ട് ജനുവരി ആറാം തീയതി മുതൽ പ്രാബല്യത്തിലാകുന്നുവെന്നുള്ളതുകൊണ്ട് തന്നെ രണ്ട് മാസം കഴിഞ്ഞു. സ്വാഭാവികമായും നല്ല ഉദ്ദേശലക്ഷ്യം വച്ച് ഈ ആക്ടിന്റെ ആദ്യത്തെ പ്രൊവിഷനെ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. ഈ ബില്ലിൽ ഗ്രാഡ്വേറ്റ് കോൺസ്റ്റിറ്റുവൻസിയിലെ ഇരുപത് അംഗങ്ങളെ വേണ്ടെന്ന് വച്ചതിനെ ജനാധിപത്യ ധ്വംസനമായി വിശേഷിപ്പിക്കുകയുണ്ടായി. ഇന്ന് യൂണിവേഴ്സിറ്റികളിൽ പതിനായിരക്കണക്കിന് രജിസ്റ്റേഡ് ഗ്രാഡ്വേറ്റ്സുണ്ട്. വിദ്യാഭ്യാസം സാർവ്വത്രികമായതോടുകൂടി പതിനായിരക്കണക്കിന് ആളുകളാണ് ഓരോ സർവ്വകലാശാലയിൽനിന്നും ബിരുദമെടുത്ത് പുറത്തുവരുന്നത്. ഇവർക്കൊക്കെ സർവ്വകലാശാലയുടെ കാര്യത്തിൽ താൽപര്യമുണ്ടാകുമെന്ന് വിശ്വസിക്കാൻ പറ്റുന്നതല്ല. കുടിക്കുന്ന വെള്ളത്തിലും ശ്വസിക്കുന്ന വായുവിലും രാഷ്ട്രീയം കാണുന്ന ഇന്നത്തെ സാഹചര്യത്തിൽ രജിസ്റ്റേഡ് ഗ്രാഡ്വേറ്റ് എന്നു പറയുന്നത്-പോസ്റ്റൽ വോട്ടായി-ആരും അറിയാതെ വോട്ടുകൾ ചെയ്യുന്ന കാലഘട്ടത്തിൽ ഇത് പൂർണ്ണമായി രാഷ്ട്രീയ മൽസരത്തിന് ഇടവരുത്തുമെന്നുള്ളതുകൊണ്ട് തന്നെ താൽപര്യമില്ലാത്ത ആളുകളുടെ പേരിൽ വോട്ട് വാങ്ങുന്നു. പാർട്ടിയുടെ പേരിൽ വോട്ട് വാങ്ങുന്നു. ഇത് റദ്ദാക്കിയതിനെ പൂർണ്ണമായി അനുകൂലിക്കുകയാണ്. ഇവിടെ അക്കാഡമിക് ഓട്ടോണമി കൂടുന്നത് പരാമർശിക്കുകയുണ്ടായി. എയിഡഡ് കോളേജിന് ചില സ്ഥാപനങ്ങളിൽ ഈ ഡിപ്പാർട്ടുമെന്റിന് ഇക്കാര്യത്തിൽ വളരെ ജാഗ്രത ആവശ്യമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചില ഡിപ്പാർട്ടുമെന്റിന് മാത്രമായി കൊടുക്കുന്നതിനെ എതിർക്കുകയുണ്ടായി. പല കോളേജുകളിലും നമുക്കറിയാം പ്രൊഫസർ ഓഫ് എമിനൻസ് എന്നുപറഞ്ഞുകൊണ്ട് ചില സ്ഥാപനങ്ങളിലെ ചില ഡിപ്പാർട്ടുമെന്റ് ഹെഡ്സ് കൊടുക്കാറുണ്ട്. സ്വാഭാവികമായും ദേശീയാടിസ്ഥാനത്തിൽ പ്രൊഫസർ ഓഫ് എമിനൻസ് യു.ജി.സി. നൽകുന്ന ഏർപ്പാടാണ്. അത്തരം പ്രൊഫസർ ഓഫ് എമിനൻസുള്ള ഡിപ്പാർട്ടുമെന്റുകൾക്ക് സ്വാഭാവികമായും ഓട്ടോണമി നൽകുന്നില്ലെന്നു പറയുന്നത് തെറ്റാണ്. പക്ഷെ ഇത് ഇരുതല മൂർച്ചയുള്ള ഒരു വസ്തുതയായതുകൊണ്ട് ഇക്കാര്യങ്ങൾ നീക്കണമെന്ന് ഞാൻ പറയുകയാണ്. വേറൊന്ന് ഏറ്റവും അനുകൂലമായ ഘടകമെന്ന് പറയുന്നത് സെൽഫ് ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസാണ്. വ്യക്തിപരമായി സ്വാശ്രയ സ്ഥാപനങ്ങളെ അനുകൂലിക്കാത്ത ആളാണ് ഞാൻ. പക്ഷെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ സാമ്പത്തികമായ പരിമിതി കാരണം പുതിയ സ്ഥാപനങ്ങൾ തുടങ്ങാൻ കഴിയാത്ത സാഹചര്യത്തിലാണല്ലോ നമ്മളൊക്കെ സെൽഫ് ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷനെ പ്രത്യേകിച്ച് സാങ്കേതിക വിദ്യ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചത്. ഞാനത് കാണുന്നത് നെസസറി ഈവിൾ ആയിട്ടാണ്. മറ്റൊന്നും ചെയ്യാൻ പറ്റാത്തതുകൊണ്ട് ഇത് അനുവദിക്കുകയാണ്. സോഷ്യലിസം എന്നുപറയുന്നത് ദാരിദ്ര്യത്തിന്റെ വിതരണമല്ല, മറിച്ച് സോഷ്യലിസം കൊണ്ട് ഉദ്ദേശിക്കുന്നത് ദാരിദ്ര്യ നിർമ്മാർജ്ജനമാണ്. ഒരു സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻ അതിന്റെ മേലെ ഒരു പടി കൂടി കൺട്രോൾ കൊണ്ടുവരാൻ ആക്ട് തയ്യാറാകുന്നു എന്നുള്ളത് വളരെ നല്ലൊരു കാര്യമാണ്. നമ്മൾ സാധാരണ പറയാറുണ്ടല്ലോ രണ്ട് സെൽഫ്ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻ എന്നുപറഞ്ഞാൽ അഡ്മിഷന്റെ കാര്യത്തിൽ അതൊരു ഗവൺമെന്റ് കോളേജിന് തുല്യമാണെന്ന്. അതിന്റെ അനുബന്ധമായിക്കൊണ്ട് ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യത്തിൽ പറയുമ്പോൾ ചില സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷൻസ് ഇന്ന് ഒരു കച്ചവടമായി മാറിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആ കച്ചവടത്തിന്റെ ഏറ്റവും വലിയ ഘടകമെന്ന് പറയുന്നത് ഏതെങ്കിലും ഷെഡ്ഡ് കാണിച്ചുകൊടുത്ത് അവിടെ കോളേജ് തുടങ്ങുന്ന ഏർപ്പാടുണ്ട്. എന്റെ ജില്ലയിൽത്തന്നെ എനിക്കറിയാം ഒരു കെട്ടിടം കാണിച്ചുകൊണ്ട് മൂന്ന് കോഴ്സുകൾ സ്ഥാപിച്ച ആളുകളുണ്ട്. അങ്ങനെയുള്ള ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ഇൻഫ്രാസ്ട്രക്ച്ചറിന്റെ കാര്യത്തിലും കെട്ടിടത്തിന്റെ കാര്യത്തിലും അധ്യാപക-അധ്യാപകേതര ജീവനക്കാരുടെ കാളിഫിക്കേഷന്റെ കാര്യത്തിലും ഈ ആക്ടിൽ അത്തരം നിയന്ത്രണം ഏർപ്പെടുത്താൻ പോകുന്നു എന്നുള്ളതും വളരെയധികം അനുകൂലമാണെന്നുള്ള കാര്യമാണ്. അതുപോലെ തന്നെ ശംബളം കൊടുക്കുന്ന തസ്തികയിൽ ഗവൺമെന്റിന്റെ പ്രീവിയസ് പെർമിഷൻ ആവശ്യമാണ്. അത്തരം നല്ല ഘടകങ്ങളുള്ള അമെന്റ്മെന്റ് ആക്ട് അതോടൊപ്പം തന്നെ സർക്കാരിന് ഒരു സാമ്പത്തിക ബാധ്യതയും ഇല്ലാത്തതുകൊണ്ട് ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ: ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചും ഗവേഷണത്തെക്കുറിച്ചും സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും കോളേജുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഗവൺമെന്റ് ഒരു നയമുണ്ടാകണം. ആ ഗവൺമെന്റ് നേതൃത്വം കൊടുക്കുന്ന നേതൃത്വത്തിന് ഒരു നയമുണ്ടാകണം. അതിന്റെയടിസ്ഥാനത്തിൽ അത് പരിശോധിക്കണം. പരീക്ഷാ നടത്തിപ്പിനെക്കുറിച്ച്

മി. സ്പീക്കർ: ഈ സ്റ്റേജിൽ ഇത് സംസാരിക്കാൻ അനുവദിക്കാൻ പറ്റില്ല.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ പ്രസംഗത്തിന് ഓതറൈസേഷൻ തന്നിട്ടുണ്ട്.

മി. സ്പീക്കർ: ഇതിൽ ഒരു തർക്കത്തിന് സമയം ഇല്ല. പറഞ്ഞുകൊള്ളൂ.

ശ്രീ. ടി. കെ. ദേവകുമാർ: സർവ്വകലാശാലയുടെ സ്വയംഭരണാവകാശത്തെക്കുറിച്ച് 1956-ൽ ബഹുമാനപ്പെട്ട ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച വിദ്യാഭ്യാസ നിയമം കേവലം രാഷ്ട്രീയ അധ്യാപകർക്കും അതുപോലെ കുറേ ആളുകൾക്കും സർവ്വീസ് ആനുകൂല്യങ്ങൾ മാത്രം ഉണ്ടാക്കുന്നതിനുള്ളതായിരുന്നില്ലല്ലോ ; വിദ്യാഭ്യാസത്തിന്റെ അലകും പിടിയും തയ്യാറാക്കുകയായിരുന്നു. ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീർ ഈ കസേരയിൽ ഇരിക്കുന്നതുകൊണ്ടും ചില പ്രതീക്ഷകൾ ഉള്ളതുകൊണ്ടും അവതരിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഹസ്സൻ അപ്പുറത്തിരിക്കുന്നുണ്ടല്ലോ? ഈ സിൻഡിക്കേറ്റിൽ വിദ്യാർത്ഥി പ്രതിനിധിയാണെന്ന് പറഞ്ഞ് അങ്ങോളമിങ്ങോളം സംഘടനാ പ്രവർത്തനം നടത്തിയ ആളാണ്. അദ്ദേഹം കൂടി ഉൾപ്പെടുന്ന രാഷ്ട്രീയ നേതൃത്വം കൊണ്ടുവന്നിരിക്കുന്ന ബില്ലിനെക്കുറിച്ച് വിദ്യാഭ്യാസ വിചക്ഷണനൊന്നുമില്ല, പാവപ്പെട്ട തൊഴിലാളി പ്രവർത്തകനാണ്. വക്കീലല്ല, ഡിഗ്രി ഹോൾഡറല്ല പാവപ്പെട്ട ഒരു പൊതുപ്രവർത്തകനാണ്. പക്ഷെ വിദ്യാഭ്യാസത്തെക്കുറിച്ച് ഞങ്ങൾക്ക് അഭിപ്രായമുണ്ട്. ഒരു സ്വപ്നമുണ്ട്. ഞങ്ങളുടെ കുട്ടികളുടെ നാളത്തെ ഭാവി എന്തായിരിക്കണം എന്ന്. ഇതൊന്ന് പറയാൻവേണ്ടി മാത്രമാണ് ഈ അവസരം വിനിയോഗിക്കുന്നത്. സർവ്വകലാശാലയുടെ സ്വയംഭരണാവകാശം സംരക്ഷിക്കാനുള്ള ബാധ്യത ഈ സർക്കാരിനുണ്ടാകണമെന്ന് പറയാനാണ് ഞാൻ ആഗ്രഹിച്ചത്. കാരണം ഗവൺമെന്റിന്റെ ചൊൽപ്പടിയിൽ സർവ്വകലാശാല നിന്നാൽ എല്ലാം മെച്ചപ്പെടുമെന്നുള്ള ഒരു ധാരണയിൽ നിന്നുകൊണ്ടാണ് ഈ ബില്ല് ഇവിടെ വയലേറ്റ് ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ചോദിക്കട്ടെ ഈ രാജ്യത്തെയും ലോകത്തെയും സർവ്വകലാശാലകളെക്കുറിച്ച് പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തയാളാണല്ലോ അങ്ങ്. ഇങ്ങനെ സർവ്വകലാശാലകളുടെ മേൽ പൂർണ്ണമായി നിയന്ത്രണം ചുമത്തപ്പെടുന്നത് ലോകത്തെവിടെയെങ്കിലും ഉണ്ടോ? ഇൻഡ്യാരാജ്യത്ത് എവിടെയെങ്കിലുമുണ്ടോ? അങ്ങിത് വ്യക്തമാക്കാൻ തയ്യാറാകണം. എല്ലാം പിടിമുറുക്കാൻ ശ്രമിക്കുകയാണ്. അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി, ബനാറസ് ഹിന്ദു സർവ്വകലാശാല ഇവയുടെ പ്രവർത്തനങ്ങൾ എന്നേക്കാൾ നന്നായി അങ്ങേക്ക് അറിയാമല്ലേ? കാലിഫോർണിയ സർവ്വകലാശാലയും ഓക്സ്ഫോർഡ് സർവ്വകലാശാലയിലുമൊക്കെയുള്ള നിയന്ത്രണമെന്താണ്? അങ്ങ് ഞങ്ങളേപ്പോലുള്ള ജൂനിയേഴ്സിന് ഒന്ന് മനസ്സിലാക്കിത്തരണം. അങ്ങ് ഇതിന്റെ സ്വയംഭരണാവകാശം നിലനിർത്തുകയല്ലേ വേണ്ടത്. ഗവേഷണത്തിന് വേണ്ടി ചെലവഴിക്കുന്ന തുകയെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ചില ഭരണകക്ഷി മെമ്പർമാർ ഇവിടെ ചർച്ച ചെയ്യുന്നത് കേട്ടു. കാശിനെടു ചട്ടി വാങ്ങി ചട്ടിയെടു

9.00 P. M.] കാശിനു വിൽക്കുന്ന കച്ചവട തന്ത്രമല്ലേ പറയുന്നത്. ഇത് പഴയ മുപ്പിലാന്മാരുടെ കച്ചവടതന്ത്രം. അതല്ല, ഇവിടെ ചർച്ച ചെയ്യുന്നത്. അതല്ലായെങ്കിൽ ഗവേഷണത്തിന് മുതൽമുടക്കിയാൽ എല്ലാ ഗവേഷണങ്ങളുടേയും ഫലം പുറത്തു വരുമോ. കായംകുളത്തിന് തെക്കെയപ്പുറത്ത് തെങ്ങിന്റെ രോഗം പരിശോധിക്കാൻ—ബഹുമാനപ്പെട്ട ഹസ്സന്റെ മണ്ഡലത്തിലാണല്ലോ. അവർ അവസാനം പറഞ്ഞത് എന്താണ്. ഗവേഷണം നടത്തി തെങ്ങ് വെട്ടി മാറ്റി പുതിയ തെങ്ങ് വയ്ക്കാൻ. നിങ്ങളുടെ കണക്കനുസരിച്ചാണെങ്കിൽ അവിടെ നിൽക്കുന്ന ശാസ്ത്രജ്ഞന്മാരെ അവിടെ തെങ്ങിൽ പിടിച്ചുകെട്ടി തല്ലുണ്ടേ. ഗവേഷണത്തോടുള്ള സമീപനം എന്താണെന്ന് ബോദ്ധ്യപ്പെടുത്തണം. എവിടെയാണ്, എന്തിനാണ് നിയന്ത്രണം വേണ്ടത് എന്നൊക്കെ നിങ്ങൾക്ക് വ്യക്തത ഉണ്ടാകണം. ഈ യൂണിവേഴ്സിറ്റികളിൽ എല്ലാം നടക്കുന്നത് ശരിയാണെന്നല്ല ഞങ്ങൾ പറഞ്ഞത്. വിദ്യാഭ്യാസത്തിന്റെ നിലവാരം സംരക്ഷിക്കാൻ ഇടപെടൽ വേണം. വിദ്യാഭ്യാസം വിൽപ്പനച്ചരക്കാകാതെയിരിക്കാൻ ഇടപെടൽ വേണം. കെ. എസ്. യു. സംസ്ഥാന പ്രസിഡന്റ് ബഹുമാനപ്പെട്ട ശ്രീ. ജി. കാർത്തികേയൻ കഴിഞ്ഞ ദിവസം എന്താണ് പറഞ്ഞത്. അരാഷ്ട്രീയ വൽക്കരിക്കപ്പെട്ട കലാലയ ക്യാമ്പസ് ഇന്ന് ധ്യാനകേന്ദ്രങ്ങളാകുന്നു. അവിടെ ഹോമകുണ്ഡങ്ങൾ ഉയരുകയും ചെയ്യുന്നു. നമുക്ക് ഈ സത്യം കാണാൻ കഴിയണം. സ്വാശ്രയ വിദ്യാഭ്യാസ കോളേജുകൾ അനുവദിച്ചു. അവിടെയാണ് പ്രശ്നം. എന്തിനൊക്കെ നിയന്ത്രണം വേണം എങ്ങനെയൊക്കെ വേണം അക്കാര്യങ്ങളിലൊക്കെ ഗവൺമെന്റിന് വ്യക്തത ഉണ്ടാകണം. വിദ്യാഭ്യാസ രംഗത്ത് ശ്രീ. ഇ. ടി മുഹമ്മദ് ബഷീറിനോട് അപേക്ഷിച്ചു. ഏകീകൃത സർവ്വകലാശാല ബിൽ പിൻവലിച്ചതുപോലെ ഈ ബിൽ പിൻവലിച്ചിട്ട് സർവ്വകലാശാല രംഗത്തെ ജനാധിപത്യാവകാശവും സ്വയംഭരണാവകാശവും നിലനിർത്തത്തക്ക തരത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് പാവപ്പെട്ടവന് ഉള്ള അവകാശം എങ്കിലും സംരക്ഷിക്കത്തക്കതരത്തിൽ നടപ്പാക്കണം. കയറൂരിവിട്ട സ്വാശ്രയ കോളേജിന്റെ സ്ഥിതി എവിടെയെത്തി നിൽക്കുന്നു. കാഴ്ചക്കാരനെപോലെ നിൽക്കുന്നു. പട്ടണത്തിന്റെ നടുവിൽ പട്ടി നിൽക്കുന്ന പോലെ പകച്ചു നിൽക്കുകയാണ് കേരളത്തിലെ സംസ്ഥാന സർക്കാർ. മെറിറ്റിൽ അഡ്മിഷൻ കിട്ടിയ കുട്ടികളുടെ ജീവിതം ഇട്ട് സ്വാശ്രയ കോളേജുകാർ പന്താടുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഒരു മൃഗത്തിന്റെ പുറകെ ഒരു പട്ടി നടക്കുന്നതു പോലെ നടക്കുകയാണ്. സ്വാശ്രയ മാനേജുമെന്റുകൾ പോകുകയാണ്. ആ രൂപത്തിൽ കാര്യങ്ങൾ എത്തി. തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ ഗവൺമെന്റും നിയമസഭയും നോക്കുകുത്തിയായി നിൽക്കുമ്പോൾ സ്വാശ്രയ മാനേജുമെന്റുകാർ ധിക്കാരപരമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. ഇതിനെ നിയന്ത്രിക്കാൻ കഴിയണം. ഞാനൊക്കെ ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ ഇവിടെ മുദ്രാവാക്യം എഴുതി ഇന്നലെ ഞാനതു വായിച്ചു നോക്കി. ശ്രീ. എ. കെ. ആന്റണിയുടെ മുദ്രാവാക്യം എയ്ഡഡ് കോളേജ് മാനേജർമാർക്ക് മുക്കുകയർ ഇടുമെന്ന് പറഞ്ഞ ഭരണ നേതാക്കന്മാരുടെ കാലത്ത് ഇപ്പോൾ അൺഎയ്ഡഡ് കോളേജുകാരുടെ സ്ഥിതിയെന്താണ്. അൺഎയ്ഡഡ് കോളേജുകാരൻ നിങ്ങൾക്ക് മുക്കുകയർ ഇട്ടിരിക്കുകയാണ്. അന്ന് സ്വാശ്രയ മാനേജുമെന്റുകാരുടെ മുക്കു കയറിടുമെന്ന് പറഞ്ഞപ്പോൾ, ഇപ്പോൾ പ്രക്ഷോഭകാരികൾ ഭരണാധികാരികളായപ്പോൾ സ്വാശ്രയ മാനേജുമെന്റുകാർ നിങ്ങൾക്ക് മുക്കു കയറിട്ടിരിക്കുന്നു. ഇതിനാണ് കൂട്ടായ ചർച്ച വേണമെന്ന് പറഞ്ഞത്. സ്വകാര്യ മേഖലയ്ക്ക് Educational autonomy കൊടുത്താൽ എങ്ങനെയിരിക്കും. ഒറ്റ കാര്യം കൂടെ ചോദിച്ചോട്ടെ. മോഡൽ പരീക്ഷയ്ക്ക് ചോദ്യപേപ്പറിന് വെറും 40 രൂപയാണ് കമ്പോളവില. അദ്ധ്യാപകനായ ഒരു രക്ഷാകർത്താവ് എന്നോട് പറഞ്ഞതാണ്. അദ്ദേഹത്തിന്റെ പേര് ഇപ്പോൾ പറയുന്നില്ല. ഇതിനല്ലേ തടയിടേണ്ടത്. ഇതിനല്ലേ നിയന്ത്രണം വേണ്ടത്. ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ഇന്നലെ പറഞ്ഞത് ഗ്രാഡ്വേറ്റുകാരുടെ എണ്ണം കൂടിയതുകൊണ്ട് ആ മണ്ഡലത്തിൽ 20 പേരുടെ സെനറ്റ് വേണ്ടായെന്ന്. എന്നാൽ എണ്ണം കൂടിപോയെങ്കിൽ ഒന്ന് ചോദിച്ചോട്ടെ ഇതല്ലേ കേന്ദ്ര ഗവൺമെന്റ് ശ്രീ. ഇ. ടി.-യോട് പറഞ്ഞത്. ഇവിടെ വിദ്യാഭ്യാസം ഉള്ളവരുടെ എണ്ണം കൂടി, പൊതുജനാരോഗ്യ ആശുപത്രികളുടെ എണ്ണം കൂടി. അതുകൊണ്ട് നിങ്ങൾക്ക് കാശ് തരില്ലായെന്നാണ് കേന്ദ്രത്തിൽ നിന്ന് പറഞ്ഞത്. അങ്ങ് എന്തുകൊണ്ട് പോസ്റ്റ് ഗ്രാഡ്വേറ്റുകാരനെ മണ്ഡലത്തിൽ തീരുമാനിച്ചില്ല. ജനാധിപത്യം വേണ്ടായെന്നാഗ്രഹിക്കുന്നു. സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനത്തിന് മിനിമം പരീക്ഷ യോഗ്യത വേണ്ടേ, മിനിമം ശമ്പള സ്കെയിൽ വേണ്ടേ. അതിനൊരു പ്രായപരിധി വേണ്ടേ. അങ്ങ് നിർദ്ദേശിക്കുന്ന ഈ ബില്ലിനകത്ത് ഇതുണ്ടോ. സ്വാശ്രയ കോളേജുകളിലേയ്ക്ക് നിയമിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപകർക്ക് ഒരു വയസ്സിന്റെ പരി ധിയും ഒരു മിനിമം ശമ്പളവും വേണ്ടേ. ഇതൊക്കെയാണോ ഈ ബിൽകൊണ്ടു ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ, എല്ലാ ആദരവുകളും നിലനിർത്തിക്കൊണ്ട് പറയുകയാണ് ഈ ബിൽ കൂടി അങ്ങ് പിൻവലിക്കണം. ഭരണ പ്രതിപക്ഷ നേതാക്കന്മാരെ വിളിച്ചു ചേർക്കുക. കേരളത്തിലെ ഈ വിദ്യാഭ്യാസ രംഗത്ത് എന്തൊക്കെ നിയന്ത്രണം വരണം, എങ്ങനെയൊക്കെ നിയന്ത്രിക്കണം, autonomy എങ്ങനെ നിലനിർത്തണം, ജനാധിപത്യ സംവിധാനം എങ്ങനെ നിലനിർത്തണം എന്നതിനൊക്കെ ഒരു കൂട്ടായ ചർച്ചയുണ്ടാകണം. അദ്ധ്യാപക പ്രവർത്തകരോട് ഗവേഷണ സംഘടനകളോട്, വിദ്യാർത്ഥി സംഘടനാ പ്രവർത്തകരോട് എല്ലാം ചർച്ച ചെയ്തിട്ട് സമന്വയം ഉണ്ടാക്കി അതിനാവശ്യമായ ബിൽ കൊണ്ടുവരിക. കരി നിയമം എന്ന് ചരിത്രത്തിൽ രേഖപ്പെടുത്താൻ പോകുന്ന ഈ ബിൽ പിൻവലി ക്കണമെന്നാവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. ടി. കെ. ദേവകുമാർ സംസാരിക്കുമ്പോൾ അധികം കൈ ഉയർത്താതിരിക്കുക.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് എന്റെ സ്നേഹിതന്മാരായ സർവ്വശ്രീ മത്തായി ചാക്കോ, എം. വി. ജയരാജൻ, കെ. രാധാകൃഷ്ണൻ, പ്രൊഫ. എ. ഡി. മുസ്തഫ എന്നിവരുടെ അഭിപ്രായങ്ങളിലെ നല്ല കാര്യങ്ങളെല്ലാം ഞാൻ സ്വാഗതം ചെയ്യുകയാണ്. ശ്രീ. മത്തായി ചാക്കോ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽ ഒരുപാട് കാലം സേവനം അനുഷ്ഠിച്ച ആളാണ്. അതുകൊണ്ട് സംസാരത്തിൽ എന്തെങ്കിലും വിമർശനങ്ങൾ ഉണ്ടെങ്കിൽപോലും ആ നിലയിൽ ഞാൻ കാണുന്നില്ല. നിങ്ങളൊക്കെ എക്സ്പീരിയൻസ് ഉള്ള ആളുകളാണ്. പക്ഷേ അതിലേക്ക് കടക്കുന്നതിനു മുമ്പ് ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. നിങ്ങൾ അപ്പുറത്തു നിന്ന് സംസാരിക്കുമ്പോൾ ലീഗിനെ താഴ്ത്തികെട്ടുന്ന സ്വഭാവമുണ്ട്. നമ്മളെല്ലാം രാഷ്ട്രീയ രംഗത്ത് ഒരു നിലവാരം പുലർത്തേണ്ടവരാണ്. ലീഗുകാർ എന്നു പറഞ്ഞാൽ അരിക്കാരൻ ബീരാനെ വൈസ് ചാൻസലർ ആക്കുന്ന ലീഗുകാർ, ജോയിന്റ് സെക്രട്ടറിയുടെ ലെവലിലുള്ളവർ വന്നാൽ മതിയെന്ന് പറയുന്ന ലീഗുകാർ അങ്ങനെ ഒരു സങ്കൽപ്പം നിങ്ങൾക്ക് ലീഗുകാരെപ്പറ്റി ഉണ്ടാകരുത്. നിങ്ങളുടെ പാർട്ടിക്കാണോ ഞങ്ങളുടെ പാർട്ടിക്കാണോ വലിപ്പം എന്നകാര്യം പിന്നെ നോക്കാം. ചിന്തയുടെ കാര്യത്തിൽ ലീഗ് ഒരു വിശാലമായ കടലാണ്. നിങ്ങൾ വെറും പൊട്ടക്കുളമാണ്. അതാണ് ഞങ്ങളും നിങ്ങളും തമ്മിലുള്ള വ്യത്യാസം. അപ്രോച്ച് അതാണ്. നിങ്ങൾ അരിക്കാരൻ ബീരാന്റെ പാർട്ടിയല്ല, വലിയ ഉന്നതന്മാരാണെന്നു പറയുന്നുണ്ടല്ലോ. ദേശാഭിമാനി ഉണ്ടല്ലോ. നിങ്ങളുടെ മറ്റ് പത്രങ്ങൾ ഉണ്ടല്ലോ. നിങ്ങളുടെ ആശയത്തെ എതിർക്കുന്ന ആരെയെങ്കിലും ഒരു കോളം കൊടുത്ത് നിങ്ങൾ വളർത്തിയെടുത്തിട്ടുണ്ടോ. ഞങ്ങൾ അഭിമാനത്തോടെ പറയട്ടെ ശ്രീ. സി. എച്ച്. മുഹമ്മദ് കോയ പത്രാധിപരായിരുന്ന ചന്ദ്രിക പത്രം Muslim Printing and Publishing Company എന്നാണ് ആ പത്രത്തിന്റെ പേര്. മലയാളക്കരയിൽ ഇന്ന് ജീവിച്ചിരിക്കുന്ന പ്രധാനപ്പെട്ട എല്ലാ സാഹിത്യകാരന്മാർക്കും ആദ്യം കോളം കൊടുത്തത് ഞങ്ങളാണ്. നിങ്ങൾക്കു ചിന്തിക്കാൻ പറ്റുമോ കുടിക്കുന്ന പച്ചവെള്ളത്തിൽപോലും ഇടതുപക്ഷത്തിന്റെ ചുവയുണ്ടാകണമെന്ന് വിചാരിക്കുന്ന നിങ്ങൾക്ക് ഞങ്ങൾ ചിന്തിക്കുന്നപോലെ ചിന്തിക്കാൻ ഒക്കില്ല. അത്രയുമെ പൊളിറ്റിക്സ് ഞാൻ പറയുന്നുള്ളു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇന്നത്തെ പത്രത്തിൽ ഒരു വാർത്ത വന്നു. മുസ്ലീം ലീഗുകാർക്ക് ഫത്വ ഇറക്കിയിരിക്കുന്നു. അവർ മാർക്സിസ്റ്റുകാരെ കല്യാണം കഴിക്കാൻ പാടില്ലായെന്ന്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : പൊതുവെ ഫത്വ എല്ലാം ഇറക്കുന്നത് നിങ്ങളല്ലേ. ഒരു കാലത്ത് മത ചിഹ്നങ്ങൾ വച്ചിട്ട് രാഷ്ട്രീയം നടത്താൻ പാടില്ലായെന്ന് പറഞ്ഞ നിങ്ങൾ, മലപ്പുറത്ത് ഇന്ന് ദിക്ർ ഹൽഖയ്ക്ക് പോകുകയാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനും കൂട്ടരും. മാത്രമല്ല, കേരള കൗമുദിയിൽ ഒരു വാർത്ത

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു. ശ്രീ. കോടിയേരി വായിച്ചോയെന്ന് എനിക്കറിയില്ല. മലപ്പുറം ജില്ലാ മാർക്സിസ്റ്റ് പാർട്ടി സെക്രട്ടറി ഉമ്മർ മാഷിന്റെ ലേഖനം തുടങ്ങുന്നത്—വേണ്ടി വന്നാൽ ഞങ്ങൾ നിസ്കാര തൊഴിലാളി യൂണിയനും ഉണ്ടാക്കുമെന്നാണ്. നിങ്ങളുടെ മാറ്റം അവിടെയാണ്.

ശ്രീ. എ. കെ. ബാലൻ: ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന് വല്ലാത്ത നാമവിശേഷണം നൽകുന്ന ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇടക്കാലത്ത് മാറി കുറച്ചുകാലം ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നല്ലോ. അന്ന് ഈ വികാരം ഉണ്ടായിരുന്നില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അന്നല്ല, അഖിലേന്ത്യാ ലീഗെന്ന നിലയിൽ നിങ്ങളുടെ കൂടെ ഉണ്ടായിരുന്നു. നിങ്ങളുടെ മുന്നണിയിൽ നിന്നപ്പോൾ നിങ്ങളുടെ ശരിയത്തിന്റെ പ്രശ്നം വന്നപ്പോൾ, നിങ്ങളുടെ തനി സ്വഭാവം മനസ്സിലായപ്പോൾ, ഞങ്ങൾ നിങ്ങളെ വിട്ടു.....ബഹളം.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ വാർത്ത അങ്ങനെയല്ല, അത് തെറ്റിദ്ധാരണാജനകമായിട്ടാണ് പത്രത്തിൽ വന്നത്. യൂസഫർ ഖർദ്ദാവി എന്നുപറയുന്ന ഒരു പ്രഗത്ഭനായ മുസ്ലീം പണ്ഡിതൻ ഒരു ഫത്വ ഇറക്കിയിട്ടുണ്ട്.....(ബഹളം).....ലോകത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന ഏറവും പ്രഗത്ഭനായ ഒരു മുസ്ലീം പണ്ഡിതന്റെ പേര് ശ്രീ. എ. കെ. ബാലൻ കേട്ടിട്ടില്ല എന്നാണ് പറയുന്നത്. യൂസഫർ ഖർദ്ദാവി ഇറക്കിയ ആ ഫത്വ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ പുസ്തകം ലീഗുകാർ പ്രചരിപ്പിച്ചു എന്നാണ് കേസ്. അത് ലീഗിന്റെ ഫത്വ ആയിട്ടാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞത്. അത് തെറ്റാണ്.

ശ്രീ. എ. കെ. ബാലൻ : ആ പത്രം ഒന്ന് മേശപ്പുറത്ത് വയ്ക്കുമോ?

മി. സ്പീക്കർ : അങ്ങനെ എല്ലാം മേശപ്പുറത്ത് വയ്ക്കാൻ പറ്റില്ല.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ഇന്ത്യൻ പാർലമെന്റിലെ മതകാര്യ വകുപ്പുമേധാവിയുടെ ഫത്വ ഈ നാട്ടിൽ ഏറ്റവും കൂടുതൽ പ്രസിദ്ധീകരിച്ച പാർട്ടിയും അതുപോലെതന്നെ അവരുടെ വോട്ടുവാങ്ങി കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ മഞ്ചേരിയിൽ നിന്നും ജയിച്ച ആളുകളുമാണ് അപ്പുറത്തിരിക്കുന്ന സി. പി. ഐ. എം. എന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഞാൻ പറഞ്ഞുവന്നത്.....(ബഹളം).....നിങ്ങൾ ആക്ഷേപിച്ചോ കുഴപ്പമില്ല. നിങ്ങൾക്ക് രാഷ്ട്രീയമായ ഒരു സമീപനമുണ്ട്. പക്ഷേ ഇല്ലാത്ത വിധത്തിൽ കുത്തിനോവിക്കുക, ലീഗുകാരെന്നു പറഞ്ഞാൽ അവർ താഴ്ന്ന കൂട്ടരാണെന്നുള്ള ആ പ്രത്യേക സ്വഭാവം നല്ലതല്ല. Ideological ആയി നിങ്ങൾ പറഞ്ഞാൽ അത് നമുക്ക് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് മാർക്സിസ്റ്റുകാർ മാർക്സിസ്റ്റുകാരെ കല്യാണം കഴിക്കണമെന്നല്ലേ? സൂക്ഷിച്ചുവേണം കല്യാണം കഴിക്കാൻ. കാരണം അടവുനയത്തിന്റെ ആളുകളാണ്, അതുകൊണ്ട് സൂക്ഷിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മുസ്ലീം സമുദായത്തിൽ ഈ പറയുന്ന ആളുകളെല്ലാം മാർക്സിസ്റ്റുകാരെ കല്യാണം കഴിച്ച് മൊഴി ചൊല്ലുമെന്നു പറഞ്ഞാൽ ശ്രീ. എം. എം. ഹസ്സന്റെ വീട്ടിലൊക്കെ കുറേ ആളുകൾ വന്നു നിൽക്കുന്ന സ്ഥിതിവരും, ശ്രദ്ധിക്കണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇവിടെ ശ്രീ. എം. വി. ജയരാജനും ശ്രീ. മത്തായി ചാക്കോയുമെല്ലാംതന്നെ യൂണിവേഴ്സിറ്റിയുടെ ആട്ടോണമിയിൽ ഞങ്ങൾ ഇടപെടുന്നു, ഞങ്ങളുടെ താൽപര്യത്തിനുവേണ്ടിയാണ് ഇത് പിരിച്ചുവിട്ടതെന്നുള്ള കാര്യങ്ങൾ ഇവിടെ പറഞ്ഞു. യൂണിവേഴ്സിറ്റി ജനാധിപത്യത്തെക്കുറിച്ചും ആട്ടോണമിയെക്കുറിച്ചുമൊക്കെ വളരെ ശക്തമായി ഇവിടെ പറഞ്ഞു. പക്ഷേ നിങ്ങൾ ഇത്രയൊക്കെ പറഞ്ഞിട്ടും ഒരു കാര്യം പറഞ്ഞില്ല. മിനിഞ്ഞാന്ന് ഈ ബിൽ സബ്ജക്ട് കമ്മറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം വന്നപ്പോൾ ഞാൻ ഒരു കാര്യം ശ്രീ. മത്തായി ചാക്കോയോട് ചോദിച്ചിരുന്നു. നിങ്ങളുടെ കാലത്ത് യൂണിവേഴ്സിറ്റിയുടെ മുഴുവൻ അതോറിറ്റിയേയും സിൻഡിക്കേറ്റ് ബോഡികളേയും പിരിച്ചുവിടാൻവേണ്ടി നിയമം കൊണ്ടുവന്നു. നിങ്ങൾക്ക് ഇഷ്ടമുള്ള 108 പേരെക്കൂടി നിങ്ങൾ സെനറ്റ് ഉണ്ടാക്കിയെന്ന് ഞാൻ പറഞ്ഞിരുന്നു. ഇപ്പോൾ നിങ്ങൾക്ക് അതിനെപ്പറ്റി എന്തെങ്കിലും മറുപടി പറയാനുണ്ടോ? ഞങ്ങൾ ചെയ്തത് വലിയ ജനാധിപത്യവിരുദ്ധമാണെന്നു പറയുന്ന നിങ്ങൾ ഞാൻ ഇന്നലെ വായിച്ചതിന്, ഇത് നിയമമാണ്, ഇത് സർപ്പം പോലെയുള്ള രേഖയാണ്, ഇത് വളരെ വ്യക്തമാണ്. അവർ പാസ്സാക്കിയ നിയമമാണ്. എന്താണ് ഈ നിയമത്തിൽ പറയുന്നത്? *Dissolution of the senate and syndicate:* Notwithstanding anything contained in the principal Act, or the statutes made thereunder, on and from the date of commencement of Calicut University (Amendment) Act, 1997, the Senate and the Syndicate of the University of Calicut shall stand dissolved and all the members of the said authority shall be deemed to have vacated their offices as such, on such resolution എന്നാണ്. ഇത് Act 2 of 1997 ആണ്. ദയവായി നിങ്ങൾ ഒരുകാര്യം ചെയ്യുക. എന്റെ ഭാഗത്ത് തെറ്റുണ്ടെങ്കിൽ അത് തിരുത്താം. ഞങ്ങൾ ചെയ്തുവെന്നു പറയുന്ന തെറ്റ് 2003-ന് കാലാവധി അവസാനിച്ച കോഴിക്കോട് യൂണിവേഴ്സിറ്റിയും 2004-ൽ കാലാവധി അവസാനിച്ച കേരള യൂണിവേഴ്സിറ്റിയും ആണ്. ഒന്നരക്കൊല്ലം കഴിഞ്ഞതിനുശേഷം വയസ്സുചെന്ന ഒരാൾക്ക് മാന്യോചിതമായി യാത്രയയപ്പു കൊടുക്കുന്ന കർമ്മമാണ് ഞങ്ങൾ ചെയ്തതെങ്കിൽ 6 മാസം പ്രായമായ സിൻഡിക്കേറ്റിനെ, ചെറിയകുഞ്ഞിനെ കാലുപിടിച്ച് നിലത്തിട്ടു കൊല്ലുന്ന ജോലി ചെയ്തവരാണ് നിങ്ങൾ. അങ്ങനെയുള്ള ജോലിചെയ്ത നിങ്ങളാണ് ഇപ്പോൾ എന്നോട് തിരിച്ച് ഇ. ടി. മുഹമ്മദ് ബഷീർ എന്തിനാണ് ജനാധിപത്യ ധ്വംസനം നടത്തുന്നതെന്ന് ചോദിക്കുന്നത്. ദയവായി നിങ്ങൾ സ്വന്തം ചെയ്തികളെ വിസ്മരിക്കാതിരിക്കുക. ഞങ്ങൾ ഒരിക്കലും അങ്ങനെ ഉദ്ദേശിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുണ്ടായിരുന്നുവെങ്കിൽ ഈ സിൻഡിക്കേറ്റിന് ആറുമാസമേ ലൈഫ് ഉള്ളൂ. പുതിയ സിൻഡിക്കേറ്റ് വരുന്നതുവരെയെന്ന് ഞങ്ങൾക്ക് എഴുതാമായിരുന്നു. അങ്ങനെ ഞങ്ങൾ ചെയ്തില്ലല്ലോ. Whichever is earlier എന്നാണ് പറഞ്ഞിരിക്കുന്നത്. പുതിയൊരു കമ്മിറ്റി വരുന്നതാണോ അതല്ല, ആറുമാസം കൊണ്ടാണോ, അത് ഞങ്ങൾ ചെയ്യാൻ വേണ്ടി പോവുകയാണ്. പഴയ ആക്ട് പഴയ ആക്ടായിട്ടുതന്നെ നിൽക്കുകയാണ്. Graduate Constituency ഒഴിവാക്കി, ഇലക്ഷനിലും മറ്റു കാര്യങ്ങളിലും തർക്കമില്ല. അതുകൊണ്ട് ആവശ്യമില്ലാത്ത വിധത്തിലുള്ള തെറ്റിദ്ധാരണ നിങ്ങളുണ്ടാക്കരുത്. പിന്നെ ഇന്നയാളെവച്ചുവെന്നും അവരുടെയൊക്കെ ക്വാളിഫിക്കേഷനും ഇവിടെ പറഞ്ഞു. അതൊക്കെ വ്യക്തിപരമായ വിമർശനമെന്നുള്ള നിലയിൽ, എല്ലാവരുടേയും back ground എന്റെ കൈയിലുണ്ട്. ഷാജഹാന്റേയും സുലേഖയുടേയും ശശികുമാറിന്റെയും അവരുടെ ഓരോരുത്തരുടേയും academic back ground എന്റെ കൈയിലുണ്ട്. പക്ഷേ ഞാൻ വളരെ വിനീതനായി നിങ്ങളോട് ചോദിക്കുന്നു, നിങ്ങൾ എങ്ങനെയാണ് സലീമിനെ എടുത്തത്? സലീം സെനറ്റിലേയ്ക്ക് മൽസരിച്ച് തോറ്റയളാണ്. അവരെ നിങ്ങൾ സിൻഡിക്കേറ്റിലേയ്ക്ക് എടുത്ത് പിന്നെ പി.വി.സി.യാക്കി എന്തിനാണ് ഇതെല്ലാം ചെയ്തത്? ഒരുകാലത്ത് പ്രൈവറ്റ് മാനേജ്മെന്റിനെ ചുണ്ടുവിരലിനുമുമ്പാകെ നിർത്തിയ ശ്രീ. ജോസഫ് മുണ്ടശ്ശേരിയുടെ പേര് കേട്ടാൽ private management വിറയ്ക്കുമായിരുന്നു. അങ്ങനെയുള്ള ജോസഫ് മുണ്ടശ്ശേരിയുടെ പാർട്ടിക്കാരായ നിങ്ങൾ തന്നെയാണ് ബത്തേരിയിൽ മൽസരിക്കാൻ വന്ന് സ്വതന്ത്ര സ്ഥാനാർത്ഥിയെ നിർത്തിയത്. ശ്രീ. ജോസഫ് മുണ്ടശ്ശേരിയിൽ നിന്നും നൂറാണി അച്ചനിലേയ്ക്കുള്ള ദൂരം ഒരു ഗ്രാഫ് വരച്ചാൽ മുകളിലേയ്ക്കാണോ താഴേയ്ക്കാണോ പോകുന്നതെന്നുള്ളത് നിങ്ങൾ സ്വയം ചിന്തിച്ചാൽ മതി. ഞാൻ അതേ പറയുന്നുള്ളൂ.

ആട്ടോണമിയുടെ കാര്യം നിങ്ങളിവിടെ പറഞ്ഞു. ആട്ടോണമി എന്നുപറയുന്നത് യൂണിവേഴ്സിറ്റിക്ക് എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം കൊടുക്കലാണോ? ഇതിൽ രണ്ട് കാര്യമുണ്ട്, academic freedom and institutional autonomy. ഇവരണ്ടും രണ്ടാണ്. academic freedom-ത്തിൽ തൊടേണ്ട പ്രശ്നമില്ല. അപ്പോൾ ഇൻസ്റ്റിറ്റ്യൂഷനിൽ ആട്ടോണമിയെക്കുറിച്ച് ചിന്തിക്കുന്ന സമയത്ത് ഞാനും നിങ്ങളും ടാക്സ് പേയറോട് മറുപടി പറയേണ്ടതുണ്ട്. രാജ്യത്തെ നികുതിദായകരോട് മറുപടി പറയേണ്ടതുണ്ട്. ഇവിടെയുള്ള യൂണിവേഴ്സിറ്റികളെ സംബന്ധിച്ചടത്തോളം അത്തരം കാര്യങ്ങളിൽ ചിലത് ചോദിക്കേണ്ടിവരും. ഇവിടെ ശ്രീ. എം. വി. ജയരാജൻ financial autonomy, post creation എന്നിവയെ സംബന്ധിച്ച് പറഞ്ഞു. ജ്ഞാനം കമ്മിഷനെ സംബന്ധിച്ച് പറഞ്ഞു. അത് ശരിക്കും പഠിച്ച ഒരു കമ്മിഷൻ റിപ്പോർട്ടാണ്. ജ്ഞാനം കമ്മിഷനിൽ ആട്ടോണമിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട് എന്നാണ് എന്റെ ഓർമ്മ. 'autonomy coupled with accountability' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ശ്രീ. എം. വി. ജയരാജൻ ആ പുസ്തകമെടുത്ത് നോക്കൂ, 'autonomy coupled with accountability' എന്ന് അതിൽ പറഞ്ഞിട്ടുണ്ട്. യൂണിവേഴ്സിറ്റിക്ക് ഇത് കൊടുത്തുകഴിഞ്ഞാൽ അവർക്ക് ഇഷ്ടംപോലെ പ്രവർത്തിക്കാമെന്നാണോ? അങ്ങനെ ഇവിടെയുള്ള യൂണിവേഴ്സിറ്റികളെ വിടാമോ? നിങ്ങൾ ജനാധിപത്യത്തെക്കുറിച്ച് പറയുന്നു. എന്താണ് ജനാധിപത്യം? 15 സിൻഡിക്കേറ്റ് മെമ്പർമാർ കൂടി ഇഷ്ടംപോലെ ചെയ്യുന്നതാണോ ജനാധിപത്യം?

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യമെന്നു പറയുന്നത് നാട്ടിലെ ജനങ്ങളുടെ വികാരം കൂടി കണക്കിലെടുക്കുന്നതാണ്. Post creation അടക്കമുള്ള കാര്യങ്ങൾ സംബന്ധിച്ച് ടാക്സ് പേയറോട് മറുപടി പറയണം. ഞാൻ ചോദിക്കട്ടെ, ശ്രീ. മത്തായി ചാക്കോ എത്രകാലം സിൻഡിക്കേറ്റിൽ പ്രവർത്തിച്ച ആളാണ്. തരുന്ന പണത്തിൽ എത്ര ശതമാനമാണ് യൂണിവേഴ്സിറ്റിയിലെ റിസർച്ചിനുവേണ്ടി ചെലവാക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിൽ ഏറ്റവും ഉന്നതമായ concept എന്നുപറയുന്നത് റിസർച്ചാണ്. റിസർച്ച് അവിടെ നടക്കുന്നില്ല. എത്ര സിൻഡിക്കേറ്റിലേക്ക് പോലീസുകാരൻ വരേണ്ടിവന്നിട്ടുണ്ട് ? എത്ര പ്രാവശ്യം സിൻഡിക്കേറ്റിൽ അടിയുണ്ടാക്കിയിട്ടുണ്ട്? എന്താണ് കാര്യം? അവിടെ ചർച്ച ചെയ്യുന്നത് അത്തരം കാര്യങ്ങളാണ്. ഞാൻ ചോദിക്കട്ടെ. Academic council മാന്യൻമാരായ എത്ര Academicians ഉണ്ട്? ആരെയെങ്കിലും കയറ്റുമോ? ഒരു സംഘടന പറയും, എന്തിനാണ് ഒരാൾ അല്ലെങ്കിൽ വേറൊരാൾ? അങ്ങനെയാണോ ചെയ്യേണ്ടത്?

<u>ശ്രീ. മത്തായി ചാക്കോ</u> : സർ, നിങ്ങളെപ്പോലെയുള്ള ഒരാളിൽ നിന്നും കേൾക്കാൻ ആഗ്രഹിച്ച കാര്യങ്ങളല്ല നിങ്ങൾ പറഞ്ഞത്. സർവ്വകലാശാലയിൽ പോലീസ് കയറിയതുകൊണ്ട് എന്തു സംഭവിക്കാനാണ്. നിയമസഭയിൽ പോലീസ് കയറിയതുകൊണ്ട് അതിന്റെ പരിപാവനതയും ഇല്ലാതാകുമോ? അക്കാഡമിക് കൗൺസിലിന്റെ ലിസ്റ്റ് അങ്ങ് വായിച്ചുനോക്കണം. സർവ്വകലാശാലയിലെ അക്കാഡമിക് പണ്ഡിതന്മാരല്ലാതെ വേറെ യാരും അതിനകത്തില്ല.

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ</u>: ഞാൻ നിങ്ങളുമായി ഷെയർ ചെയ്യാൻ ആഗ്രഹിക്കുകയാണ്. ശരിക്കും ആട്ടോണമിയുടെ പ്രശ്നം എവിടെയാണുണ്ടായിട്ടുള്ളത്? ഗവൺമെന്റും യൂണിവേഴ്സിറ്റിയും തമ്മിലല്ല ഗവൺമെന്റുകൾ മാറി മാറി അധികാരത്തിൽ വരും അപ്പോൾ പ്രസ്താവനകളും ഇറക്കും. ഇവിടെ മന്ത്രി ഒരു അപകടവും ഉണ്ടാക്കുന്നില്ല. ഒരു ഗവൺമെന്റ് ഓർഡറും ഒരു അപകടവും ഉണ്ടാക്കുന്നില്ല. എന്റെ ജീവിതകാലത്തെചെറിയൊരു അനുഭവം വച്ചു നോക്കുകയാണെങ്കിൽ, ശരിക്കും ആട്ടോണമികിട്ടേണ്ടത് എവിടെയാണ്? അറിയാമോ? നിക്ഷിപ്ത താല്പര്യമുള്ള സിൻഡിക്കേറ്റുകളുടെ കരങ്ങളിൽ നിന്നാണ് യൂണിവേഴ്സിറ്റിക്ക് ആട്ടോണമി കിട്ടേണ്ടത്. എന്നാൽ മാത്രമേ യൂണിവേഴ്സിറ്റി നന്നാകൂ. അതുചെയ്യുന്നില്ല. അതിനു സമ്മതിക്കുന്നില്ല. ഈ കോളേജുകൾക്ക് ആട്ടോണമി കൊടുക്കണ്ടേ? കൊടുത്താൽ എന്താണ് സംഭവിക്കാൻ പോകുന്നത്. ഇവിടെ ആരോ പറഞ്ഞല്ലോ, കൊടുത്താൽ അവർ സ്വന്തം ഡിഗ്രി കൊടുക്കും, സ്വന്തം പരീക്ഷ നടത്തുമെന്നൊക്കെ. നടത്തട്ടെ. എന്തു സംഭവിക്കും ? നിങ്ങൾ ഉണ്ടാക്കി കൊടുക്കുന്നത് തന്നെ പഠിപ്പിച്ചാൽ മതിയോ? ലോകമാകെ മാറുകയാണ്. കോഴ്സ് അവർ ഡിസൈൻ ചെയ്യട്ടെ. മിൽട്ടൻ കെല്ലി യൂണിവേഴ്സിറ്റി എന്നു പറയുന്നത് ലോകത്തിലെ ഏറ്റവും നല്ല ഓപ്പൺ യൂണിവേഴ്സിറ്റിയാണ്. ബ്രിട്ടനിൽ എനിക്ക് പോകാൻ അവസരമുണ്ടായപ്പോൾ, അവിടെ പോയി ഞാൻ ഒരുദിവസം പഠിച്ചിട്ടുണ്ട്. അവരുടെ ഗവേഷണം എന്നുപറയുന്നത് മാർക്കറ്റിന്റെ നീഡ് എന്താണെന്ന് അവർ സർവ്വേ നടത്തുകയാണ്. അഗ്രിക്കൾച്ചറൽ രംഗത്ത് എന്തു കോഴ്സാണ് വേണ്ടത്; ഇൻഡസ്ട്രിയൽ രംഗത്ത് എന്ത് കോഴ്സാണ് വേണ്ടത്; അത്തരം കോഴ്സുകൾ ഉണ്ടാക്കി കുട്ടികൾക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. ഇവിടെയാണെങ്കിലോ? ഇവിടെ എന്താണ് ചെയ്യുന്നത് ? ഇവിടെ ഒരു യൂണിവേഴ്സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിക്കുകയാണ്, ഇതാണ് ഞങ്ങളുടെ കോഴ്സുകൾ, നിങ്ങൾക്കു വേണമെങ്കിൽ എടുക്കാം. വേണ്ടെങ്കിൽ എടുക്കണ്ട. കോളേജുകൾക്ക് സ്വാതന്ത്ര്യം കൊടുക്കണം. ലോകം മാറുകയാണ്. സോഷ്യോ ഇക്കണോമിക് ചെയിഞ്ചസ് അനുസരിച്ച് നമ്മുടെ കോഴ്സുകൾ ഡിസൈൻ ചെയ്യാൻ, സ്വതന്ത്രമായി നടത്താൻ, പുതിയ മേഖലകൾ അന്വേഷിച്ച് പോകാൻ അവർക്ക് സാധിക്കണം. അതിനവർക്ക് ആട്ടോണമി കൊടുക്കണം. അല്ലെങ്കിൽ പറ്റില്ല. ഇവിടെ കമ്മിഷനെക്കുറിച്ചു പറഞ്ഞല്ലോ? കമ്മിഷൻ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. എല്ലാ കമ്മിഷനുകളും പറഞ്ഞ കാര്യം തന്നെയാണ്. അങ്ങനെ കൊടുത്താൽ എന്തുണ്ടാകും? അവർക്ക് വളരാൻ പറ്റും. നിങ്ങൾ പറയുന്നു അങ്ങനെകൊടുക്കാൻ പറ്റുമോ എന്ന് ? ഞാൻ ചോദിക്കുന്നത് ലോകത്തിൽ വന്നുകൊണ്ടിരിക്കുന്ന ഈ മാറ്റത്തെ കണ്ടില്ലെന്ന് നടിക്കുവാൻ നിങ്ങൾക്ക് പറ്റുമോ? ലോകത്തിൽ എല്ലായിടത്തും മാറ്റം വരുന്നു. നിങ്ങൾ കാണേണ്ട ഒരു കാര്യമുണ്ട്. ഡിഗ്രി വിൽക്കുന്നവരുണ്ട്, വിൽക്കാത്തവരുമുണ്ട്. ലോകത്തിലെ എണ്ണപ്പെട്ട യൂണിവേഴ്സിറ്റികളുണ്ട്. എണ്ണപ്പെട്ട യൂണിവേഴ്സിറ്റികളിൽ ഇപ്പോൾ എന്താണ് സംഭവിക്കാൻ പോകുന്നതെന്നറിയാമോ? ലോകത്തിൽ വരുന്ന ഒരു ട്രെന്റ് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾക്കറിയാം ഗ്ലോബലൈസേഷൻ വരുന്നതിന്റെ ഫലമായി ഓരോ രാജ്യവുമെടുത്ത സമീപനമെന്നു പറയുന്നത്, ഗ്ലോബലൈസേഷന്റെ ഫലമായി വരുന്ന നന്മകൾ ഉൾക്കൊള്ളുകയും തങ്ങളുടെ രാജ്യത്തിന്റെ താല്പര്യം നിലനിറുത്തുകയും ചെയ്യുക എന്ന കൺസപ്റ്റ് ആണ് എന്നു പറഞ്ഞാൽ ഇപ്പോൾ ഇന്ത്യൻ സാഹചരത്തിൽ Indianisation of Globalization അല്ലെങ്കിൽ Localisation of Globalization ആ സ്വഭാവത്തിലേക്ക് നമ്മൾ പോവുകയാണ്. ചൈന എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ലോകത്തിലെ എല്ലാ രാജ്യങ്ങളും എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? നമ്മുടെ രാജ്യത്തുമാത്രം സോഫ്ട്വെയറും വേണ്ട, കമ്പ്യൂട്ടറും വേണ്ട, ആളുകൾ വരികയും വേണ്ട. ജാംബവാന്റെ കാലത്താണോ നാം ജീവിക്കുന്നത് ? ബുദ്ധദേവ ഭട്ടാചാര്യ കൽക്കട്ടയിലും ബാംഗ്ളൂരിലുമൊക്കെ ഓടി നടക്കുകയാണ്. എന്തിനുവേണ്ടി ? എന്തിനാണ് ഐ. ബി. എം. കടന്നുവന്നത്; സോഫ്ട്വെയർ കടന്നു വന്നത്; ബാംഗ്ലൂരിലും ആന്ധ്രാപ്രദേശിലും കാത്തുകെട്ടികിടക്കുകയാണ്. ആ സമയത്ത് എന്താണ് പറയേണ്ടത്; മൈക്രോ സോഫ്ട് ഈ വഴിക്ക് വരണ്ടെന്നാണോ? അങ്ങനെ എടുക്കാൻ പറ്റുമോ? അങ്ങനെ എടുത്താൽ ഈ നാടിന് എന്തു ഭാവിയാണുള്ളത്? ഞാൻ ഈ പീരിയഡ് കഴിയുമ്പോൾ പോകും. തലമുറകൾ മാറി മാറി വരുമെങ്കിലും, മാറി വരുന്ന ലോകത്തോടൊപ്പം കേരളത്തിലെ കുട്ടികളെ കൊണ്ടുപോകാൻ പറ്റുന്ന വിധത്തിലുള്ള ഒരു നയ സമീപനം സ്വീകരിക്കണം. നമ്മളെല്ലാവരും കൂടി യോജിച്ച് നിന്നില്ലെങ്കിൽ പറ്റില്ല. യോജിച്ചു നിന്നാൽ ഗുണമുണ്ട്. ഗുണമുണ്ടാകുമെന്നുള്ളതിന് തെളിവാണ് ഇന്നലെ ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിൽ വന്നൊരു വാർത്ത. നിങ്ങളിൽ പലരും വായിച്ചിട്ടുണ്ടാകും. ആ വാർത്ത ഞാൻ സന്തോഷത്തോടുകൂടി റിപ്പോർട്ടു ചെയ്യുകയാണ്. ഞങ്ങളെടുത്ത ഒരു നയത്തിന്റെ ഗുണമാണത്. എന്താണത്? Dispelling doubts about the professionally qualified students from the State in the job market, as many as 442 final year students of College of Engineering, Thiruvananthapuram secured job offers from leading software and other companies in the campus recruitment, this year. ഒരു കാലത്ത് കേരളത്തിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയർമാർ വരാറുണ്ടായിരുന്നില്ല. ഉദ്യോഗത്തിന് ആളെ തേടി ഇന്നു എംപ്ലോയർമാർ ക്യാമ്പസുകളിലേക്ക് വരുന്നു എന്നു മാത്രമല്ല നൂറു ശതമാനം placement ലേയ്ക്ക് പോവുകയാണ്. നിങ്ങൾ വാർത്ത വായിച്ചോ ? All time record ആണ്.....(ബഹളം).....രണ്ടാമത്തെ പാരഗ്രാഫ് കേൾക്കുക. This is an all time record. Around 35 companies including I.T majors such as Infosis, wipro, IBM, CTS and Automobile giants like Ashok Leyland are coming to campus in search of talents. എന്താണ് ആൾടൈം റിക്കാർഡായത് ? കേരളാ ഗവൺമെന്റ് എടുത്ത ധിഷണാപരമായ അക്കാഡമിക് എക്സലൻസ് മുമ്പിൽ വച്ചുകൊണ്ടുള്ള നടപടിയുടെ, സമീപനത്തിന്റെ ഫലമായിട്ടാണ് എംപ്ലോയർ കേരളത്തിലെ ക്യാമ്പസ്സുകളിലേയ്ക്ക് വരുന്നത്. കേരളത്തിലെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, അവിടെ നൂറു ശതമാനമാണ് അക്കാഡമിക് എക്സലൻസ്. ഗവൺമെന്റിന് ഒരു ഇൻസ്റ്റിറ്റ്യൂഷൻ പോലുമില്ല. നമുക്ക് Continuous Education Cell മുന്നാറിൽ ഉണ്ട്. മുന്നാറിൽ ക്യാമ്പസ് ഇന്റർവ്യൂവിന് പോവുകയാണ്. ശ്രീ ചിത്തിരതിരുനാൾ കോളേജ് ഓഫ് എൻജിനീയറിംഗ്, അവിടെ ക്യാമ്പസ് ഇന്റർവ്യൂവിന് പോകുകയാണ്. കേരളത്തിൽ വരുന്ന നല്ല മാറ്റം ഞാൻ അഭിമാനത്തോടുകൂടി കാണുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ക്യാമ്പസ് ഇന്റർവ്യൂവൊക്കെ സ്വാഗതാർഹമാണ്. എന്നാൽ ഇതേ സമയത്ത് വേറൊരു കാര്യം അങ്ങു മനസ്സിലാക്കണം. ആട്ടോണമസ് പദവി കൊടുക്കണമെന്നു പറയുന്ന അങ്ങ്, നിങ്ങൾ കൊടുത്ത പുഷ്പഗിരി കോളേജിൽ തോറ്റ വിദ്യാർത്ഥികളെ മുഴുവൻ ജയിപ്പിക്കണമെന്നു പറഞ്ഞുകൊണ്ട് മാനേജ്മെന്റ് മാർക്ക് കൊടുക്കാൻ തീരുമാനിച്ചതും ഈ സ്റ്റേറ്റിൽ തന്നെയാണ്. ഈ വസ്തുത അങ്ങ് കാണാതിരുന്നുകൂടാ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ആട്ടോണമസ് കോളേജിനെപ്പറ്റി പഠിച്ചാൽ അറിയാം. ആട്ടോണമസ് കോളേജിനെപ്പറ്റിയുള്ള നല്ല രണ്ട് experience നമ്മുടെ മുമ്പിലുണ്ട്. തമിഴ്നാടും ആന്ധ്രാപ്രദേശും. തമിഴ്നാട്ടിലെ experience ഞാൻ മുമ്പ് മന്ത്രിയായിരുന്ന സമയത്തുണ്ടായിരുന്നതാണ്. ഞാൻ പഠിച്ചതാണ്. തമിഴ് നാട്ടിൽ നന്നായി പ്രവർത്തിച്ചിരുന്ന കോളേജുകൾക്ക് ആട്ടോണമസ് പദവി കൊടുത്തപ്പോൾ കുറേക്കൂടി നന്നായി. ചീത്തയായ കോളേജുകൾ ചീത്തയായി. അവിടെയാണ് ശ്രദ്ധിക്കേണ്ടത്. ആട്ടോണമസ്സ് സ്റ്റാറ്റസ് ഒരു കോളേജിനു കൊടുക്കുന്ന സമയത്ത്, ആ കോളേജിന്റെ റെപ്യൂട്ടേഷൻ നോക്കീട്ടു മാത്രമേ കൊടുക്കാൻ പാടുള്ളൂ. അതാണ് കാര്യം. ആക്ടിൽ ചെയ്യുന്നത് അതിനു എനേബ്ളിംഗ് പ്രൊവിഷൻ വച്ചു എന്നുള്ളതാണ്. അതുകൊണ്ട് ഞാൻ പറയുന്നത് എല്ലാവരുടെയും സഹകരണം വേണമെന്നാണ്. അങ്ങനെ വന്നാൽ മാത്രമേ കോളേജുകൾ രക്ഷപ്പെട്ടുപോകൂ. അതില്ലാത്ത കാലത്തോളം നമ്മുടെ കുട്ടികൾക്ക് എംപ്ലോയ്മെന്റ് മാർക്കറ്റിൽ മത്സരിച്ചു നിൽക്കാൻ പറ്റില്ല. അതിനുപറ്റിയ കോഴ്സുകൾ കൊടുക്കാൻ പറ്റില്ല. നമ്മൾ പഴയ കണ്വെൻഷണൽ കോഴ്സുമായി കാലം കഴിക്കുകയാണ് ചെയ്യുന്നത്. ആട്ടോണമസ് കോളേജിന്റെ കാര്യത്തിൽ ഗവൺമെന്റിനു വ്യക്തമായ ഒരു കാഴ്ചപാടുണ്ട്. ഞാൻ ചോദിക്കുന്നത്, ദേവഗിരി കോളേജാണ് അവിടത്തെ ഹിസ്റ്ററി ഡിപ്പാർട്ടുമെന്റിന്റെ കരിക്കുലം ഫ്രെയിം ചെയ്യുക. എന്താണ് തെറ്റ്? What is the harm? നിങ്ങൾ എന്തിനാണ് അവരെ

LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചുവയ്ക്കുന്നത്? ചരിത്ര വിഭാഗത്തിലെ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള കരിക്കുലം അവർ പ്രെയിം ചെയ്യട്ടെ. എന്താണ് ഈ നാട്ടിൽ സംഭവിക്കാൻ പോകുന്നത് ? അവർക്ക് സ്വാതന്ത്ര്യം കൊടുക്കുക. അങ്ങനെ കൊടുത്തു നോക്കിയാൽ അറിയാം, അവർ നന്നായി ചെയ്യുമോ എന്ന്. അങ്ങ് ധാരാളം അന്വേഷിക്കുന്ന ആളല്ലേ? അന്വേഷിച്ച് പഠിക്കുക. തമിഴ്നാട്ടിൽ നിന്നും ആന്ധ്രാപ്രദേശിൽ നിന്നും പഠിക്കുക. ആട്ടോണമസ് സ്റ്റാറ്റസ് കൊടുത്തിട്ടു അവർക്കു കിട്ടിയ നേട്ടമെന്താണെന്ന് നോക്കുക. ഒരു ഹെൽത്തി കോമ്പറ്റീഷൻ വരും.

<u>ശ്രീ. സി. കെ. നാണു</u> : വിദ്യാഭ്യാസം കൊണ്ട് ഏറ്റവും കൂടുതൽ വിദേശ രാജ്യങ്ങളിൽ ജോലി നേടാൻ സാധിച്ചത് കേരളത്തിലെ എൻജിനീയറിംഗ് കോളേജിലെയും മെഡിക്കൽ കോളേജിലേയും കുട്ടികൾക്കാണ്. പണ്ടു കാലത്ത് ഈ പറയുന്ന ആട്ടോണമസ് കോളേജൊന്നുമുണ്ടായിരുന്നില്ല. ഇങ്ങനെ ആട്ടോണമസ്, ആട്ടോണമസ് എന്നു പറഞ്ഞു പറഞ്ഞ്, ഓരോ ഡിപ്പാർട്ടുമെന്റിലും ആട്ടോണമസ് കൊടുത്തിട്ട് അവസാനം ഒന്നുമില്ലാത്ത ഒരു അവസ്ഥയിലേക്ക് കേരളത്തിലെ വിദ്യാർത്ഥികൾക്കു പോകേണ്ട അവസ്ഥയുണ്ടാക്കരുത്.

<u>മി. സ്പീക്കർ</u> : ആട്ടോണമസ് സ്റ്റാറ്റസ് കൊടുക്കുമ്പോൾ ഓരോ ഫാക്കൽട്ടിയും സെന്റർ ഓഫ് എക്സലൻസായിട്ടല്ലേ പല സ്ഥലത്തും ആക്ട് ചെയ്യുക. കേബ്രിഡ്ജും ഹാർവാർഡും ഒക്കെ ഓരോരോ വിഷയങ്ങളിലാണ് സ്പെഷ്യലൈസ് ചെയ്യുന്നത്.

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ</u> : അതാണ് ഞാൻ പറഞ്ഞത്, ഈ ആട്ടോണമസ് സ്റ്റാറ്റസ് കൊടുക്കുമ്പോൾ അതിന്റെ നിലനിൽപ്പ് തന്നെ ക്വാളിറ്റി ബെയ്സ് ചെയ്തായിരിക്കും. Quality ensure ചെയ്തില്ലെങ്കിൽ അവിടെ കുട്ടികൾ പോകില്ല. ആരെയാണ് നിർബന്ധിച്ച് അയയ്ക്കാൻ പറ്റുന്നത്? സെൽഫ് ഫിനാൻസിങ്ങ് ആകട്ടെ, ആട്ടോണമസ് സ്റ്റാറ്റസ് ആകട്ടെ, ഇതിനൊക്കെ ഒരു ടെസ്റ്റിംഗ് ഘടകമുണ്ട്. ഇവിടെ ബില്ല് പൈലറ്റ് ചെയ്തപ്പോൾ പറഞ്ഞു, കേരളത്തെ സംബന്ധിച്ചിടത്തോളം തെറ്റായ ഒരു നിലയിൽ നടത്താൻ പറ്റില്ല. ഇവിടത്തെ ജനങ്ങൾക്ക് ഒരു ബോധമുണ്ട്. ശരിക്കും പറഞ്ഞാൽ ആ സ്ഥാപനങ്ങൾ നിലനിൽക്കണമെങ്കിൽ അക്കാഡമിക് എക്സലൻസ് പ്രൂവ് ചെയ്യണം. ഞാൻ പറയുന്നത് ചർച്ച ചെയ്യപ്പെടേണ്ട ഒരു കാര്യമാണ്. ഇന്നലെ ഞാൻ ഫോറിൻ യൂണിവേഴ്സിറ്റിയുമായി ചർച്ച ചെയ്തു. അതിലേക്ക് ഞാൻ കടക്കുന്നില്ല.

<u>ശ്രീ. മത്തായി ചാക്കോ</u> : ഈ നിയമം, ആക്ടാകുന്നതോടുകൂടി പ്രൈവറ്റ് കോളേജുകൾക്കും ആ കോളേജുകൾ നടത്തുന്ന ഡിപ്പാർട്ടുമെന്റുകൾക്കും വേണ്ട ആട്ടോണമസ് പദവി കൊടുക്കാമല്ലോ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ</u> : കൊടുക്കാൻ നിങ്ങൾക്ക് enabling provision ഉണ്ട്. കൊടുക്കുന്ന സമയത്ത് നിങ്ങൾ വ്യക്തമായി മാനദണ്ഡം തീരുമാനിച്ച് കൊടുക്കണം. കൊടുക്കേണ്ടിവന്നാൽ കൊടുക്കാനുള്ള പ്രൊവിഷനാണ് ആക്ടിൽ ഉള്ളത്. അല്ലാതെ ഈ നിയമം പാസ്സാക്കിയാൽ കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികൾക്കും ആട്ടോണമസ് സ്റ്റാറ്റസ് കിട്ടില്ല. അതാണ് അതിന്റെ കാര്യം. ഞങ്ങളെ വിശ്വസിക്കാൻ പറ്റുന്നതിന്റെ പകുതിപോലും നിങ്ങളെ വിശ്വസിക്കാൻ പറ്റില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : അപേക്ഷിച്ച മുഴുവൻ മെഡിക്കൽ കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും കൊടുത്തു..

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : ഞാൻ ശ്രീ. മത്തായി ചാക്കോയോട് ചോദിക്കട്ടെ ഇപ്പോഴത്തെ സ്ഥിതി നിങ്ങൾക്ക് അറിയാമോ. നഴ്സിംഗ് കോളേജുകളുടെ സ്ഥിതി അറിയാമോ? പഠിച്ച് പാസ്സായി കുട്ടികൾ പുറത്തു വന്നാലുടനെ അടുത്ത ഫൈല്റ്റിൽ അവരെ കൊണ്ടുപോകാൻ റെഡിയാണ്. ഞങ്ങൾ അങ്ങനെ ഓപ്പൺ ചെയ്തില്ലായിരുന്നെങ്കിൽ എന്തായിരുന്നു സ്ഥിതി. നിങ്ങൾ ഇപ്പോൾ ആക്ഷേപിച്ചല്ലോ. ദോഷമുണ്ട്. സെൽഫ് ഫിനാൻസിംഗ് കോളേജിന് അത് stabilise ചെയ്യുന്നതിന് അതിന്റേതായിട്ടുള്ള പ്രശ്നങ്ങളുണ്ട്. നമ്മൾ അത് അംഗീകരിക്കുന്നവരാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ആ ഫൈല്റ്റിൽ കൊണ്ടുപോകുന്ന ആളെ പറഞ്ഞുതന്നാൽ നൂറ് ആളെ ഞാൻ തരാം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : നഴ്സിംഗിൽ സാദ്ധ്യതയുണ്ട്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : നൂറ് ആളെ കൊണ്ടുപോകാമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞല്ലോ. ശ്രീ. കോടിയേരി ബാലകൃഷ്ണനുപോലും റിക്രൂട്ട്മെന്റ് ഏജൻസി തുടങ്ങാൻ പറ്റുന്ന രൂപത്തിലോട്ട് എത്തിയല്ലോ. അതല്ലേ പ്രധാനപ്പെട്ടത്.

ശ്രീ. സി. കെ. നാണു : നമ്മുടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. അവർക്ക് ജോലി കൊടുക്കാനുള്ള സൗകര്യമുണ്ടാക്കണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അങ്ങ് ഞാൻ പറഞ്ഞതിലോട്ട് തിരിച്ചു വരുകയാണ്. അതായത് നമ്മുടെ നാട്ടിൽ ഉദ്യോഗ സാദ്ധ്യതകളുണ്ട്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) : സർ, ബി. എസ് സി. നഴ്സിംഗ് പാസ്സായ എത്രപേരെ വേണമെങ്കിലും വിദേശ രാജ്യങ്ങളിലേയ്ക്ക് കൊടുക്കാൻ തയ്യാറാണ്. ഇപ്പോൾ 620 ഡോക്ടർമാരെയാണ് പോസ്റ്റ് ചെയ്തത്. അതിൽ 213 പേരാണ് ജോയിൻ ചെയ്തത്. മറ്റുള്ളവർ പല രാജ്യങ്ങളിലേയ്ക്കും പോയി.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : നമുക്ക് ഇതിൽ പിടിവാശിയുടെ പ്രശ്നമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ പറഞ്ഞല്ലോ പി. എസ് സി. അഡ്വൈസ് മെമ്മോ കൊടുത്ത ആളുകൾ ജോയിൻ ചെയ്യുന്നില്ലെന്ന്. പി. എസ്. സി. അഡ്വൈസ് മെമ്മോ കൊടുത്ത ആളുകളെ നിയമിക്കാത്ത ആറ് കേസുകൾ എന്റെ കൈയിലുണ്ട്. ഞാൻ നാളെ തരാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കുട്ടികളെ സംബന്ധിച്ചിടത്തോളം സാദ്ധ്യതകളുണ്ട്. നിങ്ങൾ എല്ലാവരും ഇവിടെ പറഞ്ഞ ഒരു സംഗതി ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ അവരുടെ ഇൻവെസ്റ്റ്മെന്റ് കുറയ്ക്കുന്നു. അങ്ങനെ കുറച്ചിട്ട് സെൽഫ് ഫിനാൻസിംഗ് ആയി പോകുന്നു എന്നാണ്. ഗവൺമെന്റ് ഒരിക്കലും ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള ഇൻവെസ്റ്റ്മെന്റ് കുറയ്ക്കില്ല. അതിൽ യാതൊരു സംശയവും നിങ്ങൾക്ക് വേണ്ട. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 20 ഗവൺമെന്റ് കോളേജുകളിൽ കോഴ്സ് കൊടുത്തു. നിങ്ങൾക്ക് അറിയാമല്ലോ ഇപ്രാവശ്യം യൂണിവേഴ്സിറ്റി ഫോർവേഡ് ചെയ്ത് ഞങ്ങൾക്ക് കിട്ടിയ 20 കോളേജുകളിലും നമ്മൾ പുതിയ കോഴ്സ് കൊടുത്തു. പിന്നെ പ്ലസ് ടു-വിന്റെ കാര്യം ഞാൻ ചോദിക്കട്ടെ ഞങ്ങളും നിങ്ങളുമൊക്കെ ഒരിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ 265 സർക്കാർ സ്കൂളുകളിൽ പ്ലസ്-ടു കൊടുത്തത് ഞങ്ങളുടെ കാലത്തല്ലാതെ വേറെ ആരുടെയെങ്കിലും കാലത്തുണ്ടായിട്ടുണ്ടോ. ഞങ്ങൾ കൊടുത്തു. ഇനി ചോദിക്കുകയാണെങ്കിലും കൊടുക്കും. അതാണ് ഇതിനെക്കുറിച്ച് പറയുവാനുള്ളത്. വി. സി.-മാരുടെ നിയമനത്തിന്റെ കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ നിയമനങ്ങളൊക്കെ ഒരു വിവാദവുമില്ലാതെ നടന്നു. കൊച്ചിൻ യൂണിവേഴ്സിറ്റി, എം. ജി. യൂണിവേഴ്സിറ്റി, കണ്ണൂർ യൂണിവേഴ്സിറ്റി ഇവിടെയെല്ലാം വി. സി.-മാരെ പോസ്റ്റു ചെയ്തു. വൈസ് ചാൻസിലറുമായി സംസാരിച്ച് പി. വി. സി. പോസ്റ്റും നികത്താൻ പോവുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇത്തരത്തിലുള്ള എല്ലാ തകരാറുകളും പരിഹരിക്കാൻ കഴിഞ്ഞു. വിവാദങ്ങളില്ലാതെ വി. സി.-മാരെ പോസ്റ്റുചെയ്യാൻ കഴിഞ്ഞതിൽ ഗവൺമെന്റിന് സന്തോഷമുണ്ട്. പിന്നെപ്പറഞ്ഞത് പത്താം ക്ലാസ്സിലെ മോഡൽ പരീക്ഷയുടെ ക്വസ്റ്റ്യൻ പേപ്പറിന്റെ കാര്യമാണ്. അത് തെറ്റിദ്ധരിച്ചതാണ്. അത് അർദ്ധവാർഷിക പരീക്ഷയുടേതാണ്. അല്ലാതെ പത്താം ക്ലാസ്സിലെ മോഡൽ എക്സാമിനേഷൻ പരീക്ഷയെപ്പറ്റി ആർക്കും കംപ്ലെയ്ന്റ് ഉണ്ടായില്ല. നല്ല ഭംഗിയായി മോഡൽ എക്സാമിനേഷൻ നടന്നു.

ശ്രീ. ടി. കെ. ദേവകുമാർ: അങ്ങ് പറഞ്ഞത് ഞാൻ മുഖവിലയ്ക്ക് എടുക്കുന്നു. ഈ വിശദാംശങ്ങളടങ്ങുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം . ഒന്ന് അന്വേഷിക്കാൻ നോക്കുക.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: തന്നോളൂ, ഞാൻ വിചാരിച്ചത് അങ്ങ് തെറ്റിദ്ധരിച്ചതായിരിക്കും. അദ്ധ്യാപക സംഘടനകളാണ് ഈ കാലം വരെ ക്വസ്റ്റ്യൻ പേപ്പർ അച്ചടിച്ചു കൊടുത്തിരുന്നത്. പ്രൈവറ്റ് മാനേജുമെന്റുകാരും ചെയ്യണം. കെ. ഇ. ആർ.-ൽ പറഞ്ഞത് ഹെഡ്മാസ്റ്റർ തന്നെ ചെയ്യണമെന്നാണ്. അപ്പോൾ ഇപ്രാവശ്യം സെൻട്രലൈസ്ഡായി ചെയ്യാൻ വേണ്ടി നമ്മൾതന്നെ ചോദ്യക്കടലാസ് ഉണ്ടാക്കി സി. ഡി-യിലാക്കിക്കൊടുത്തു. സി. ഡി.-യിലാക്കിക്കൊടുക്കുമ്പോൾ സി. ഡി. കൺവർട്ട് ചെയ്യുമ്പോൾ സ്വാഭാവികമായും ലീക്കേജ് വരാം. ഇത് സംഭവിച്ചത് half yearly examination-നാണ്. മോഡൽ എക്സാമിനേഷന് ഒന്നും സംഭവിച്ചിട്ടില്ല. കറക്ടായിരുന്നു. ഏതായിരുന്നാലും ശരി ഇവിടെ വന്ന എല്ലാ വിമർശനങ്ങളും ഉൾക്കൊള്ളുകയാണ്.

ഊർജ്ജ വകുപ്പു മന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : ഇവിടെ ക്വസ്റ്റ്യൻ പേപ്പർ പുറത്തുപോയെന്നും 40 രൂപയ്ക്ക് വാങ്ങിയെന്നും പറഞ്ഞ ആളുകളുണ്ട്. ക്വസ്റ്റ്യൻ പേപ്പർ വാങ്ങിയ ആളുകളുണ്ടെന്നൊക്കെ ഒരു മെമ്പർ പറയുകയാണ്. ആ മെമ്പർക്ക് ആ ആളുടെ പേരുപോലും പറയാൻ കഴിയുന്നില്ല. അപ്പോൾപ്പിന്നെ പൊതുജനങ്ങളുടെ സ്ഥിതി എന്തായിരിക്കും. ഒരു എം. എൽ. എ. ആ ആളുടെ പേരു പോലും പറയുന്നില്ല. അത് ഞാൻ പറയുന്നില്ല. എന്നാണ് മിസ്റ്റർ ടി. കെ. ദേവകുമാർ പറഞ്ഞത്.

ശ്രീ. ടി. കെ. ദേവകുമാർ : അദ്ധ്യാപക സംഘടനയുടെ നേതാവ് വ്യക്തിപരമായി പറഞ്ഞതാണ്. അതുകൊണ്ടാണ് പറയാതിരുന്നത്.

മിസ്റ്റർ. സ്പീക്കർ : ശ്രീ. ടി. കെ. ദേവകുമാറിനെ അങ്ങനെയൊന്നും വീഴ്ത്താൻ പറ്റില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഉന്നത വിദ്യാഭ്യാസ മംഗത്ത് പൊതുവായി പറഞ്ഞ കാര്യങ്ങളെല്ലാം ഞാൻ ഉൾക്കൊള്ളുകയാണ്. മാറ്റങ്ങൾക്കുവേണ്ടി നിൽക്കാം. ഈ ബിൽകൊണ്ട് എല്ലാ ഉദ്ദേശ്യവും നിറവേറുന്നില്ലെങ്കിലും അത്യാവശ്യമായിട്ടുള്ള ചില സംഗതികളുണ്ട്. അമിതമായിട്ടുള്ള ഒരു അവകാശവാദവും ഈ കാര്യത്തിലില്ല. അതു കൊണ്ട് ക്ലാസ് ബൈ ക്ലാസ് ഡിസ്കഷനിലേക്ക് കടക്കാം.

ശ്രീ. കെ. കെ. ജയചന്ദ്രൻ അവതരിപ്പിച്ച ഒന്നാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. ഡി. മുസ്തഫ അവതരിപ്പിച്ച 2 ബി ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ: .....

പ്രതികൂലിക്കുന്നവർ: .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(89) Delete sub-clause (a) of clause 2.

(91) Delete sub-clause b (i) of clause 2.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(90) Clause 20 to Section 2 of Kerala University Act, 1974 proposed to be omitted by clause 2 (a) shall be recast as follows:

"Registered Graduates means graduates registered under the provisions of this act and the statutes".

(96) Section 5(ia) of the Kerala University Act, 1974 proposed to be inserted by clause 2 (b) (i) shall be recast as follows:

"to confer academic autonomy to an affiliated institution satisfied by the University".

(109) In section 17 of the Kerala University Act, 1974 proposed to be amended by clause 2 (c) under the heading Elected members the following sentence shall be inserted "Twenty members not being persons eligible to be elected under item (1), (4), (5), (6), (9), (10), (11) or (12) elected by the registered graduates from among themselves of whom one shall be a member of scheduled caste and one shall be member of scheduled tribes".

(111) Delete clause 2 (e) (i).

(116) Delete clause 2 (f).

ഈ ആക്ട് പ്രകാരംതന്നെ സർവ്വകലാശാലകളുടെ പ്രവർത്തനം പരിശോധിക്കാൻ പത്ത് കൊല്ലം കൂടുമ്പോൾ ഗവൺമെന്റ് കമ്മീഷനെ വയ്ക്കാം.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(94) In section 5(ia) of the Kerala University Act, 1974 proposed to be inserted by clause 2 (b)(i) omit the words "an affiliated college, department of an affiliated college or".

(110) Delete sub-clause (d) of clause 2.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(95) In the new section 5 (ia) of the Kerala University Act, 1974, proposed to be inserted by clause 2 (b) (i) substitute the word "affiliated" by the word " Government".

ശ്രീ. എം. വി. ജയരാജൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(97) In section 5 of the Kerala University Act, 1974, proposed to be inserted by clause 2 (b) (i), in item (ia) after the words "department" the words "except financial or managerial autonomy" shall be added.

LIBRARY ARCHIVES Kerala Legislative Assembly

(98) In Section 5 of the Kerala University Act,1974, propsed to be inserted by clause 2 (b) (ii) after item (xa) the following item shall be inserted and the remaining shall be relettered.

"(xb) as contained in the provisions of the University Statutes".

(101) In secion 5 of the Kerala University Act,1974, proposed to be inserted by clause 2 (b) (ii) after item (xb) the following item shall be inserted "(xc) the qualification of the teachers shall be fixed as prescribed by the UGC".

(117) *Clause-2(b)*

After item (xc) the following items shall be inserted "(xd) Admission of students to the professional college shall be made only from the entrance examination list published timely. 50% of the admission shall be admitted from management quota and 50% shall be admitted from management quota. The fee rate in the Government colleges shall be applicable to students admitted in Government quota and Government is competent fo fix reasonable fees to the students admitted in management quota in consultation with the representatives of the management.

(118) *Clause-2(a)*

The proposal amendments for section-2 clause (20) of the Kerala University Act shall be ammended as following:

"2(a) The system of postal ballot shall be avoided for electing candidates from the registered graduates constituency and seperate Identity cards shall be issued to the members one representative shall be elected from each revenue districts comes under the purview of the University".

സർ, ഞാൻ ഒരു കാര്യം പറയുകയാണ്. അക്കാഡമിക് ആട്ടോണമിയാകാം. അതിന്റെകൂടെ except financial or managerial autonomy എന്നൊരു വാചകംകൂടി ചേർത്താൽ നിങ്ങൾ പറയുന്ന രീതിയിലാകും. അല്ലെങ്കിൽ പുഷ്പഗിരി പോലുള്ള മാനേജ്മെന്റുകൾക്ക് ഇത് കൊടുത്താൽ അപകടത്തിലാകും.

ശ്രീ ടി. കെ. ബാലൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(99) In item (xb) of section 5 (1) of the Kerala University Act, 1974 proposed to be inserted by clause 2 (b) (ii) insert the words "age and minimum salary" in between the words "qualification" and the words "of teachers".

LIBRARY ARCHIVES Kerala Legislative Assembly

(100) In item (xb) of section 5 of the Kerala University Act, 1974 proposed to be inserted by clause 2 (b) (ii) insert the words "and minimum wages" in between the word "qualification" and "of teachers".

(103) Delete sub-clause (c) of clause 2

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(106) In clause 2 after sub-clause (e) add the following as sub-clause (ea) namely: "(ea) in section 17 under the heading other numbers add the following as (4) and (5) namely:—

"(4) four alumni of the University or the colleges affiliated to the University of which one shall be a Postgraduate degree holder and the other shall be a research degree holder.

(5) six experts who have been conferred degree by the university and who have distinguished themselves in the field of medicine, engineering, science management, Agriculture banking of which one shall be a woman and one shall be from the scheduled castes or scheduled tribes".

(107) In clause 2 after sub clause (c) add the following as sub-clause (cc) namely:— "(cc) in section 17 under the head other members for item (1) substitute the following namely (1) two Principals of higher secondary schools and two teachers of schools situated within the university area nominated by the chancellor".

(108) In clause 2 after sub-clause (c) add the following as sub- clause (cc) namely:— "(cc) in section 17 under the head elected members for item (9) substitute the following namely "two members elected by the members of the non teaching staff of the university from among themselves".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 89, 91 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 90, 109, 111, 116 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 94, 110 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 98, 101, 117, 118 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 99, 100, 103, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 106, 107, 108 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. മത്തായി ചാക്കോ: എന്റെ 96-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

ശ്രീ. എം. വി. ജയരാജൻ: എന്റെ 97-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: 96, 97 എന്നീ നമ്പർ ഭേദഗതികൾക്ക് പോൾ....

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—23

1. ശ്രീ. എ. എ. അസീസ്
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. വി. കെ. ചന്ദ്രൻ
6. ശ്രീ. വി. ചെന്താമരാക്ഷൻ
7. ശ്രീ. ടി. കെ. ദേവകുമാർ
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. എം. വി. ജയരാജൻ
10. ശ്രീ. എം. കുമാരൻ
11. ശ്രീ. കെ. വി. കുഞ്ഞിരാമൻ
12. ശ്രീ. വി. കെ. സി. മമ്മത് കോയ
13. ശ്രീ. മത്തായി ചാക്കോ
14. ശ്രീ. കെ. പി. മോഹനൻ
15. ശ്രീ. എ. സി. മൊയ്തീൻ
16. ശ്രീ. പിരപ്പൻകോട് മുരളി
17. ശ്രീ. സി. കെ. നാണു

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. കെ. രാധാകൃഷ്ണൻ
19. ശ്രീ. ടി. പി. രാമകൃഷ്ണൻ
20. ശ്രീ. സാജു പോൾ
21 ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
22. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
23. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ—42

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ശ്രീ. സി. ടി. അഹമ്മദ് അലി
3. ശ്രീ. എൻ. ഡി. അപ്പച്ചൻ
4. ശ്രീ. കെ. ബാബു
5. ശ്രീ. ബാബു ദിവാകരൻ
6. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
7. ശ്രീ. പി. പി. ജോർജ്
8. ശ്രീ. എം. എം. ഹസ്സൻ
9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
10. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
11. ശ്രീ. കെ. സി. ജോസഫ്
12. ശ്രീ. ജോസഫ് എം. പുതുശ്ശേരി
13. ശ്രീ. പി. ജെ. ജോയി
14. ശ്രീ. ജി. കാർത്തികേയൻ
15. ശ്രീ. ലൂഡി ലൂയിസ്
16. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
17. ശ്രീ. കെ. മോഹൻ കുമാർ
18. ശ്രീ. എ. കെ. മണി
19. ശ്രീ. ആര്യാടൻ മുഹമ്മദ്
20. പ്രൊഫസർ എ. ഡി. മുസ്തഫ
21. ശ്രീ. കെ. നാരായണക്കുറുപ്പ്
22. ശ്രീ. കെ. കെ. ഷാജു
23. ശ്രീ. ഡി. സുഗതൻ
24. ശ്രീ. ഉമ്മൻചാണ്ടി
25. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
26. ശ്രീ. അടൂർ പ്രകാശ്
27. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

28. ശ്രീമതി മാധാ മാഘവൻ
29. ശ്രീ. എം. വി. മാഘവൻ
30. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
31 ശ്രീ. യു. സി. രാമൻ
32 ശ്രീ. തമ്പാനൂർ രവി
33. ശ്രീ. എൻ. ശക്തൻ
34. ശ്രീമതി മാലേത്ത് സരളാദേവി
35. ശ്രീ. വി. ഡി. സതീശൻ
36. പ്രൊഫസർ സാവിത്രി ലക്ഷ്മണൻ
37. ശ്രീ. എൻ. സുന്ദരൻ നാടാർ
38. ശ്രീ. സി. എഫ്. തോമസ്
39. പ്രൊഫസർ കെ. വി. തോമസ്
40. ശ്രീ. പി. ടി. തോമസ്
41. ശ്രീ. എം. എ. വാഹീദ്
42. ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ : ഭേദഗതികളെ

അനുകൂലിക്കുന്നവർ.....23

പ്രതികൂലിക്കുന്നവർ.....42

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതിയും 23-നെതിരെ 42 വോട്ടുകളോടെ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(123) Delete clause 3 sub-clause (a)

(131) In Section 5 (xb) of the Calicut University Act, 1975 proposed to be inserted by clause 3 (b) (ii) insert the words "and minimum wages" in between the words "qualification" and "of teachers".

ക്വാളിഫിക്കേഷൻ ഫിക്സ് ചെയ്യാം എന്നാണ് ഇവിടെ പറയുന്നത്. പക്ഷേ അവർക്കുള്ള മിനിമം വേജസ് എന്താണെന്ന് ഫിക്സ് ചെയ്യാൻ വേണ്ടി പറയുന്നില്ല. പൈസ ഒന്നും കൊടുക്കണ്ട എന്നുള്ളതാണ് ഗവൺമെന്റിന്റെ നയം ക്വാളിഫിക്കേഷൻ

LIBRARY ARCHIVES Kerala Legislative Assembly

മതി എന്നാണ്. അത് പോരാ. അവർക്ക് പൈസയും കൊടുക്കുമെന്ന് ഉറപ്പു വരുത്തുന്ന സ്ഥിതി ഉണ്ടാകണം.

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(124) In Section 2, clause (20), of the Calicut University Act, 1975, proposed to be omitted by clause 3 (a) the following sentence shall be included. "Registered graduates means graduates registered under the provision of the Act and status ".

(126) Delete clause 3 (b) (i).

(138) In Section 17 of the Calicut University Act, 1975, item (2) under the heading "Elected Members " proposed to be omitted by clause 3 (c) shall be included as follows:

Twenty members, not being persons eligible to be elected under item (1) (4) (5) (6) (9) (10) (11) or (12) elected by the registered graduates from among themselves of whom shall be a member of a Scheduled Caste and one shall be a member of a Scheduled Tribe.

(141) Delete clause 3 (e) (i).

(146) In Section 80 of the Calicut University Act, 1975, proposed to be omitted by clause 3 (f), the following shall be included:

Registered graduates (1) All registered graduates of the Calicut University constituted under the Calicut University Act, 1968, shall be deemed to be registered graduates of the University constituted under this Act.

(2) All graduates of the University constituted under this Act and all graduates of any other University residing in the University ever shall be entitled to be registered under the provisions of this Act as graduates of the University constituted under this Act.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(129) In Section 5 of the Calicut University Act, Proposed to be amended by clause 3 (b) (i) after the words "department" the words " except fincancial or managerial autonomy" shall be added.

(133) In section 5, of the Calicut University Act, 1975, proposed to be amended by clause 3 (b) (ii), after item (xa) the following shall be inserted "(xb)-as contained in the provisions of the University statutes".

(134) In Section 5 of the Calicut University Act, 1975, proposed to be amended by clause 3 (b) (ii) after item (xb) the following items shall be inserted:

LIBRARY ARCHIVES Kerala Legislative Assembly

"(xc) the qualification of the teachers shall be fixed as prescribed by the UGC".

(140) Delete sub-clause (d) of clause 3.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(130) In Section 5 (ia) of the Calicut University Act, 1975 proposed to be inserted by clause 3 (b) (i) omit the words "an affiliated college, department of an affiliated college or".

(132) In Section 5 (xb) of the Calicut University Act, 1975 proposed to be inserted by clause 3 (b) (ii) insert the words "age and minimum salary " in between the words "qualification" and "of teachers".

കോളേജുകളിൽ ഇപ്പോൾ ഉള്ള ഒരു പ്രതിഭാസം പറയാം. സ്വാശ്രയ കോളേജുകളിൽ ഇപ്പോൾ എയ്ഡഡ് കോളേജുകൾ നടക്കുകയാണ്. ഒരേ കോംപൗണ്ടിൽ ഒരേ കോളേജിൽ നടക്കുകയാണ്. എം.എസ്.സി.ക്ക് തന്നെ എയ്ഡഡും ഉണ്ട്. സ്വാശ്രയവും ഉണ്ട്. ഒരു ഫീസും വാങ്ങാതെ ഒരു സ്ഥലത്ത് 2000 രൂപ മറ്റു സ്ഥലത്ത് ഫീസ് വാങ്ങുന്നു. ഇതേ രൂപത്തിൽ അഫിലിയേറ്റ് ചെയ്ത ഒരു കോളേജിന് ആട്ടോണമി കൊടുത്താൽ മനസ്സിലാക്കാം. ഒരു കോഴ്സിന് ആട്ടോണമി കൊടുത്തുകഴിഞ്ഞാൽ നാളെ വലിയ പ്രശ്നമാണ് വിദ്യാഭ്യാസരംഗത്ത് ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ഡിപ്പാർട്ടുമെന്റുവൈസ് ആട്ടോണമി കൊടുക്കുന്നത് ഒരു പരിതസ്ഥിതിയിലും അംഗീകരിക്കാൻ പറ്റില്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(136) In the Calicut University Act, 1975, amendment to the Section 17, proposed by clause 3 (c) shall be dropped.

(140) Delete sub-clause (f) of clause 3.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 123, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 124, 126, 138, 141, 146 എന്നീ ഭേദഗതികൾ സഭനിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 129, 133, 134, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 130, 132, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 136, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

4-ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(148) Delete sub-clause (a) of clause 4.

(149) Delete sub-clause (b) (1) of clause 4.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(150) In Section 5 (ia) of the Mahatma Gandhi University Act, proposed to be inserted by clause 4 (b) (i) omit the words "an affiliated college departtment of an affiliated college or".

(151) In Section 5 (ia) of the Mahatma Gandhi University Act, 1985 proposed to be inserted by clause 4 (b) (i) after the words "department" the words "expect Financial or Managerial autonomy" shall be added:

(161) Clause 4(a) the proposed amendment for section 2 clause (22) of the Mahatma Gandhi University Act, 1985 shall be amended as follows:

"2(a) The system of postal ballot shall be avoided for electing candidates from the requested graduates constituency and separate identity cards shall be issued to the members. One representative shall be elected from each revenue districts comes under the purview of the University.

(162) Clause 4 (c). In clause 4 (c) the following shall be substituted.

"(4c) (i) One representative shall be elected to syndicate from the registered graduate Constituecy".

(ii) The experts in the field of Information Technology and Bio-technology shall be elected by the members of the Senate".

Registered graduates-ന്റെ registered constituency ഒഴിവാക്കാനാണ് ഇപ്പോൾ പറഞ്ഞിട്ടുള്ളത്. അവർക്ക് പ്രത്യേക ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തിക്കൊണ്ട് revenue district-wise postal ballot നടത്തി അതിൽ നിന്നും പ്രതിനിധികളെ തെരഞ്ഞെടുക്കണം എന്നതാണ് എന്റെ ഭേദഗതി.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(152) In Section 5 (xb) of the Mahatma Gandhi University Act of 1955 proposed to be amended by clause 4 (b) (ii)

Insert the words "and minimum wages" in between the words "qualification" and "of teachers".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(154) In Section 5 (xb) of the Mahatma Gandhi University Act, 1985 proposed to be amended by caluse 4 (b) (ii) insert the words 'age and minimum salary' in between the words 'qualification' and 'of teacher'.

ഇത് സ്വീകരിക്കാൻ കഴിയും എന്നാണ് തോന്നുന്നത്. കാരണം സ്വാശ്രയ കോളേജുകൾ നടത്തുന്ന അദ്ധ്യാപകേതര നിയമനത്തിൽ അവരുടെ യോഗ്യത മാത്രം പോര. അവരുടെ പ്രായവും മിനിമം ശമ്പളവും നിശ്ചയിക്കുന്ന ഒരു സംവിധാനം കൂടി ചേർക്കണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(155) Delete sub-clause (c) of clause 4.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(157) In Section 59 (1) of the Mahatma Gandhi University Act, 1985 proposed to be inserted by clause 4 (d) the words "subject to approval of Government and"shall be inserted between the words "made only" and "aganist post".

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(160) Delete sub-clause (e) of clause 4.

വിദ്യാഭ്യാസ വകുപ്പുമന്ത്രി: ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഭേദഗതികൾ സ്വീകാര്യമല്ല. കാരണം രജിസ്റ്റേർഡ് ബില്ലുകളെ സംബന്ധിച്ച് നേരത്തേ തീരുമാനിച്ച സാഹചര്യത്തിൽ രണ്ടാമത് അത് resultant ആയ കാര്യമാണ്. അതുകൊണ്ട് ഇത് അംഗീകരിക്കാൻ നിവൃത്തിയില്ല. കാളിഹിക്കേഷന്റെ കാര്യം പറഞ്ഞിട്ടുണ്ട്. വേജസിന്റെ കാര്യം പറയാൻ പറ്റുകയില്ല. അവർക്ക് സ്റ്റാറ്റ്യൂട്ടിന്റെ ഭാഗമായി ചെയ്യാവുന്നതേയുള്ളൂ.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 148, 149 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 150, 151, 161, 162 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(163) Delete sub-clause (b) (1) of clause 5.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(164) In section 5 (ia) of the Kannur University Act, 1996 proposed to be inserted by clause 5 (b) (i) the words "an affiliated college, department of an affiliated college or" shall be delected.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(165) In section 5 (ia) of the Kannur University Act, 1996 proposed to be inserted by clause 5 (b) (i) after the words "departments"; the words "except financial or managerial autonomy" shall be added.

(167) Delete sub-clause (c) of clause 5.

(174) In section 92 of the Kannur University Act, 1996 proposed to be amended by clause 5 (e) shall be recast as follows:

"(e) the syndicate is competent to the appointment of teachers to which UGC have sanctioned staff Strength".

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(166) In the Kannur University Act, 1996 insert the words "age and minimum salary" in between the words "qualification" and "of teachers" in item (b) of section 5 newly inserted by sub-clause (b) (2) of clause 5.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(173) Delete sub-clause (e) of clause 5.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ഇ. ടി. മുഹമ്മദ് ബഷീർ): ഇതിൽ ആദ്യത്തെ സ്റ്റാന്റ് തന്നെയാണുള്ളത്. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 165, 167, 174 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(178) In clause 7 sub clause (1) substitute the words "for a period of six months or till the constitution of senate and syndicate in accordance with the provisions of the Kerala Unversity Act, 1974 and the Calicut University Act, 1975 whichever is earlier shall be reconstituted by the words "Senate and Syndicate in accordance with the provisions of the Kerala Unversity Act, and the Calicut University Act within six months".

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(180) In sub-clause (23) of clause 7 in item (i) under the title "Nominated Members" for the words "a representative" the words "two representatives of which one person belongs to Scheduled Caste or Scheduled Tribe".

യൂണിവേഴ്സിറ്റിയുടെ ടെറിട്ടറി ലിമിറ്റിൽ വരുന്ന പ്രദേശത്ത് രണ്ട് നിയമ സഭാമെമ്പർമാരെ അതിൽ നോമിനേറ്റ് ചെയ്യണം. അതിൽ ഒന്ന് പട്ടികജാതിയായിരിക്കണം. അതാണ് എന്റെ ഭേദഗതി.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(182) Item 2 (iii)) in sub- clause (2) of clause 7 may be recast as follows:—

"(iii) a principal of a government college and a prineipal of an aided college".

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(183) In clause 7 (2) under the title "Nominated member" after item (vi) the following shallbe added as item (vii)".

"A lady member elected from the University Union".

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(184) In clause 7 (2) under the title "Nominated member" after item (7) may be added as follows:

"One representative each from eminent personalities with academic credentials from information technology and bio-technology fields".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): നോമിനേറ്റ് ചെയ്യുന്നതിൽ കോളേജ് ടീച്ചേഴ്സിന്റെ പ്രൊവിഷൻ ഉണ്ട്. അതിൽ പുതുതായി ചേർക്കേണ്ട കാര്യമില്ല. ഭേദഗതി സ്വീകാര്യമല്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും

Sri. M. V. Jayarajan: Sir, I move the following amendments:

(81) Title of the Bill shall be amended follows:

"The University Laws (Amendment for nominated bodies) Act, 2005".

(82) In the last line of the preamble the words "purpose of including nominated bodies" shall be inserted between the words "2001" and "for the"

(85) Sub-clause (2) of clause 1 shall be recast as follows:

"It shall come into force on 1st April, 2005".

(88) Clause 1 (2) shall be amended as follows:

"(2) It shall be deemed to have come into force as and when it is notified in the Government gazette".

Shri. Kodiyeri Balakrishnan : Sir,I move the following amendement:

(83) In clause (2) for the words "on the 6th day of January, 2005" substitute the words "at once".

Smt. P. K. Sreeemathi Teacher: Sir, I move the following amendement:

(86) Sub-clause (2) of clause 1 shall be recast as follows:

"It shall come into force as notified in the Gazette".

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 81, 82, 85, 88 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 83-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 86-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഞാൻ ശക്തമായി എതിർക്കുകയാണ്. ഈ വൈകിയ വേളയിൽ കൂടുതൽ കാര്യങ്ങൾ സംസാരിക്കണമെന്ന് ഉദ്ദേശിക്കുന്നില്ല. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാൻ തന്നെ കാരണം ഈ ഗവൺമെന്റ് സ്വീകരിക്കുന്ന ജനാധിപത്യവിരുദ്ധമായ കാര്യങ്ങൾ തുറന്നുകാണിക്കാനാണ്. അല്ലെങ്കിൽ ഞങ്ങൾക്ക് നേരത്തെതന്നെ ഇവിടുന്ന് ബഹിഷ്കരിച്ചുപോകാനുള്ള എല്ലാ വകുപ്പുകളും ഉണ്ടായിരുന്നു. പക്ഷേ ഈ ഗവൺമെന്റിന്റെ നിലപാടുകളെ തുറന്നുകാണിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഞങ്ങൾ ഇവിടെയിരുന്ന് ഇതിന്റെ ഓരോ പോരായ്മകളും ചൂണ്ടികാണിക്കാൻ തയ്യാറായത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രസംഗത്തോടുകൂടിയാണ് ഇതിന്റെ ഗൗരവം വർദ്ധിപ്പിച്ചിരിക്കുന്നത്. സർ, ഉന്നത വിദ്യാഭ്യാസ രംഗം വിദ്യാഭ്യാസ കച്ചവടക്കാരെ ഏൽപ്പിക്കുക, അതാണ് വിദ്യാഭ്യാസ മന്ത്രി തീരുമാനിച്ചിരിക്കുന്നത്. അദ്ദേഹം പറയുന്നത് സർവ്വകലാശാലയ്ക്ക് ആട്ടോണമി വേണ്ട. എല്ലാം കോളേജുകളെ അങ്ങ് ഏൽപ്പിക്കുക, ഡിപ്പർട്ടുമെന്റുകളെ ഏൽപ്പിക്കുക, അവർ തോന്നുന്നതുപോലെ ചെയ്തു കൊള്ളട്ടെ, അൺ എയിഡ് കോളേജുകൾക്ക് സ്വയംഭരണാവകാശം കൊടുത്തു കൊണ്ട്, ഇവിടെയിപ്പോൾ അൺ എയിഡ് കോളേജുതന്നെ കൊടുത്തിരിക്കുന്നത് പൈസ വാങ്ങിയിട്ടണ് എന്നുള്ള ആക്ഷേപം വന്നു. അങ്ങനെയുള്ള കോളേജുകാർക്ക് സ്വയംഭരണാവകാശംകൂടി കൊടുത്താൽ പൈസ കൊടുത്ത് ഡിഗ്രി കൊടുക്കുന്ന ഒരു സ്റ്റേറ്റായി കേരളം മാറും ഇതിലേക്ക് കേരളത്തെ എത്തിക്കാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ട് ഇവർ ഉദ്ദേശിക്കുന്നത്. ജനാധിപത്യ സ്വഭാവം പൂർണ്ണമായി ഇല്ലാതാക്കി സർവ്വ കലാശാലകളെ സർക്കാർ ഡിപ്പാർട്ടുമെന്റുകളാക്കി മാറ്റിയിരിക്കുകയാണ്. മന്ത്രി നേരത്തെ പ്രസംഗിച്ചപ്പോൾ അത് വ്യക്തമായി പറഞ്ഞു. ഇതൊന്നും സർവ്വകലാശാലയിലെ 15 സിൻഡിക്കേറ്റുകാരല്ല തീരുമാനിക്കേണ്ടത് എന്നുപറഞ്ഞാൽ വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ ഓഫീസിൽ നിന്നാണ് ഇതെല്ലാം ഇനി നാളെ മുതൽ തീരുമാനിക്കാൻ പോകുന്നത് എന്ന് മന്ത്രി ഇവിടത്തെ പ്രസംഗത്തിൽത്തന്നെ വ്യക്തമാക്കിയിരിക്കുകയാണ്. ഈ നോമിനേറ്റഡ് സിൻഡിക്കേറ്റ് ഉണ്ടാക്കിക്കൊണ്ട് ആറ് മാസക്കാലത്തേക്കുള്ള താൽക്കാലിക സംവിധാനമാണ് എന്നാണ് പറയുന്നത്. ആറു മാസം തികയുന്നതിന് മുമ്പ് ഈ ഗവൺമെന്റ് വീണ്ടും ഓർഡിനനൻസ് കൊണ്ടുവന്ന് വീണ്ടും ഇതിന്റെ കാലാവധി നീട്ടിക്കൊണ്ടുപോകും. ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതുവരെ ഇവിടെയിനി സർവ്വകലാശാലകളിലെ സിൻഡിക്കേറ്റിലേക്ക് ഇലക്ഷൻ നടത്താൻ പോകുന്നില്ല. ഈ നോമിനേറ്റഡ് സിൻഡിക്കേറ്റഡിന്റെ കാലാവധി ഈ ഭരണത്തിന്റെ കാലാവധി കഴിയുന്നതുവരെ ഈ സിൻഡിക്കേറ്റ് തന്നെയാണ് ഇവിടെ ഭരിക്കാൻ പോകുന്നത് എന്നുള്ള കാര്യം വ്യക്തമായി കഴിഞ്ഞിരിക്കുകയാണ്. ഇവിടെ ടീച്ചർമാർക്ക്, അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർക്ക് അൺ-എയിഡഡ് കോളേജുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർക്ക് സേവന-വേതന വ്യവസ്ഥ പോലും ഏർപ്പെടുത്താൻ തയ്യാറായില്ല. ഇങ്ങനെ ഒരു നിയമനിർമ്മാണം നടത്തുന്ന ഘട്ടത്തിൽ പോലും സേവന-വേതന വ്യവസ്ഥയെക്കുറിച്ച് മൗനം പാലിക്കുന്ന ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്രം ആടുമാടുകളെപ്പോലെ അവരെക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ജോലി ചെയ്യിപ്പിക്കുകയെന്നതാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഏറ്റവും വലിയ ചൂഷണം നടത്തുന്ന മേഖലയായി കേരളത്തിലെ അൺഎയിഡ് സ്ഥാപനങ്ങളെ ഇന്ന് മാറ്റിയിരിക്കയാണ്. ആ ചൂഷണം നടത്തുന്ന മാനേജമെന്റുകൾക്ക് ഗവൺമെന്റ് കൂട്ടുനിൽക്കുയാണ് ചെയ്യുന്നത്. ഇവിടെ വിദ്യാഭ്യാസമന്ത്രിയുടെ ഒരു പ്രത്യേകത അദ്ദേഹം നല്ല നല്ല കാര്യങ്ങൾ പറയും. നെഹ്റുവിന്റെയും മഹാത്മാഗാന്ധിയുടെയും ക്വട്ടേഷൻ പറയും. എന്നിട്ട് ഗാന്ധിജിയുടേയും നെഹ്റുവിന്റെയും പേരുപറഞ്ഞ് സിൻഡിക്കേറ്റ് പിടിച്ചെടുക്കണം. നെഹ്റു ഒരു സിൻഡിക്കേറ്റും പിടിച്ചെടുത്തിട്ടില്ല. മഹാത്മാഗാന്ധി ഒരു സിൻഡിക്കേറ്റും പിടിച്ചെടുത്ത ആളല്ല. വെറുതെ ഈ മഹാത്മാഗാന്ധിയേയും നെഹ്റുവിയേയും സിൻഡിക്കേറ്റ് പിടിച്ചെടുക്കാൻവേണ്ടി കൂട്ടുപിടിക്കേണ്ട കാര്യമുണ്ടോ. മുഹമ്മദ് ബഷീറേ, എന്തിനാണ് അവരെ വെറുതേ വിട്ടേയ്ക്കു. നിങ്ങൾ ഈ വലിയ വലിയ ആളുകളുടെ പേരും പറഞ്ഞ് കൊണ്ട് സിൻഡിക്കേറ്റ് കൈക്കലാക്കാൻ കാണിക്കുന്ന ഈ വിദ്യ നാട്ടുകാർക്ക് മനസ്സിലാകുന്നില്ല എന്നാണോ വിചാരിക്കുന്നത്. സർ, ഈ കോളേജുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരെ നിയമിക്കുന്ന കാര്യത്തിൽ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി സംവരണത്തെക്കുറിച്ച് പറയുന്ന മന്ത്രിയാണല്ലോ, അങ്ങ് ആ ബില്ലിനകത്ത് ഒരു വകുപ്പ്കിലും എഴുതിച്ചേർത്തോ കേരളത്തിലെ കോളേജുകളിലെ അദ്ധ്യാപകരെ നിയമിക്കുമ്പോൾ സംവരണാവസ്ഥ ബാധകമാക്കണം എന്നൊരു ക്ലോസ് എഴുതിവയ്ക്കാൻ എന്തുകൊണ്ട് മന്ത്രിക്ക് സാധിച്ചില്ല. സർ, നരേന്ദ്രൻ, നരേന്ദ്രനായ നമഃ എന്ന് എപ്പോഴും പറയുന്ന ആളാണ്. മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട രണ്ട് എം. എൽ. എ മാരാണ് ഇപ്പോഴുള്ളത്. ബാക്കി മുസ്ലീം, യു. സി. രാമൻ മുസ്ലീം ആണെന്ന് എനിക്ക് അറിയില്ല. രാമൻ ലീഗിൽ ചേർന്നോ? പണ്ട് രാമന്റെ ഒരു മുട്ടയുടെ കഥയുണ്ട്. അത്. ഞാനിപ്പോൾ പറയുന്നില്ല. തിരുവനന്തപുരത്തുനിന്ന് മുട്ട വരുത്തി കാസർഗോഡ് കൊണ്ടുപോയി വിൽക്കുമെന്ന് പ്രസംഗിച്ച ആളാണ്. ഞാൻ റോഡിൽകൂടി പോകുമ്പോഴൊക്കെ ഈ രാമനെപ്പറ്റി ഓർക്കാറുണ്ട്. രാമൻ എവിടെ, ഇവിടെ സർവ്വസ്ഥലത്തും കുണ്ടും കുഴിയുമാണ്. ആ രാമനും ലീഗിൽ ആണെന്നാണ് ഇപ്പോൾ പറയുന്നത്. ഇവിടെ മുസ്ലീം ലീഗിന്റെ മെമ്പർമാർക്കുപോലും ഈ നിയമ നിർമ്മാണത്തിൽ സഹകരിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. നരേന്ദ്രൻ കമ്മീഷനെപ്പറ്റി പറയുന്ന ലീഗ് ഇവിടെ ഈ ബിൽ അവതരിപ്പിച്ച സമയത്ത് കോളേജുകളിലെ അൺഎയ്ഡ് കോളേജുകളിലേയും എയ്ഡഡ് കോളേജുകളിലേയും അദ്ധ്യാപക നിയമനത്തിൽ സംവരണം വേണമെന്നുള്ള വകുപ്പുപോലും എഴുതി ചേർക്കുന്നതിൽ ബഷീറിനു സാധിച്ചിട്ടില്ല. അത് ഇവിടെ കൊണ്ടുവന്നിരുന്നെങ്കിൽ ഈ വൈകിയ വേളയിൽ ഞങ്ങൾ പൂർണ്ണമായി ബഷീറിനെ പിൻതാങ്ങി ഇവിടെ ഒരു പ്രസംഗം ചെയ്യുമായിരുന്നു. അത് എന്തുകൊണ്ട് അദ്ദേഹത്തിന് ചെയ്യാൻ സാധിച്ചില്ല. ഇന്നലെ ബാലകൃഷ്ണപിള്ള ഇവിടെ പ്രസംഗിച്ചു. സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികളിൽ നിന്ന് വാങ്ങുന്ന ഫീസ്, മെഡിക്കൽ കോളേജുകളിൽ മുപ്പത്തിയഞ്ച് ലക്ഷം രൂപ കോഴ വാങ്ങിക്കൊണ്ടാണ് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതെന്ന് ഭരണകക്ഷിയിലെ ഒരംഗം ഇവിടെ ആക്ഷേപിച്ചു. സുപ്രീം കോടതി വിധി ഇവിടെ നടപ്പാക്കാനുണ്ട് ? സുപ്രീം കോടതിവിധി നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസമന്ത്രി പറയുന്നു അതൊന്നും നോക്കേണ്ട, എല്ലാം കയറൂരി വിട്ടേക്കൂ. തോന്നുന്നതുപോലെ നടക്കട്ടെ ഇവിടെ തമിഴ്നാട് മോഡൽ വേണം ഇവിടെ കർണ്ണാടക മോഡൽ വേണം എന്നുപറഞ്ഞുകൊണ്ട് വിദ്യാഭ്യാസരംഗത്തെ അരാജകത്വത്തിലേക്ക് നയിക്കാനാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ആരൊക്കെയാണ് കൈക്കൂലി വാങ്ങുന്നത്. മീനങ്ങാടി ബിഷപ്പിന്റെയടുത്തുനിന്നുവരെ കൈക്കൂലി വാങ്ങിയിട്ടുണ്ട്. പോപ്പ് തിരുമേനി റോമിൽ ആയതുകൊണ്ട് രക്ഷപ്പെട്ടു. അല്ലെങ്കിൽ അദ്ദേഹത്തിന്റെ യടുത്തുപോലും കൈനീട്ടുകയില്ലേ. ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം പണം, ഇതാണല്ലോ. ഇവിടെ ബി. എഡ്. കോളേജുകൾ കൊടുത്തു (ബഹളം).....

മി. സ്പീക്കർ: പ്ലീസ്, ശ്രീ. ബാലൻ പ്ലീസ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബി. എഡ്. കോളേജ് കൊടുത്തു. മെഡിക്കൽ കോളേജ് കൊടുത്തു. എൻജിനിയറിംഗ് കോളേജ് കൊടുത്തു. ഇവിടെയെല്ലാംതന്നെ കോഴ വാങ്ങുന്നു എന്നുള്ള ആക്ഷേപം വന്നിരിക്കുന്ന സാഹചര്യത്തിൽ കോളേജ് മാനേജുമെന്റിന് ആട്ടോണമസ് പദവി കൂടി കൊടുത്താൽ എന്ത് സംഭവിക്കും ? ഈ കോഴ കൊടുത്ത പണം ഈടാക്കാൻ വേണ്ടി അവർ ഡിഗ്രി കൊടുക്കുമ്പോൾ കോഴ വാങ്ങുമെന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ ? ഇതാണ് കേരളത്തിൽ നാളെ സംഭവിക്കാൻ പോകുന്നത്. ഒരു ബിഷപ്പിനു പോലും കോടതിയിൽ പോയി ഇങ്ങനെ പറയേണ്ടിവരുമെന്ന് പറഞ്ഞാൽ നമ്മുടെ സംസ്ഥാനം എവിടെ എത്തിയിരിക്കുകയാണ്. മുഖ്യമന്ത്രി കൊടുത്ത മൊഴിപോലും കോടതി വിശ്വസിച്ചില്ല. സംഭവിച്ചില്ലേ, നമ്മുടെ കേരളത്തിലാണ് ഇത് സംഭവിച്ചിരിക്കുന്നത്. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗം ഏറ്റവും വലിയ അപകടകരമായ സ്ഥിതിയിലേക്കാണ് പോകുന്നത്.

ശ്രീ. എ. കെ. ബാലൻ: വിജിലൻസ് കോടതിയിൽ ബിഷപ്പ് കൊടുത്ത മൊഴി കളവാണെന്ന് പറഞ്ഞ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി കളവ് പറഞ്ഞു. അത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ബിഷപ്പ് പറഞ്ഞതിന് എതിരായി.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ, ഇവിടെ രാഷ്ട്രീയ സംശുദ്ധിയുള്ള ആളുകളെ വഷളാക്കുന്നതിനുവേണ്ടി ഓരോരുത്തർക്കും ഓരോ നിയോഗമുണ്ട്., ബഹളം ഉണ്ടാക്കുന്നവർക്ക് ബഹളത്തിന്റെ നിയോഗമുണ്ടാകാം പക്ഷേ ഞാൻ പറയുന്നത് സംശുദ്ധ രാഷ്ട്രീയ പശ്ചാതലമുള്ള ആളുകളെ വഷളാക്കുന്നതിനുവേണ്ടിയുള്ള ഒരു സാഹചര്യം, എന്നിട്ട് ഒളിയമ്പെയ്യുക, കോടതി അതിന് സാക്ഷിയായി വരിക. ഇതൊക്കെ വളരെ തെറ്റായ, ഒരിക്കലും ഒരു പൊതു പ്രവർത്തനത്തിന് ഉൾക്കൊള്ളാൻ കഴിയാത്ത നടപടിയാണ്. റൂൾ 307 അതുകൊണ്ട് ഇതുപോലെ ദുരുപധിഷ്ടിതമായ പരാമർശങ്ങൾ രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് പബ്ലിഷ് ചെയ്യുന്നത് അങ്ങ് തടയണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പബ്ലീഷ് ചെയ്യാൻ പത്രക്കാരൊന്നുമില്ല. നമ്മൾ മാത്രമെ ഇപ്പോൾ കേൾക്കുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പത്രക്കാരെന്നു വച്ച് എന്തും പറയാൻ പറ്റില്ല. കോടതി പറയാത്ത കാര്യം പറഞ്ഞു എന്നു പറയുന്നത് മാന്യതയല്ല. സംസാരിക്കാൻ ധാരാളം സമയം തന്നു. ആവശ്യമില്ലാതെ വെറുതെ വയലന്റാകേണ്ട കാര്യമില്ല.

10.00 P. M.]

ശ്രീ കോടിയേരി ബാലകൃഷ്ണൻ: നമ്മുടെ സംസ്ഥാനത്ത് ബി. എഡ്. കേസുമായി ബന്ധപ്പെട്ട് വന്ന വിവാദത്തിന്റെ പേരിൽ മുഖ്യമന്ത്രിപോലും കോടതിയിൽ ഹാജരാകേണ്ടിവന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മൊഴി കോടതി വിശ്വാസ്യതയിൽ എടുത്തില്ല. എടുത്തിരുന്നവെങ്കിൽ ഇങ്ങനെയൊരു കേസ് കോടതി ചാർജ്ജ് ചെയ്യുമായിരുന്നോ ? ബിഷപ്പ് പറഞ്ഞതാണ് കോടതി മുഖവിലയ്ക്കെടുത്തത്. അതിന്റെ വിവാദത്തിലേയ്ക്ക് പോവുകയല്ല. നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖല അഴിമതി വിമുക്തമാക്കണം. അതിന് സഹായകരമായ വിധത്തിലുള്ള ഒരു സമീപനമല്ല ഇപ്പോൾ ഗവൺമെന്റ് സ്വീകരിക്കുന്നത്. വിദ്യാഭ്യാസ കച്ചവടക്കാരെ കയറൂരി വിട്ടിരിക്കുകയാണ്. വിദ്യാഭ്യാസ കച്ചവടക്കാർക്കെല്ലാം സ്വാതന്ത്ര്യം കൊടുത്തു. അവർ കച്ചവടം ചെയ്യുന്നവരാണ്. ഇത് തിരുമാനിക്കുന്നതിനുള്ള തത്വശാസ്ത്രമാണ് യു. ഡി. എഫ്. മുന്നോട്ടു വച്ചിരിക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ അക്ഷരവ്യാപാരികൾക്ക് ഏൽപ്പിച്ചുകൊടുക്കാൻ നമ്മുടെ മന്ത്രി തീരുമാനിച്ചിരിക്കുകയാണ്. ഇതിന് കൂട്ടു നിൽക്കാൻ കഴിയില്ല. അതു കൊണ്ട് ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. എം. എ. ഹസ്സൻ: പ്രതിപക്ഷനേതാവ് ഇന്നില്ലാത്തിനാൽ ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് ഇന്നത്തെ പ്രതിപക്ഷനേതാവ്. എല്ലാ ബില്ലിന്റേയും മൂന്നാം വായനയിൽ നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കോടിയേരി ബാലകൃഷ്ണൻ എന്ന പേരുമാറ്റി ഗീബൽസ് ബാലകൃഷ്ണൻ എന്നാക്കി മാറ്റാൻ ദയവുണ്ടാകണം. നുണകൾ ആവർത്തിച്ച് ആയിരം തവണ അദ്ദേഹം പറഞ്ഞു.....(ബഹളം).....

മി. സ്പീക്കർ: മുഖ്യമന്ത്രി പറയാത്ത കാര്യങ്ങൾ പറഞ്ഞു എന്ന് പറയുന്നതുപോലെതന്നെ പ്രതിപക്ഷനേതാവിനെക്കുറിച്ചും ദുസ്സൂചന അടങ്ങുന്ന പദങ്ങൾ പ്രയോഗിക്കുന്നത് ശരിയല്ല.

ശ്രീ. എം. എം. ഹസ്സൻ: ദുസ്സൂചനയൊന്നും പറഞ്ഞിട്ടില്ല. ഗീബൽസെന്ന പേര് ദുസ്സൂചനയാണോ? ഗീബൽസിന്റെ തന്ത്രമാണ് അദ്ദേഹം എടുത്തത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കോളേജുകളെ പ്രൈവറ്റ് മാനേജുമെന്റുകൾക്ക് തീറെഴുതി കൊടുക്കാൻ പോകുന്നു എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിൽ അർത്ഥമില്ല. അത് തെറ്റിദ്ധാരണയാണ്. കാലം അദ്ദേഹത്തിന്റെ തെറ്റിദ്ധാരണ തിരുത്തുമെന്നാണ് എന്റെ വിശ്വാസം. ഞാൻ ആദ്യം പറഞ്ഞതുപോലെ ഗവൺമെന്റ് ഇൻവെസ്റ്റുമെന്റ് കൂട്ടാൻ പോവുകയാണ്. അതുപോലെതന്നെ നമുക്കുതന്നെ ചെയ്യാൻ കഴിയാത്ത സാഹചര്യംവരുന്ന സമയത്ത് നമ്മുടെ കുട്ടികൾ എവിടെയെങ്കിലും പഠിച്ച് രക്ഷപ്പെടട്ടെ എന്ന് വിചാരിച്ചിട്ടാണ് നിയന്ത്രണത്തിന് വിധേയമായി അൺഎയ്ഡഡ് സെക്ടറിനെ പ്രോൽസാഹിപ്പിക്കുന്നതേയുള്ളു. അവർക്കാവശ്യമുള്ള നിയന്ത്രണങ്ങളും വരുന്നുണ്ട്. അതിൽ തർക്കമില്ല. ഈ വിഷയത്തിൽ അദ്ദേഹം ആ വശം നന്നായി പറയുമെന്നാണ് വിചാരിച്ചത്. പലപ്പോഴും ഈ സഭയിൽ തന്നെ പറഞ്ഞത് മുറുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കടയിലും കോളേജ് നടത്തുന്നു. അതുപോലെ സൗകര്യമുള്ളയിടത്തൊക്കെ കോളേജുകൾ നടത്തുന്നു എന്നൊക്കെയാണ്. ഇതോടുകൂടി അത് അവസാനിക്കാൻ പോകുകയാണ്. യൂണിവേഴ്സിറ്റിക്ക് അധികാരം കിട്ടാൻ പോകുകയാണ്. ഇന്നയിന്ന ഇൻഫ്രാസ്ട്രക്ച്ചറും. ക്വാളിഫിക്കേഷനും ഉണ്ടെങ്കിലേ കോളേജുകൾ നടത്താൻ കഴിയുകയുള്ളൂ എന്നുള്ള ഒരു നിയമമാണിത്.

<u>ശ്രീ. എം. വി. ജയരാജൻ:</u> ആറ് മാസത്തിനകം സെനറ്റിലും സിൻഡിക്കേറ്റിലും തിരഞ്ഞെടുപ്പ് നടത്തുമെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകാൻ കഴിയുമോ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:</u> കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ കോൺസ്റ്റിറ്റ്യൂഷനിൽ നേരത്തെ നടന്ന ഇലക്ഷൻ തന്നെ നടക്കുകയാണ്. ഇനി അവിടെ അദ്ധ്യാപകരുടെ കോൺസ്റ്റിറ്റ്യൂഷനാണ്. അതുകൂടി കഴിയേണ്ട കാര്യമേയുള്ളൂ. ആറ് മാസത്തിനുള്ളിൽ നടത്തും അത് ഞാൻ ഉറപ്പു നൽകുകയാണ്. വറൊരാൾ പറഞ്ഞാൽ മനസ്സിലാകും, യൂണിവേഴ്സിറ്റിയിൽ അപ്പോയിന്റ്മെന്റ് നടത്തുന്നത്. മന്ത്രിക്ക് സ്റ്റോപ്പ് ചെയ്യാൻ കഴിയുമോ? അങ്ങ് എത്ര കാലം സിൻഡിക്കേറ്റിൽ വർക്ക് ചെയ്തിട്ടുണ്ട്.

<u>ശ്രീ. മത്തായി ചാക്കോ:</u> ഇന്നലെ തിരുവന്തപുരത്ത് അങ്ങയുടെ ഓഫീസിൽനിന്നും രജിസ്ട്രാറെ വിളിച്ചു വിരട്ടി. നിയമനം സംബന്ധിച്ച്.

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:</u> നിങ്ങൾ പറയുന്ന കാര്യങ്ങൾ വളരെ വ്യക്തമാണ്. സർക്കാരിൽനിന്നുള്ള ശമ്പളം അംഗീകരിക്കാത്ത പോസ്റ്റിന് കൊടുക്കില്ല. അത് ഞങ്ങൾക്ക് ഗ്യാരന്റി ചെയ്യാൻ പറ്റും. ഗവൺമെന്റ് അത് സാങ്ഷൻ ചെയ്യില്ല. യൂണിവേഴ്സിറ്റിയിൽ എൻ. എസ്. എസ്. കോ-ഓർഡിനേറ്റർ വേണ്ടേ? അതിൽ എന്താ അത്ഭുതം. ഉന്നത വിദ്യാഭ്യാസ രംഗത്തെ കാര്യങ്ങൾ തിരുത്താനുണ്ട്. തിരുത്തി എന്ന് ഞാൻ പറയുന്നില്ല. തിരുത്താൻവേണ്ടി ഉപദേശങ്ങൾ എല്ലാം തന്നെ പ്രേരകമായിട്ടെടുത്തുകൊണ്ട് ആവശ്യമായ തിരുത്തലുകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുത്തുന്നതാണ്. നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വ്യക്തമായ ദിശാബോധം ഉണ്ടാകണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. ഇതുണ്ടാകണമെങ്കിൽ എല്ലാപേരുടേയും സഹകരണം വേണം. ഗവൺമെന്റ് ആഗ്രഹിക്കുന്നത് അതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിവർത്തനത്തിനും നിലവിലുള്ള പ്രതിസന്ധികൾ കഴിയുന്നത്ര പരിഹരിക്കുന്നതിനും സഹകരണം ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. പ്രതിപക്ഷത്തേയും ഇപ്പുറത്തുള്ളവരുടെയും എല്ലാം സഹകരണം ഈ ബിൽ പാസ്സാക്കി തരുന്നതിന് ഉണ്ടാകണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>മി. സ്പീക്കർ :</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു

മി.സ്പീക്കർ : പോൾ.....

അംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ-42

1 ശ്രീ. കളത്തിൽ അബ്ദുള്ള

2 ശ്രീ. സി. ടി. അഹമ്മദ് അലി

3 ശ്രീ. എൻ. ഡി. അപ്പച്ചൻ

4 ശ്രീ. കെ. ബാബു

5 ശ്രീ. ബാബു ദിവാകരൻ

6 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

7. ശ്രീ. പി. പി. ജോർജ്

8. ശ്രീ. എം. എം. ഹസ്സൻ

9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

10. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി

11. ശ്രീ. ഉമ്മൻചാണ്ടി

12. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ

13. ശ്രീ. അടൂർ പ്രകാശ്

14. ശ്രീ. കെ. സി. ജോസഫ്

15. ശ്രീ. ജോസഫ് എം. പുതുശ്ശേരി

16. ശ്രീ. പി. ജെ. ജോയി

17. ശ്രീ. വർക്കല കാഹർ

18. ശ്രീ. ജി. കാർത്തികേയൻ

19. ശ്രീ. ലൂഡി ലൂയിസ്

20. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ

21 ശ്രീ. കെ. മോഹൻ കുമാർ

LIBRARY ARCHIVES Kerala Legislative Assembly

22. ശ്രീ. എ. കെ. മണി
23. പ്രൊഫസർ എ. ഡി. മുസ്തഫ
24. ശ്രീ. കെ. നാരായണക്കുറുപ്പ്
25. ശ്രീ. കെ. കെ. ഷാജു
26. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
27. ശ്രീമതി രാധാ രാഘവൻ
28. ശ്രീ. എം. വി. രാഘവൻ
29. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
30. ശ്രീ. യു. സി. രാമൻ
31 ശ്രീ. തമ്പാനൂർ രവി
32 ശ്രീ. എൻ. ശക്തൻ
33. ശ്രീമതി മാലേത്ത് സരളാദേവി
34. ശ്രീ. വി. ഡി. സതീശൻ
35. പ്രൊഫസർ സാവിത്രി ലക്ഷ്മണൻ
36. ശ്രീ. ഡി. സുഗതൻ
37. ശ്രീ. എൻ. സുന്ദരൻ നാടാർ
38 ശ്രീ. സി. എഫ്. തോമസ്
39. പ്രൊഫസർ കെ. വി. തോമസ്
40. ശ്രീ. പി. ടി. തോമസ്
41. ശ്രീ. എം. എ. വാഹീദ്
42 ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ—23

1. ശ്രീ. എ. എ. അസീസ്
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. വി. കെ. ചന്ദ്രൻ
6. ശ്രീ. വി. ചെന്താമരാക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. ടി. കെ. ദേവകുമാർ

8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ

9. ശ്രീ. എം. വി. ജയരാജൻ

10. ശ്രീ. എം. കുമാരൻ

11. ശ്രീ. കെ. വി. കുഞ്ഞിരാമൻ

12. ശ്രീ. വി. കെ. സി. മമ്മത് കോയ

13. ശ്രീ. മത്തായി ചാക്കോ

14. ശ്രീ. കെ. പി. മോഹനൻ

15. ശ്രീ. എ. സി. മൊയ്തീൻ

16. ശ്രീ. പിരപ്പൻകോട് മുരളി

17. ശ്രീ. സി. കെ. നാണു

18. ശ്രീ. കെ. രാധാകൃഷ്ണൻ

19. ശ്രീ. ടി. പി. രാമകൃഷ്ണൻ

20. ശ്രീ. സാജു പോൾ

21 ശ്രീ. കെ. പി. സതീശ് ചന്ദ്രൻ

22. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

23. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ—42

പ്രതികൂലിക്കുന്നവർ—23

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 മാർച്ച് മാസം 4-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 10.10-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly